# മലങ്കരസഭ

## മാസിക



വി. ദൈവമാതാവിന്റെ വാങ്ങിപ്പ്ആഗസ്റ്റ് 15

വി. മാതാവേ ഞങ്ങൾക്കുവേണ്ടിഅപേക്ഷിക്കണമേ

Inserted by: A Firm Believer U S A

1987
ആഗസ്റ്റ്
ലക്കം 8
പുസ്തകം 42





കുന്നംകുളം മെത്രാസനാധിപൻ പൗലൂസ് മാർ മിലീത്തിയോസ് തിരുമനസ്സിലെ ജർമ്മൻ പര്യടനവേളയിൽ അർമ്മീനിയൻ ഇടവക നൽകിയ സ്വീകരണം. വികാരി ഫാ. യൂസഫ് ഹെർമാൻ, ഫാ. കോര വർഗീസ്, ശ്രീ. പി.എസ്. ജോർജ്കുട്ടി മുതലായവരാണ് സമീപം.




# മലങ്കര സഭ

10–8–1987

## പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ്

### 1987 ജൂലൈ 7 മുതൽ 11 വരെ സമ്മേളിച്ചു

മലങ്കര ഓർത്തഡോക്സ് സഭയുടെ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ 1987 ലെ ദ്വിതീയസമ്മേളനം പ. കാതോലിക്കാബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കോട്ടയം പഴയസെമിനാരിയിലെ സോഫിയാസെന്റർ ചാപ്പലിൽ കൂടി. ജൂലൈ 8–ാം തിയതി ആരംഭിച്ച സുന്നഹദോസ് 10–ാം തീയതി 5 മണിയോടുകൂടി അവസാനിച്ചു.

അഭിവന്ദ്യരായ ദാനിയേൽ മാർ പീലക്സീനോസ്, മത്യൂസ് മാർ കൂറീലോസ്, ഫീലിപ്പോസ് മാർ തെയോഫീലോസ്, തോമസ് മാർ തീമോത്തിയോസ്, ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ജോസഫ് മാർ പക്കോമിയോസ്, സഖറിയ മാർ ദീവന്നാസ്യോസ്, മത്യൂസ് മാർ ബർന്നബാസ്, ഗീവറുഗീസ് മാർ ദീയസ്ക്കോറോസ്, മാത്യൂസ് മാർ എപ്പിപ്പാനിയോസ്, പീലിപ്പോസ് മാർ യൗസേബിയോസ്, തോമസ് മാർ അത്താനാസ്യോസ്, പൗലോസ് മാർ മിലീത്തിയോസ് എന്നീ തിരുമേനിമാർ സുന്നഹദോസ് യോഗങ്ങളിൽ സംബന്ധിച്ചു.

എല്ലാദിവസവും ധ്യാനപ്രസംഗങ്ങളോടു കൂടെയാണ് യോഗം ആരംഭിച്ചത്. 8–ാം തീയതി രാവിലെ 9½ മണിക്ക് പ. ബാവാതിരുമനസ്സുകൊണ്ട് ചെയ്ത അദ്ധ്യക്ഷപ്രസംഗത്തെ തുടർന്ന് മുൻയോഗ മിനിറ്റ്സ് ചർച്ചചെയ്തു പാസ്സാക്കി.

സുന്നഹദോസിന്റെ നേരിട്ടുള്ള ഭരണത്തിലുള്ള B ഷെഡ്യൂളിൽപെട്ട സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും വരവുചെലവുകണക്കുകൾ സംബന്ധിച്ച ചർച്ചകളാണ് പിന്നീട് നടന്നത്. എല്ലാ സ്ഥാപനങ്ങളുടെയും കണക്കുകൾ സുന്നഹദോസ് നിശ്ചയിച്ച ഓഡിററെകൊണ്ടുതന്നെ ഓഡിററു ചെയ്യിക്കണമെന്ന് സുന്നഹദോസ് അഭിപ്രായപ്പെട്ടു. കണക്കുകൾ സുന്നഹദോസ് അംഗീകരിച്ചു.

വൈദികട്രസ്ററിസ്ഥാനത്തേക്കും മേല്പട്ടസ്ഥാനത്തേക്കും തെരഞ്ഞെടുപ്പു നടത്തുന്നതിന് മലങ്കര അസോസ്യേഷൻ 1987 ഡിസംബർ 29–ാം തീയതി കൂടണമെന്നുള്ള സഭാമാനേജിംഗ് കമ്മററിയുടെ തീരുമാനവും സുന്നഹദോസ് അംഗീകരിച്ചു.

### ഈ ലക്കത്തിൽ


* പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ്
* ധ്യാനപംക്തി
* 'ആ ഗലീലക്കാർ ഇതു് അനുഭവിക്കയാൽ....
* നിയന്ത്രണങ്ങളിൽകൂടി നേടിയ ശിക്ഷണബോധം
* മലങ്കര നസ്രാണികളും ജാതിത്തലവന്മാരും
* നമ്മുടെ കർത്താവിനെക്കുറിച്ച് വി. ബൈബിളിന് വെളിയിൽനിന്ന്
* യേശുനാഥന്റെ പൂന്തോട്ടം
* വ്യക്തിത്വ വികസനം വിദ്യാഭ്യാസ സമ്പ്രദായത്തിനാവശ്യം
* മൈക്കിൾ ഹാച്ചർ ഓർത്തഡോക്സ് പുരോഹിതനായി
* സഭയുടെ സമഗ്രവികസനം അനിവാര്യം
* 'താരക'യിലെ നിരൂപണത്തിന് ഒരു പ്രത്യാഖ്യാനം
* എന്റെ സങ്കേതം
* സഭാവാർത്തകൾ
* ബൈബിൾപഠനം

1987 ജൂലൈ 7–ാം തീയതി കൂടിയ മാനേജിംഗ് കമ്മററി പാസ്സാക്കിയ (മാനേജിങ്ങ് കമ്മററി തീരുമാനങ്ങൾ 23–ാം പേജിൽ) സഭയുടെ വികസനം സംബന്ധിച്ച പ്രവർത്തനങ്ങൾക്കായുള്ള പദ്ധതികൾ സുന്നഹദോസ് അംഗീകരിച്ചു.

**വേദവായനക്കുറിപ്പ്:**

സുന്നഹദോസ് നിശ്ചയമനുസരിച്ച് മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ തയ്യാറാക്കിയതും മാർ പക്കോമിയോസ്, മാർ ദീവന്നാസ്യോസ് എന്നീ മെത്രാപ്പോലീത്തന്മാർ പരിശോധിച്ചതുമായ സഭയിലെ ആണ്ടടക്കമുള്ള വേദവായനക്കുറിപ്പിന്റെ പരിഷ്ക്കരിച്ച പതിപ്പ് സുന്നഹദോസ് അംഗീകരിച്ചു. 1988 (കൂദോശ് ഈത്തോ) മുതൽ ഈ വേദവായന കുറിപ്പ് ഉപയോഗിക്കത്തക്കവണ്ണം പെസ്ഗോമോകൾ കൂടെ ചേർത്ത് പ്രസിദ്ധപ്പെടുത്തണമെന്നും തീരുമാനിച്ചു.

പുതിയ വേദവായനക്കുറിപ്പ് അനുസരിച്ചുള്ള വായനപ്പടി എവൻഗേലിയോൻ തയ്യാറാക്കുന്നതിന് ബർന്നബാസ് മെത്രാപ്പോലീത്തായെ സഹായിക്കുന്നതിന് ഫാ. റി. ജെ. ജോഷ്വാ, ഫാ. ജോൺസ് ഏബ്രഹാം, ഡീക്കൻ കെ. എ. ജോർജജ് എന്നിവരെ ചുമതലപ്പെടുത്തി. അതേത്തുടർന്ന് ഓരോ ദിവസത്തെയും പഴയനിയമം വായനകളുടെയും പുതിയനിയമം വായനകളുടെയും പ്രത്യേകം പ്രത്യേകം വായനപ്പടികളും തയ്യാറാക്കണമെന്ന് സുന്നഹദോസ് അഭിപ്രായപ്പെട്ടു.

**കാത്തിരിപ്പിന്റെ പ്രാർത്ഥന:**

സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കോസ്തിവരെയുള്ള കാത്തിരിപ്പിന്റെ ദിവസങ്ങളിൽ ഉപയോഗിക്കുന്നതിനു തയ്യാറാക്കിയ പ്രത്യേക പ്രാർത്ഥനാക്രമം സംബന്ധിച്ച് സുന്നഹദോസ് ചർച്ചചെയ്യുകയും അതു പൂർണ്ണരൂപം ആക്കി അടുത്തവർഷം മുതൽ ഉപയോഗിക്കത്തക്കവണ്ണം പ്രസിദ്ധപ്പെടുത്തത്തക്കവണ്ണം ആവശ്യമായ നിർദ്ദേശങ്ങൾ സുന്നഹദോസ് നൽകുകയും അതനുസരിച്ചു ചെയ്യുന്നതിന് മാർ പക്കോമിയോസ്, മാർ ബർന്നബാസ് എന്നീ തിരുമേനിമാരെ ചുമതലപ്പെടുത്തുകയും ചെയ്തു.

**പ്രതിഷ്ഠാശുശ്രൂഷ:**

12 വയസ്സുപൂർത്തിയായ കുട്ടികളുടെ സഭാപ്രതിഷ്ഠാകർമ്മം നടത്തുന്നതിന് പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ തയ്യാറാക്കിയ ക്രമം സുന്നഹദോസ് അംഗീകരിക്കുകയും ഉടനെതന്നെ അതു അച്ചടിച്ച് പള്ളികൾക്ക് അയച്ചുകൊടുത്ത് പ്രായോഗികമാക്കുന്നതിനു തീരുമാനിക്കുകയും ചെയ്തു.

**ശമ്പളഏകീകരണം:**

പട്ടക്കാരുടെ ശമ്പളം ഏകീകരിക്കുന്നതിന് ഏകാംഗകമ്മീഷനായി മുൻസുന്നഹദോസ് നിശ്ചയിച്ച തോമസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ തയ്യാറാക്കിയ റിപ്പോർട്ട് സുന്നഹദോസ് ചർച്ച ചെയ്തു. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അടുത്ത മാനേജിംഗ് കമ്മററിയിൽ സമർപ്പിച്ച് അഭിപ്രായമറിഞ്ഞ് സമ്മതം വാങ്ങി അടുത്ത സുന്നഹദോസിന്റെ അംഗീകാരത്തോടുകൂടി നടപ്പാക്കണമെന്നു നിശ്ചയിച്ചു.

**സെ. പോൾസ് മിഷൻ ഭരണഘടന:**

സെ. പോൾസ് മിഷൻ കേന്ദ്രത്തിന്റെ ഭരണഘടന മിഷ്യൻ പ്രസിഡന്റ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ വായിച്ചു. ഓരോ ക്ലോസും ചർച്ചചെയ്തു ആവശ്യമായ ഭേദഗതികളോടെ ഭരണഘടന അംഗീകരിച്ചു.

**സണ്ടേസ്ക്കൂൾ ഭരണഘടന:**

സണ്ടേസ്ക്കൂൾ ഭരണഘടനാഭേദഗതികൾ സംബന്ധിച്ച് പഠിച്ചുറിപ്പോർട്ടു ചെയ്യുന്നതിന് മുൻസുന്നഹദോസ് നിയമിച്ച കമ്മീഷൻ സണ്ടേസ്ക്കൂൾ അസോസ്യേഷന്റെ സുഗമമായ നടത്തിപ്പിന് ഭരണഘടനഭേദഗതിചെയ്യേണ്ടതു് ആവശ്യമാണെന്ന് റിപ്പോർട്ടു ചെയ്തു. എന്നാൽ OVBS പ്രവർത്തനങ്ങൾ സംബന്ധിച്ചകാര്യങ്ങളും ഭേദഗതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ OVBS പ്രവർത്തകരുടെ കൂടെ അഭിപ്രായം കണക്കിലെടുത്ത് അവരെക്കൂടി സഹകരിപ്പിച്ച് ഭരണഘടനാഭേദഗതികൾ വരുത്തുന്നതാണ് നല്ലതെന്നും ആയതിലേക്ക് ഇപ്പോൾ ഭേദഗതികൾ വരുത്തി തയ്യാറാക്കി അംഗീകാരത്തിനു സമർപ്പിച്ചിട്ടുള്ള ഭരണഘടന തിരികെ അയക്കേണ്ടതാണെന്നും പുതിയ ഭരണഘടന അംഗീകരിക്കുന്നതുവരെ നിലവിലിരിക്കുന്ന ഭരണഘടന അനുസരിച്ച് കാര്യങ്ങൾ നടത്തേണ്ടതാണെന്നും തീരുമാനിച്ചു.



**പ്രാർത്ഥനായോഗങ്ങളുടെ നിയമാവലി:**

സഭയിലെ പ്രാർത്ഥനായോഗങ്ങൾക്ക് ഏകീകൃതമായ ഒരു നിയമാവലി തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്ന തോമസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ തയ്യാറാക്കിയ നിയമാവലി അദ്ദേഹം വായിച്ചു. ചർച്ചകൾക്കുശേഷം അതു് സുന്നഹദോസ് അംഗീകരിച്ചു.

**സഹസ്രാബ്ദി ആഘോഷം:**

റഷ്യൻ ഓർത്തഡോക്സ്സഭ അതിന്റെ സഹസ്രാബ്ദി ആഘോഷിക്കുന്ന അവസരത്തിൽ നമ്മുടെ സഭയിലും അതു് ആഘോഷിക്കുന്നതുനന്നായിരിക്കുമെന്നുള്ള ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അയച്ച കത്ത് സുന്നഹദോസ് പരിഗണിച്ചു. 1987 നവംബർ 2–ാം തീയതി പരുമല സെമിനാരിയിൽ ഇതിനോടനുബന്ധിച്ച് ഒരു പൊതു സമ്മേളനം നടത്തണമെന്നും അതിലേക്ക് റഷ്യൻ സഭാപ്രതിനിധികളെ ക്ഷണിക്കണമെന്നും നിശ്ചയിച്ചു. അതിന്റെ നടത്തിപ്പിന് മാർ ഗ്രീഗോറിയോസ്, മാർ ഒസ്താത്തിയോസ്, മാർ അത്താനാസ്യോസ് എന്നീ തിരുമേനിമാരെ ഒരു കമ്മററിയായി ചുമതലപ്പെടുത്തി.

**പ്രതിനിധിസംഘം:**

നാഷനൽ ക്രിസ്ത്യൻ കൗൺസിലിന്റെ 1987 ഡിസംബർ 28 ജനവരി 1 വരെ നടക്കുന്ന അസംബ്ളിയിൽ സഭയെ പ്രതിനിധീകരിച്ച് സംബന്ധിക്കുന്നതിന് മാർ ഒസ്താത്തിയോസ്, മാർ ദീവന്നാസ്യോസ് എന്നീമെത്രാപ്പോലീത്താന്മാരെ നിശ്ചയിച്ചു.

**C. C. A.**

ക്രിസ്ത്യൻ കൗൺസിൽ ഓഫ് ഏഷ്യായുടെ 1987 ഒക്ടോബർ 11 മുതൽ നവംബർ 7 വരെ പാക്കിസ്ഥാനിൽ വച്ചു നടക്കുന്ന A. E. C. സമ്മേളനത്തിലേക്ക് പ്രതിനിധികളായി ഫാ. എം. എസ്. ജോൺ, ഫാ. വി. എം. ജയിംസ്, മി. പി. ഓ. ജോൺ മാത്യു, എന്നിവരടങ്ങിയ ഒരു പാനൽ അയക്കണമെന്നു നിശ്ചയിച്ചു.

**പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ്:**

പഴയസെമിനാരിസ്ഥാപകൻ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ പരിശുദ്ധനായി പ്രഖ്യാപിക്കണമെന്നുള്ള കുന്നംകുളം ഭദ്രാസനയോഗനിശ്ചയമനുസരിച്ച് അതേപ്പററിപഠിച്ചു സുന്നഹദോസിൽ റിപ്പോർട്ടു സമർപ്പിക്കുന്നതിന് മിലിത്തിയോസ് എപ്പിസ്കോപ്പായെ ചുമതലപ്പെടുത്തി.

**ഉൽക്കണ്ഠ:**

പഞ്ചാബ്, ഹരിയാന മുതലായ പ്രദേശങ്ങളിൽ നടക്കുന്ന ഭീകര പ്രവർത്തനങ്ങളിൽ സുന്നഹദോസിനുള്ള ഉത്കണ്ഠ രേഖപ്പെടുത്തിക്കൊണ്ടും സമാധാനത്തിനും സമുദായമൈത്രിക്കും വേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെന്ന് ഓർപ്പിച്ചുകൊണ്ടുമുള്ള പ്രമേയം സുന്നഹദോസ് പാസാക്കി അധികാരസ്ഥാനങ്ങളിൽ അയച്ചുകൊടുത്തു.

**E. S. S. Society:**

സഭയിൽ ആരംഭിച്ചിട്ടുള്ള Educational and Social Service Society യുടെ പ്രവർത്തനങ്ങൾ എല്ലാ ഭദ്രാസനങ്ങളിലും കഴിയുന്നതു തുടങ്ങണമെന്നും, സൊസൈററിയിലേക്ക് കൂടുതൽ അംഗങ്ങളെ ചേർക്കണമെന്നും ഇതിന്റെ പ്രചരണത്തിനായി ഭദ്രാസനതലത്തിൽ യോഗം ചേരണമെന്നും തീരുമാനിച്ചു.

പ. ബാവാതിരുമനസ്സിലെ ഉപസംഹാരപ്രസംഗത്തിൽ സുന്നഹദോസ് ഭംഗിയായി നടന്നതിൽ ദൈവത്തെ സ്തുതിക്കുകയും മെത്രാപ്പോലീത്തന്മാരുടെ സഹകരണത്തിന് കൃതജ്ഞതയും സന്തോഷവും രേഖപ്പെടുത്തുകയും ചെയ്തു.

നിയുക്ത കാതോലിക്ക മത്യൂസ് മാർ കൂറീലോസ് തിരുമേനി കൃതജ്ഞത പ്രകാശിച്ചു. പ്രാർത്ഥനയോടുകൂടി 10–ാം തീയതി വെള്ളിയാഴ്ച 5 മണിക്ക് സുന്നഹദോസ് പര്യവസാനിച്ചു.

ധ്യാന പംക്തി

# വരൂ, വരൂ, തിരികെ വരൂ!

ഫാദർ ലാസ്സറസ് ഒ. ഐ. സി.

**'രൂഥ് മോവാബുദേശംവിട്ടു മടങ്ങിപ്പോകുവാൻ തന്റെ മരുമക്കളോടുകൂടി പുറപ്പെട്ടു' 1: 6**

ദൈവത്തിൽനിന്ന് ഓടിയകലുന്ന ആത്മാവ് അരിശത്തിന്റെ അടികളേററ് വേദനയിൽ പിടയുന്ന രംഗത്തോടു കൂടിയാണ് രൂഥിന്റെ കഥയുടെ ആദ്യഭാഗം നാം ദർശിച്ചത്. എന്നാൽ പശ്ചാത്താപനിർഭരമായ ഹൃദയത്തോടും കലങ്ങിച്ചുവന്ന കണ്ണുകളോടുംകൂടി ബത്ലഹേമിനെ ലക്ഷ്യമാക്കി മടങ്ങി നടന്നുവരുന്ന നവോമിയെ കാണിച്ചുകൊണ്ട് ആറാം വാക്യത്തിൽ വീണ്ടും കർട്ടനുയരുന്നു.

'എന്റെ അടുക്കൽ വരുന്നവന് വിശക്കുകയില്ല, എന്നിൽ വിശ്വസിക്കുന്നവന് ഒരുനാളും ദാഹിക്കുകയുമില്ല' (യോഹ. 6: 35) എന്ന് അരുളിച്ചെയ്യവൻ ബേത്ലഹേമിൽ തന്റെ ജനത്തെ സന്ദർശിച്ച വിവരം നവോമി അറിഞ്ഞു. അവരു പുറജാതികളുടെ നാടായ മോവാബിൽനിന്നും എഴുന്നേററ് തിരിച്ചോടുകയാണ്. അപ്പംകൊണ്ട് തന്റെ ജനത്തെ യഹോവ സന്ദർശിക്കുന്നത് കാണുവോളവും ബത്ലഹേമിൽ താമസിക്കുവാൻ നവോമി! നിനക്കു് അന്ന് കഴിഞ്ഞില്ലല്ലോ. ഇത്രയും നാരു ക്ഷമിച്ചിരിക്കാൻ കഴിയാഞ്ഞ നീ എന്തെല്ലാം വേദനകരം സഹിച്ചിട്ടാണ് ഇന്ന് തിരിച്ചുവരുന്നത്. നിന്റെ ഭർത്താവും നിന്റെ ഓമന മക്കളും നിന്റെ സ്വത്തും എല്ലാം നഷ്ടപ്പെട്ടവളായി നീ ഇന്ന് തിരിച്ചുവരേണ്ടതായി വന്നല്ലോ. നവോമി! ദൈവത്തിൽനിന്നും അകന്നുപോകുന്ന ഏതൊരാരാക്കും നിന്റെ കഥ ഒരു മുന്നറിയിപ്പാണ്. ഈ സമയത്തെങ്കിലും തിരിച്ചുവരുവാൻ നീ തീരുമാനിച്ചതു് അഭിനന്ദനീയം തന്നെ.'22–ാം മണിനേരത്തും തിരിച്ചുവരുന്ന പാപിയെ സ്വീകരിക്കുവാൻ ദൈവം കരുണയോടു കാത്തിരിക്കുന്നു. ജീവിതസായാഹ്നത്തിൽ മനംതിരിഞ്ഞ വലതുഭാഗത്തെ കള്ളനോടും അവൻ കരുണചെയ്യവനാണ്. മഗ്ദലനയിലെ മറിയാമും ചുങ്കക്കാരൻ സക്കായിയും കു്നായക്കാരിയും ശമറായക്കാരിയും, സാക്ഷികളുടെ വലിയ ഒരു സമൂഹം 'നിന്റെ കർത്താവു് കരുണ നിറഞ്ഞവനാകകൊണ്ട് അവന്റെ അടുത്തുചെന്ന് അനുഗ്രഹത്തെ പ്രാപിച്ചുകൊള്ളുക' എന്നു പറയുന്നു. ഒരു കാലത്ത് പിന്മാററക്കാരനായി താന്തോന്നിയായി ജീവിച്ചശേഷം ദൈവത്തിന്റെ കരുണയുള്ള കരങ്ങളിൽ വന്നെത്തിയവനായ വലിയ വിശുദ്ധനായ ആഗസ്തീനോസ് ഭൂതകാലത്തിലേക്കു കണ്ണുനട്ടുകൊണ്ട് വിലപിക്കുന്നതു് കേട്ടാലും.

'ഹാ എന്റെ ദൈവമേ! അന്നു ഞാൻ മരിച്ചിരുന്നെങ്കിൽ എന്റെ ആത്മാവ് എവിടെ ആകുമായിരുന്നു? എന്നാൽ അന്നും എന്റെ അമ്മയുടെ പ്രാർത്ഥന തന്നെ എന്നെ രക്ഷിച്ചു. എന്റെ പാപസമ്പൂർണ്ണതയിൽ ലോകവാസം ഉപേക്ഷിപ്പാൻ അവിടുന്ന് എന്നെ അനുവദിച്ചില്ല. അഥവാ അങ്ങനെ സംഭവിച്ചിരുന്നെങ്കിൽ എന്റെ അമ്മയുടെ ഹൃദയത്തിൽ ശാന്തത എങ്ങനെ ഉണ്ടാകുമായിരുന്നു.'

സ്നേഹമായ യേശുവിനെ നേരത്തേ സ്നേഹിക്കുവാൻ കഴിയാഞ്ഞതിനെ ഓർത്തു് വീണ്ടും അദ്ദേഹം വിലപിക്കുന്നു. 'ഓ! നിർമ്മല സൗന്ദര്യമേ! നിന്നെ സ്നേഹിപ്പാൻ ഞാൻ താമസിച്ചുപോയി. നീ എന്റെ ഉള്ളിലിരിക്കുമ്പോരു ഞാൻ നിന്നെ പുറമെ തേടുകയായിരുന്നു. നിത്യസൗന്ദര്യമായ നീ എന്നിൽ വസിച്ചപ്പോരു നിന്റെ സൃഷ്ടിയുടെ സൗന്ദര്യത്തിന്റെ പിന്നാലെ ഞാൻ പരക്കംപായുകയായിരുന്നു. നശിച്ചുപോകുന്ന ഈ ലോകസൗന്ദര്യങ്ങരു നിന്നിൽനിന്നും എന്നെ ഇത്രയുംനാരു അകററിനിർത്തിയിരുന്നു. ഇന്ന് ഞാനിതാ നിന്നെ രുചിച്ചിരിക്കുന്നു. ഇന്നു നിനക്കായി ഞാൻ ദാഹിക്കുന്നു.' ദാവീദുരാജാവ് സങ്കീർത്തനത്തിൽ പാടിപ്പറഞ്ഞതുപോലെ, 'എന്റെ ദൈവമേ നീ എന്റെ ദൈവമാകുന്നു. ദാഹിച്ചും വരണ്ടും വെള്ളത്തിനായി ആഗ്രഹിക്കുന്ന ഭൂമിപോലെ എന്റെ ആത്മാവ് നിനക്കായി ദാഹിക്കുന്നു.'

(ശേഷം 35–ാം പേജിൽ)



# 'ആ ഗലീലക്കാർ ഇത് അനുഭവിക്കയാൽ, അവർ എല്ലാ ഗലീലക്കാരിലും പാപികളായിരുന്നു എന്നു തോന്നുന്നുവോ' (വി. ലൂക്കോ. 13: 2)

പീലാത്തോസ് ചില ഗലീലക്കാരുടെ രക്തം യാഗരക്തത്തോടു കലർത്തിയെന്ന വർത്തമാനം ചിലർ കർത്താവിനോടു് പറഞ്ഞപ്പോരു, താൻ ചോദിച്ച ചോദ്യമാണിതു്. നമുക്കും നമ്മുടെ പ്രിയപ്പെട്ടവർക്കും എന്തെങ്കിലും രോഗമോ, ധനനഷ്ടമോ, അപകടമരണമോ ഉണ്ടാകുമ്പോരു നാം അത്ഭുതപ്പെടാറുണ്ട്, സംശയിക്കാറുണ്ട്. 'എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചു? നമ്മുടെ ആരുടെയെങ്കിലും പാപം കൊണ്ടാണോ?' എന്ന്. താരതമ്യേന നന്നായി ജീവിക്കുന്നവർക്കു് ആപത്തു് വരുമ്പോഴും, കുടുംബത്തിലെ ഏവരുടെയും ആശ്രയമായ ആരു അപ്രതീക്ഷിതമായി മരിക്കുമ്പോഴും ഈ ചോദ്യത്തിന്റെ തീവ്രത വർദ്ധിക്കുന്നു. അപ്പോരു അവരെ ആശ്വസിപ്പിക്കത്തക്ക ഒരു വാക്കു് പറയുവാൻ, ഒരു പ്രസംഗം പറയുവാൻ, വളരെ പ്രയാസം വരുന്നു. ചിലർ ദൈവത്തെ കുററപ്പെടുത്തി പറയും. അതിനാൽ പാപത്തിന്റെ ശിക്ഷയായിട്ടാണോ കഷ്ടത വരുന്നതെന്ന് പരിശോധിക്കാം.

## 1. കഷ്ടതയും പാപവും തമ്മിലുള്ള ബന്ധം

ആദാമിന്റെ പാപത്തോടു കൂടിയാണ് ലോകത്തിൽ കഷ്ടത ആരംഭിച്ചതെന്ന് സഭാപിതാക്കന്മാർ പറയുന്നു. എന്നാൽ ഏതെങ്കിലും പ്രത്യേക പാപത്തിന്റെ പ്രതിപകരമായി ദൈവം കൊടുക്കുന്ന ശിക്ഷയല്ല കഷ്ടതയെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

കുറെ ഗലീലക്കാർ കൊല്ലപ്പെട്ടതിനെക്കുറിച്ച്, ദൈവം അനുവദിക്കാതെ ആർക്കും ആരെയും ഉപദ്രവിക്കുവാൻ സാധിക്കയില്ലല്ലൊ എന്നും ദൈവം അവരെ കൊല്ലപ്പെടുവാൻ അനുവദിച്ചതു് അവരുടെ പ്രത്യേക പാപം കൊണ്ടാണൊ എന്നും അവർ മററുള്ളവരെക്കാരു കൂടുതൽ പാപികളായിരുന്നിട്ടാണോ എന്നും ചോദ്യമുണ്ടാകാം. അതുകൊണ്ട് കർത്താവു് തന്നെ ഈ ചോദ്യം ചോദിക്കുകയായിരുന്നു. മറുപടിയായി 'അല്ലല്ല' എന്ന് കർത്താവുതന്നെ പറയുകയും ചെയ്തു. ഇതിന്റെ അർത്ഥം നമുക്കും കഷ്ടതകരു വരുന്നതു് നമ്മുടെ പ്രത്യേക പാപം കൊണ്ടായിരിക്കണമെന്നില്ല; നമ്മുടെ പാപത്തിന്റെ കൂടുതൽ കൊണ്ടായിരിക്കണമെന്നുമില്ല എന്നാണ്. അതിനാൽ കഷ്ടതയുടെ അവസരത്തിൽ കൂടുതലായ അപരാധബോധം ആർക്കും ഉണ്ടാകേണ്ടതില്ല. ഈ സത്യം ഉറപ്പിക്കുന്ന മററു വേദസാക്ഷ്യങ്ങളും പരിശോധിക്കാം.

'അവൻ ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും, നീതിമാന്മാരുടെ മേലും നീതി കെട്ടവരുടെ മേലും മഴ പെയ്യിക്കുകയും ചെയ്യുന്നവല്ലൊ' (വി. മത്താ. 5: 45) എന്ന് കർത്താവ് പറയുന്നതിനാൽ പാപികളെ നശിപ്പിക്കുന്നവനല്ല ദൈവം എന്ന് മനസ്സിലാക്കണം. [redacted]

## മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ

[redacted]. ദൈവശിക്ഷയുണ്ടാകുമെന്ന് ഭയപ്പെടുത്തിയല്ല പാപത്തിൽനിന്ന് മനുഷ്യരെ പിന്തിരിപ്പിക്കേണ്ടതു്. പാപത്താൽ നാം സ്വയം നശിക്കുമെന്നും നമ്മെ സ്നേഹിക്കുന്ന ദൈവത്തിന് അത് ഹൃദയഭേദകമാണെന്നുമുള്ള ചിന്തയാണ് നമ്മെ മാനസാന്തരപ്പെടുത്തേണ്ടതു്.

മനുഷ്യർ സ്വന്തം കുററംകൊണ്ട് ചിലപ്പോരു കഷ്ടതകരു വരുത്തിക്കൂട്ടും. അതിന് ദൈവം ഉത്തരവാദിയല്ല. മനുഷ്യരുടെ ശ്രദ്ധക്കുറവുകൊണ്ടും സൂക്ഷ്മതക്കുറവുകൊണ്ടും പ്രകൃതിനിയമങ്ങരു പാലിക്കാത്തതിനാലും സ്വാർത്ഥതകൊണ്ടും പ്രതികാരബുദ്ധികൊണ്ടും കഷ്ടത വരുത്തിക്കൂട്ടാറുണ്ട്. മദ്യപാനം, മയക്കുമരുന്ന്, പുകവലി ഇവകൊണ്ട് ഒരു ഗുണവുമില്ലെന്നും പലവിധ അസുഖങ്ങരുക്കു് കാരണമാകുമെന്നും ചിലർക്കു് തീരാരോഗങ്ങരു ഉണ്ടാകുമെന്നും അറിഞ്ഞിട്ടും താൽക്കാലികമായ ചില അനുഭൂതിയെക്കരുതി ഇവയ്ക്കു് അടിമയായിത്തീർന്ന് കഷ്ടത വരുത്തിക്കൂട്ടിയാൽ ദൈവം അതിന് ഉത്തരവാദിയല്ല.

**മദ്ധ്യസ്ഥതയാലുളള ഉപകാരസ്മരണയ്ക്ക്**



**ററി. എ. ഐപ്പും കുടുംബവും, പത്തനാപുരം.**



തെററായ പ്രവർത്തനങ്ങൾകൊണ്ട് നാം സ്വയം നാശം വരുത്തിയാലും ദൈവം നമ്മെ സഹായിക്കുവാൻ വരും. [redacted]

മനുഷ്യന്റെ പാപംകൊണ്ട് കഷ്ടത വരുത്തിക്കൂട്ടിയതിന് ഒരു ഉദാഹരണം വേദപുസ്തകത്തിൽ കാണാം. മുപ്പത്തെട്ടു കൊല്ലം തളർന്നുകിടന്ന മനുഷ്യന് സൗഖ്യം കൊടുത്തതിനുശേഷം കർത്താവ് പറഞ്ഞു, 'നോക്കു, നിനക്ക് സൗഖ്യമായല്ലോ. അധികം തിന്മയായതു് ഭവിക്കാതിരിപ്പാൻ ഇനി പാപം ചെയ്യരുതു്' (വി. യോഹ. 5: 14) എന്ന്.

## 2. പാപംകൊണ്ടല്ലാതെ ഉണ്ടാകുന്ന കഷ്ടതകൾക്ക് ഉദാഹരണങ്ങൾ

പ്രത്യേക പാപം ചെയ്തിട്ടല്ലാതെ കഷ്ടത സഹിക്കേണ്ടതായി വന്നതിന് പല ഉദാഹരണങ്ങളും വേദപുസ്തകത്തിൽനിന്ന് പറയാവുന്നതാണ്.

1. ഗലീലക്കാരുടെ കാര്യം പറഞ്ഞല്ലോ.

2. ശീലോഹാമിലെ ഗോപുരം വീണ് 18 പേർ മരിച്ചുപോയ കാര്യം കർത്താവ് ഇതിനെ തുടർന്ന് പറയുകയും, ആ മരിച്ചുപോയവർ യറുശലേമിലുണ്ടായിരുന്ന മറെറല്ലാ മനുഷ്യരെക്കാളും പാപികളായിരുന്നോ എന്ന് ചോദിക്കുകയും ചെയ്തു. അതിനു 'അല്ലല്ല' എന്ന് കർത്താവ് മറുപടി നൽകി (വി. ലൂക്കോ. 13: 4, 5).

3. 'ഇവൻ കുരുടനായി ജനിക്കത്തക്കവണ്ണം ആരു് പാപം ചെയ്തു? ഇവനോ ഇവന്റെ അമ്മയപ്പന്മാരോ?' എന്നു ശിഷ്യന്മാർ കർത്താവിനോടു പിറവിക്കുരുടനെക്കുറിച്ച് ചോദിച്ചു (വി. യോഹ. 9: 2). 'അവനെങ്കിലും അവന്റെ അമ്മയപ്പന്മാരെങ്കിലും പാപം ചെയ്തിട്ടല്ല' എന്ന് കർത്താവ് മറുപടി പറഞ്ഞു. അതു് ദൈവപ്രവൃത്തി അവങ്കൽ വെളിപ്പെടേണ്ടതിനായിരുന്നു.

4. ഇയ്യോബിന് അനേകം കഷ്ടതകൾ വന്നതു് അവന്റെ പാപം കൊണ്ടല്ലായിരുന്നു. അതു് ഇയ്യോബിന്റെ വിശ്വസ്തത തെളിയിക്കുന്നതിനായിരുന്നു.

5. കന്യകമറിയാമിനെ യൗസേപ്പ് തെററിദ്ധരിച്ച് പാപിനിയാണെന്ന് വിചാരിച്ചപ്പോൾ ആ മാതാവിന് എത്രയേറെവേദനയുണ്ടായിക്കാണും. യൗസേപ്പിന്റെ സൗമ്യതയെ ലോകത്തിന് കാണിച്ചുകൊടുക്കുന്നതിനായിരിക്കണം അങ്ങനെ സംഭവിച്ചതു്. മിസ്രയിമിലേക്ക് കുഞ്ഞിനെയുംകൊണ്ട് ഓടിപ്പോയപ്പോഴും തന്റെ പുത്രനെ കുരിശിൽ തറച്ചപ്പോഴും എത്രമാത്രം സങ്കടം ആ മാതാവു് സഹിച്ചുകാണും. 'ഞാൻ കർത്താവിന്റെ അടിമ. നിന്റെ വാക്കുപോലെ എനിക്കു് ഭവിക്കട്ടെ' എന്നു പറഞ്ഞു് ദൈവഹിതത്തിന് സമർപ്പിച്ചതു മുതൽ ആ മാതാവിന് കഷ്ടതയുണ്ടായി. ആ കഷ്ടതകൾ പാപം നിമിത്തമാണെന്ന് ആരും പറയുകയില്ലല്ലോ.

6. കർത്താവിന് പ്രിയപ്പെട്ട ബെഥാന്യയിലെ ലാസർ മരിച്ചതു് അവന്റെ പാപം നിമിത്തമായിരുന്നെന്ന് ആരും പറയുകയില്ല. അവൻ മരിക്കാൻ കർത്താവു് അനുവദിച്ചതും, കബറടക്കിയിട്ട് നാലാം ദിവസം ഉയർപ്പിച്ചതും, കർത്താവു് പുനരുത്ഥാനവും ജീവനുമാണെന്ന് തെളിയിക്കുന്നതിനും അങ്ങനെ ആത്മീയമായി ഉയർന്ന ബന്ധം അവക്ക് കർത്താവിനോട് ഉണ്ടാകുന്നതിനുമായിരിക്കണം.

7. ഉയിർത്തെഴുന്നേററ കർത്താവ് പത്രോസ് ശ്ലീഹായ്ക്ക് ഭാവിയിൽ പീഡാനുഭവം ഉണ്ടാകുമെന്ന് പറഞ്ഞതും യോഹന്നാൻ ശ്ലീഹായ്ക്ക് എന്തു് ഭവിക്കുമെന്ന് പത്രോസ് ചോദിച്ചപ്പോൾ, 'ഞാൻ വരുവോളം ഇവൻ ഇവിടെ ഇരിക്കണമെന്ന് എനിക്ക് ഇഷ്ടമുണ്ടെങ്കിൽ അത് നിനക്കെന്തു്? നീ എന്നെ അനുഗമിക്കുക' (വി. യോഹ. 21: 22) എന്ന് കർത്താവ് പറഞ്ഞതും ഇവിടെ ശ്രദ്ധേയമാണ്. പത്രോസിന്റെയും യോഹന്നാന്റെയും പാപമോ പുണ്യമോ നോക്കിയാണ് ഒരാൾക്ക് കഷ്ടത കൊടുക്കാതിരുന്നതെന്ന് പറയാമൊ? അല്ലെങ്കിൽ കർത്താവിന് ഇവരിൽ ആരോടെങ്കിലും സ്നേഹം കൂടുതലായിരുന്നെന്നോ കുറവായിരുന്നെന്നോ പറയാമൊ? ദൈവം ഓരോ വഴിയിൽ തന്റെ മഹത്വം വെളിപ്പെടുത്തുന്നു എന്നുമാത്രമേ ഇതിന് മറുപടി പറയാൻ പററൂ.

8. വി. പൗലോസിന്റെ ശരീരത്തിൽ ഒരു കഷ്ടതയുണ്ടായിരുന്നതായി അദ്ദേഹം പറയുന്നു. അദ്ദേഹത്തിന്റെ പാപം നിമിത്തം അതു് വന്നതായി അദ്ദേഹം പറയുന്നില്ല. അദ്ദേഹത്തിന്റെ ആത്മീയ അനുഗ്രഹത്തിനായി അതു് മാററിക്കൊടുക്കാതിരുന്നെന്ന് പറയുന്നു. 'വെളിപാടുകളുടെ ആധിക്യത്താൽ ഞാൻ അതിയായി നിഗളിച്ചു പോകാതിരിപ്പാൻ എനിക്ക് ജഡത്തിൽ ഒരു ശൂലം തന്നിരിക്കുന്നു. ഞാൻ നിഗളിച്ചു പോകാതിരിക്കേണ്ടതിന് എന്നെ കുത്തുവാൻ സാത്താന്റെ ദൂതനെത്തന്നെ. അതു് എന്നെ വിട്ടു നീങ്ങേണ്ടതിന് ഞാൻ മൂന്നുവട്ടം കർത്താവിനോട് അപേക്ഷിച്ചു. അവൻ എന്നോട് 'എന്റെ കൃപ നിനക്കു മതി. എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു' എന്നു പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെ മേൽ ആവസിക്കേണ്ടതിന് ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും' (2 കൊരി. 12: 7–9). കഷ്ടതയോട് ഈ വിധത്തിലുള്ള

ഒരു സമീപനം നമുക്കും ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

### 3. പുണ്യവാൻമാർക്കും കഷ്ടത ഉണ്ടാകുന്നു

മേൽ പറഞ്ഞ ഉദാഹരണങ്ങളിൽ പല പുണ്യവാന്മാരെയും കാണാം.

1. ഇയ്യോബ് വളരെ ദാനശീലനായിരുന്നു. എന്നിട്ടും കഷ്ടതകളുണ്ടായി.

2. കന്യകമറിയാമിന് കഷ്ടതയുണ്ടായതു് ദൈവഹിതത്തിന് സ്വയം സമർപ്പിച്ചതിനെ തുടർന്നായിരുന്നല്ലൊ. 'ഞാൻ കർത്താവിന്റെ അടിമ. നിന്റെ വാക്കുപോലെ എനിക്കു് ഭവിക്കട്ടെ' എന്നു പറഞ്ഞു് സ്വയം സമപ്പിച്ചതിന്റെ ഫലമായിഅവരം പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി. അതുകൊണ്ടല്ലേ യൗസേപ്പ് തെററിദ്ധരിച്ചതും, കന്യകമറിയം സങ്കടപ്പെടേണ്ടിവന്നതും. പിന്നീടു് കുഞ്ഞിനെയും കൊണ്ടു് മിസ്രയിമിലേക്ക് ഓടിപ്പോകേണ്ടിവന്നതും മകന്റെ കുരിശുമരണം കാണേണ്ടിവന്നതുമെല്ലാം ഇതിനെ തുടർന്നുണ്ടായ സംഭവങ്ങളാണല്ലൊ.

3. ബഥാന്യയിലെ മാർത്തയും മറിയയും ലാസറും കർത്താവിനെ സ്നേഹിച്ചിരുന്നു. കർത്താവ് അവരെയും സ്നേഹിച്ചിരുന്നു. അവർക്കും കഷ്ടതയും സങ്കടവും ഉണ്ടായി.

4. കർത്താവിനെ അനുഗമിച്ച് ജീവിതം മുഴുവൻ സമർപ്പിച്ച് ജീവിച്ച പത്രോസ് ശ്ലീഹായും പൗലോസ് ശ്ലീഹായും കഷ്ടത സഹിക്കേണ്ടിവന്നു. പൗലോസ് ശ്ലീഹായുടെ റൂമാൽകൊണ്ടു് രോഗികൾക്ക് സൗഖ്യം വന്നെങ്കിലും പൗലോസ് ശ്ലീഹായുടെ ശരീരത്തിലെ 'ശൂലം' മൂന്നുവട്ടം അപേക്ഷിച്ചിട്ടും കർത്താവ് മാററിക്കൊടുത്തില്ല.

5. പരുമല തിരുമേനി ഭക്തനായിരുന്നിട്ടും അർശസിന്റെ രോഗം ശക്തിപ്പെട്ടു മരിച്ചു.

അതിനാൽ 'എന്റെ കർത്താവിനുവേണ്ടി ഞാൻ എന്തെല്ലാം ചെയ്തു. എന്നിട്ടും എനിക്കു് ഈ കഷ്ടത വന്നല്ലൊ' എന്നു് പറയുന്നവർ കഷ്ടതയിൽക്കൂടി ലഭിക്കുന്ന ദൈവാനുഗ്രഹം കാണുന്നില്ല.

കഷ്ടതയുടെ ഏററക്കുറച്ചിൽ നോക്കി ആരുടെയും പാപാവസ്ഥയോ പുണ്യാവസ്ഥയോ ദൈവത്തിന് അയാളോടുള്ള സ്നേഹത്തെയോ അളക്കുവാൻ വയ്യ.

CENTURY AGENCY
AMBASSADOR CORPORATION

753 FRANKLIN AVENUE,
FRANKLIN SQUIRE, NEW YORK-11010.
Phone: 516-872-2100

We are original builders of Parish Real Estate
Contact us for fast and profitable
Real Estate Transaction in the U.S.A.
Mortgage Money Available in any amount to all qualified buyers.

E. I. Abraham Omallur, M.B.A; G.R.I.



# നിയന്ത്രണങ്ങളിൽക്കൂടി നേടിയ ശിക്ഷണബോധം

## ഫാദർ ററി. ജെ. ജോഷ്വ

മോസ്കോയിൽവച്ച് മെയ് 11 മുതൽ 20 വരെ റഷ്യൻ ഓർത്തഡോക്സ്സഭയുടെ ആഭിമുഖ്യത്തിലും ആതിഥേയത്വത്തിലും ഒരു അന്തരാഷ്ട്രപഠനസമ്മേളനം നടക്കുകയുണ്ടായി. കോട്ടയം, ഓർത്തഡോക്സ് സെമിനാരിയെ പ്രതിനിധീകരിച്ച് പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കുവാനും റഷ്യയിൽ ചില സന്ദർശനങ്ങൾ നടത്തുവാനും ഈ ലേഖകന് അവസരം ലഭിച്ചു. അവിടുത്തെ സഭയെപ്പററിയും ജനജീവിതത്തെക്കുറിച്ചും അടുത്തറിയുവാനുള്ള സന്ദർഭം അതു് ഒരുക്കിത്തന്നു. ഇരുമ്പുമറയ്ക്കുള്ളിലെ വസ്തുതകൾ അറിയുവാൻ ഔത്സുക്യവും ജിജ്ഞാസയും പുറത്തുള്ളവർക്കുണ്ടു്.

സ്വച്ഛന്ദം ആ രാജ്യത്തു് യാത്ര ചെയ്യാനുള്ള സ്വാതന്ത്ര്യം ഉണ്ടോ? ഗവണ്മെൻറിന്റെ ചാരന്മാർ എപ്പോഴും അനുയാത്ര ചെയ്യുന്നുണ്ടാകുമോ? ചില സുരക്ഷിതമേഖലകളിൽ യാത്ര ചെയ്യുവാനുള്ള അനുവാദം നിഷേധിക്കപ്പെട്ടിരിക്കയാണ്. മാത്രമല്ല, വിദേശികൾക്ക് ഒരു പട്ടണത്തിൽനിന്നു് മറെറാന്നിലേക്കു പോകുന്നതിനും അനുവാദം വാങ്ങിയിരിക്കണം. സന്ദർശനത്തിനു ചെല്ലുന്ന ടൂറിസ്ററുകൾ അനുവാദം വാങ്ങിയിരിക്കണം. സന്ദർശനത്തിനു ചെല്ലുന്ന ടൂറിസ്ററുകൾക്ക് അനുവാദം സാധാരണയായി നിഷേധിക്കാറില്ല. റഷ്യൻഭാഷ അറിയാത്തവർക്ക് അവിടുത്തെ ഗൈഡുകളുടെ സഹായംകൂടാതെ സന്ദർശനങ്ങളും പര്യടനങ്ങളും അസാദ്ധ്യമെന്നുതന്നെ പറയാം. പരിശീലനം നേടിയിട്ടുള്ള ഗൈഡുകൾ അനവധിയുണ്ടു്. അവരിൽ അധികവും സ്ത്രീകളാണ്. അവർക്ക് കൂടെക്കൂടെ റിഫ്രഷർ കോഴ്സ് നൽകി ഏററവും ആധുനികമായ സ്ഥിതിവിവരക്കണക്കുകളും മററു വിവരങ്ങളും ബോധ്യപ്പെടുത്തിയിരിക്കും. ഏതു ഭാഷയിലുള്ള ഗൈഡിനെ വേണമെന്നാവശ്യപ്പെട്ടാൽ മതി. ഇവർ ഗവണ്മെൻറിന്റെ ചാരപ്രവർത്തകരാണെന്നു ധരിക്കേണ്ടതില്ല.

ഇരുമ്പുമറ നിശ്ശേഷമായി നീക്കപ്പെട്ടുവോ? എല്ലാ രാജ്യങ്ങളിൽനിന്നുമുള്ള സന്ദർശകർ ആയിരക്കണക്കിനു് അവിടെ എത്തുന്നു. ഏറിയ പങ്കും ടൂറിസ്ററുകളാണ്. റഷ്യയെപ്പററിയും, അവിടുത്തെ ജനജീവിതത്തെപ്പററിയും ബാഹ്യലോകത്തിനു് അറിവു പകരാൻ ഈ സന്ദർശനങ്ങൾ സഹായിക്കുന്നു. റഷ്യയോടു് മമതയും അടുപ്പവും പുലർത്തുന്ന ആഫ്രോ-ഏഷ്യൻ രാജ്യങ്ങളിൽനിന്നു് അനവധി വിദ്യാർത്ഥികൾ അവിടെ പഠനം നടത്തുന്നു. അവർക്കു് ആവശ്യമായ സ്കോളർഷിപ്പുകൾ ഗവണ്മെൻറു് നല്കുകയും ചെയ്യുന്നു. കലാസാംസ്കാരിക രംഗത്തേക്കാൾ ശാസ്ത്രരംഗത്തുള്ള വിദ്യാർത്ഥികളാണ് അധികവും. ലെനിൻഗ്രാഡ് മെഡിക്കൽ കോളേജിൽ ഇൻഡ്യാക്കാരായ അറുപതോളം വിദ്യാർത്ഥികൾ പഠിക്കുന്നു; കേരളീയർ നാലു പേരുണ്ടു്. എൻജിനീയറിങ്ങിനും അനവധി വിദ്യാർത്ഥികൾ പഠിക്കുന്നു. ശാസ്ത്രസാങ്കേതിക പഠനങ്ങൾ എല്ലാംതന്നെ റഷ്യൻ ഭാഷയിലാണ്. പ്രാദേശിക ഭാഷകൾ വളരെയുണ്ടെങ്കിലും പൊതുവായ റഷ്യൻ ഭാഷ വളരെ വളർച്ച പ്രാപിച്ചതാണ്. ഹ്രസ്വകാല പരിശീലനങ്ങൾക്കും പഠനങ്ങൾക്കുമായി വന്നെത്തുന്നവരും ധാരാളം ഉണ്ടു്.

വിപ്ലവത്തിനുശേഷം ബാഹ്യലോകവുമായുള്ള സമ്പർക്കങ്ങൾ വിച്ഛേദിക്കപ്പെട്ടു എന്നതു സത്യമാണ്. ശക്തമായ ഇരുമ്പുമറതന്നെയായിരുന്നു. ബാഹ്യലോകത്തു് എന്തു നടക്കുന്നുവെന്നു് അവിടെയുള്ളവർക്കോ, അവിടെ എന്തു സംഭവിക്കുന്നുവെന്നു് പുറത്തുള്ളവർക്കോ അറിവാൻ നിവൃത്തി ഇല്ലായിരുന്നു. തന്മൂലം കുപ്രചരണങ്ങളും തെററിദ്ധാരണകളും പരക്കുവാൻ വഴിതെളിച്ചു.

കർശനമായ നിയന്ത്രണങ്ങളും നിരോധനങ്ങളും അടിച്ചേല്പിക്കപ്പെട്ടു എന്നുള്ളതു് സത്യമാണ്. വിപ്ലവത്തിന്റെ ഉരുക്കുചക്രം സമൂഹത്തിന്റെ എല്ലാ മണ്ഡലങ്ങളിലേക്കും ജീവിതാനുഭവങ്ങളിലേക്കും ഉരുണ്ടുനീങ്ങി. പലതും ഞെക്കിഞെരുക്കി തകർത്തു മറിച്ചു. സാമൂഹ്യജീവിതത്തെയും ബന്ധങ്ങളെയും അടിമുടി പിടിച്ചുലച്ചു. പുതിയ ഒരു സമൂഹവും, സാമൂഹ്യബന്ധവും ഉരുവാകുന്നതിന്റെ ഈററുനോവായിരുന്നു. പഴയതിന്റെ ചാമ്പൽ കൂമ്പാരത്തിൽ നിന്നു് പുതിയ ഒരു സമൂഹം ഉയർന്നുവന്നു.

ഇന്നും നിരോധനങ്ങളും നിയന്ത്രണങ്ങളും നിലവിലില്ലേ? പല രംഗങ്ങളിലുമുണ്ടെന്നാണ് ഉത്തരം. മാധ്യമങ്ങൾ എല്ലാംതന്നെ ഗവണ്മെൻറിന്റെ ഉടമയിലും നിയന്ത്രണത്തിലുമാണ്. ലോകസംഭവങ്ങളെക്കുറിച്ച് ഗവണ്മെൻറിന്റെ ഭാഷ്യം മാത്രമേ ജനങ്ങൾക്കറിയാൻ കഴിയൂ. തുറന്ന വിമർശനങ്ങളും വിലയിരുത്തലുകളും സാധ്യമല്ല. ബുദ്ധിജീവികൾ

**മദ്ധ്യസ്ഥതയാലുള്ള**
**ഉപകാരസ്മരണയ്ക്ക്**



ജോയിസൺ, ലിസ്സി, മൻജു, മിൻജു,
ജാസ്മിൻ & ജസ്റ്റിൻ.

അവിടെനിന്നു പുറത്തുകടക്കുവാൻ ആഗ്രഹിക്കുന്നതായി മനസ്സിലാക്കാം.

ബഹുവിധമായ നിയന്ത്രണങ്ങൾ രാഷ്ട്രത്തിൻെറ ഭദ്രതയ്ക്കും സ്വയം പര്യാപ്തതയ്ക്കും ആവശ്യമാണെന്ന് നമ്മോടുപറയും. എന്തും ഏതും ചെയ്യുവാനുള്ള സ്വാതന്ത്ര്യം നൽകിയാൽ പുരോഗതി അസാധ്യമാണെന്ന് സമ്മതിക്കാം. ഒരിക്കൽ തൊഴിലാളിവിപ്ലവം വിജയിച്ച അവിടെഇന്ന് യാതൊരു സമരവും, ധർണയും, പണിമുടക്കും സാധ്യമല്ല. അതിനുള്ള അനുവാദമോ അവകാശമോ ഇല്ല. എല്ലാവരും പണിയെടുത്തേ മതിയാവൂ. നേതാവു ചമഞ്ഞ്, തലപ്പണവും വാങ്ങി, സമരങ്ങൾ സംഘടിപ്പിച്ച് തൊഴിലാളികളെ ചൂഷണം ചെയ്യുവാൻ ആർക്കും സാദ്ധ്യമല്ല. 'ഇങ്ക്വിലാബിൻെറ' ശബ്ദം ഇന്ന് അവിടെ കേൾക്കുവാനില്ല. ഞങ്ങൾ സമാധാനം ആഗ്രഹിക്കുന്നു; സമാധാനം എങ്ങും പുലരട്ടെ എന്നുള്ളതാണ് സാധാരണ ജനങ്ങളുടെ നാവിൽ നിന്നുകേൾക്കാനുള്ളത്.

വിദേശനിർമ്മിതമായ വസ്തുക്കൾ ഒന്നും അവിടെ ലഭിക്കുകയില്ല. അവർക്കാവശ്യമുള്ളതെല്ലാം അവർ നിർമ്മിക്കുന്നു. ഒരു കാലത്ത് ഭക്ഷ്യരംഗത്ത് ചില ദൗർലഭ്യമുണ്ടായിരുന്നു. അന്നു വിദേശത്തുനിന്നു ഇറക്കുമതി ചെയ്യേണ്ട ആവശ്യമുണ്ടായി. ഇന്ന് എല്ലാകാര്യങ്ങളിലും സ്വയംപര്യാപ്തത കൈവരിച്ചിട്ടുണ്ട്. നിയന്ത്രണങ്ങളും നിരോധനങ്ങളുംമൂലം സാധിച്ച ഒരു വലിയ നേട്ടമാണ് ഇത്. ഇൻഡ്യ സ്വതന്ത്രമായിട്ട് നാല്പതു വർഷങ്ങളായി. ഇന്നും വിദേശക്കമ്പനികളുടെ കുത്തക ഇവിടെ തുടരുകയാണ്. മുതലാളിത്ത രാജ്യങ്ങളിലെ വൻകിട മൾട്ടിനാഷണൽ കമ്പനികൾ ഇവിടെ തഴച്ചുവളരുന്നു. നാം ഉപയോഗിക്കുന്ന ഔഷധങ്ങൾ ഒട്ടുമുക്കാലും വിദേശക്കമ്പനികളുടേതാണ്. വികസിതരാജ്യങ്ങളിൽ നിരോധിക്കപ്പെട്ട ചില ഇനങ്ങൾപോലും ഇവിടെ ഗവൺമെൻറ് അംഗീകരിച്ച് വില്പന നടക്കുന്നു. നിത്യേന ഉപയോഗിക്കുന്ന സാമാന്യ വസ്തുക്കൾപോലും വിദേശക്കമ്പനികളുടെ നിയന്ത്രണത്തിലാണ്. കൊളോണിയലിസത്തിൻെറ മറെറാരു പകർപ്പാണത്. എന്തു സാധനമായാലും 'ഫോറിൻ' എന്നു കേൾക്കുമ്പോൾ നമുക്ക് അതിനോട്ട് കമ്പമാണ്. ഇവിടെത്തന്നെ ഉല്പാദിപ്പിക്കുന്ന മദ്യമായാലും അതിനു 'വിദേശമദ്യം' എന്ന ഓമനപ്പേരു നല്കി നാം വിലയും നിലയുമുള്ളതാക്കുന്നു ! വിദേശക്കമ്പനികളെ മാടിവിളിച്ച് അവരുടെ ചൂഷണത്തിന് നമ്മുടെ സമ്പത്‌വ്യവസ്ഥയെ വിധേയമാക്കുവാനുള്ള നീക്കമാണ് നമ്മുടെ ഭരണധുരന്ധരന്മാർ ചെയ്യുന്നത്. സ്വയം പര്യാപ്തത കൈവരിക്കുവാൻ നിയന്ത്രണങ്ങളും ചില നിരോധനങ്ങളും ആവശ്യമാണെന്ന് സോഷ്യലിസ്ററു രാജ്യങ്ങൾ വിശ്വസിക്കുന്നു.



നിയന്ത്രണം വരുത്തുന്ന സൽഫലം വെളിവാക്കുവാൻ ഒരു ഉദാഹരണം പറയാം. 'വോഡ്ക' എന്ന മദ്യം റഷ്യയിൽ സുലഭമായിരുന്നു. അതുപോലെ മററ് മദ്യങ്ങളും സല്ക്കാരങ്ങളിലും നിത്യജീവിതത്തിലും ലോപമില്ലാതെ പകർന്നുവന്നു. പലരും മദ്യത്തിനടിമകളായി പരിണമിച്ചു. തന്മൂലം അവരുടെ പ്രവർത്തനശേഷി നഷ്ടപ്പെടുന്നു എന്ന ബോധ്യമായി. ഇപ്പോഴത്തെ ഭരണകൂടം, അനിയന്ത്രിതമായ ഈ പ്രവണതയ്ക്ക് കടിഞ്ഞാണിടാൻ നിശ്ചയിച്ചു. പൊതുസല്ക്കാരങ്ങളിൽ മദ്യം ഒഴിവാക്കാൻ നീക്കമായി. മദ്യവില്പനയിലും ചില നിയന്ത്രണങ്ങൾ കൊണ്ടുവന്നു. ഏതായാലും ജനത്തെ അമിതമായ മദ്യാസക്തിയിൽ നിന്നു വിശേഷിപ്പിച്ചേ മതിയാവൂ എന്ന ബോധ്യത്തിൽ ചില നിയമങ്ങൾ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നു. പരിശ്രമങ്ങൾ ഒട്ടൊക്കെ വിജയിച്ചിട്ടുണ്ട് എന്നാണ് മനസ്സിലാക്കുവാൻ കഴിഞ്ഞത്.

അതുപോലെതന്നെ രതിക്രീഡകളുടെ ചിത്രങ്ങളോ മഞ്ഞകൃതികളോ അവിടെ പ്രചാരത്തിലില്ല. മനുഷ്യൻെറ വികാരങ്ങളെ ഇക്കിളിപ്പെടുത്തുന്ന പരസ്യങ്ങളോ ചുവർചിത്രങ്ങളോ നിരോധിക്കപ്പെട്ടിരിക്കുന്നു. സ്വതന്ത്രരാജ്യങ്ങൾ എന്നവകാശപ്പെടുന്ന യൂറോപ്പിലും അമേരിക്കയിലുമുള്ള പാർക്കുകളിലും തെരുവുകളിലും എന്തെല്ലാം ആഭാസങ്ങൾ അരങ്ങേറുന്നു. സന്മാർഗ്ഗബോധമുള്ളവർ അവിടെ കണ്ണുംപൂട്ടി നടന്നേ മതിയാവൂ. റഷ്യയിൽ തികച്ചും വ്യത്യസ്തമായ പെരുമാററ രീതിയാണ് കാണ്മാൻ കഴിഞ്ഞത്.

സ്ത്രീകൾക്ക് എന്തെങ്കിലും പതിത്വം അവിടെ കല്പിക്കപ്പെട്ടിട്ടില്ല. എല്ലാ രംഗങ്ങളിലും പുരുഷന്മാരോടൊപ്പം നില്ക്കുന്നു, പ്രവർത്തിക്കുന്നു. വിമാനം പറപ്പിക്കുകയും, ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിക്കുകയും ചെയ്യുന്ന സ്ത്രീകളെ കാണാം. വ്യാപാരരംഗത്ത് എല്ലാംതന്നെ സ്ത്രീകളാണ്. കാര്യശേഷിയോടെ അവർ പ്രവർത്തിക്കുന്നു. തീവണ്ടികളിലെ ജോലിക്കാരിൽ ഏറിയപങ്കും വനിതകളാണ്. നല്ല തൻേറടത്തോടും ആത്മവിശ്വാസത്തോടുമുള്ള പ്രവർത്തനരീതി നമ്മിൽ മതിപ്പുളവാക്കും. രാത്രിയാകട്ടെ പകലാകട്ടെ സ്ത്രീകൾ ഒററയ്ക്ക് സഞ്ചരിക്കുവാൻ ഭയപ്പെടുന്നില്ല. 'പൂവാലന്മാരുടെ' ശല്യമോ, ചട്ടമ്പികളുടെ കയ്യേററമോ ഒന്നും അവിടെ ഉണ്ടാകുന്നില്ല. മാന്യമായി പെരുമാറുവാൻ ജനങ്ങൾ പഠിച്ചിട്ടുണ്ട്. അതുകൊണ്ട് ആപത്ശങ്ക കൂടാതെ എവിടെയും സഞ്ചരിക്കാം.

നമ്മെ ആകർഷിക്കുന്ന മറെറാന്നാണ് ജനങ്ങളുടെ അച്ചടക്കവും ശിക്ഷണബോധവും. എവിടെയും 'ക്യൂ' നില്ക്കുവാൻ ശ്രദ്ധിക്കുന്നു. എത്ര വലിയ ജനക്കൂട്ടമായാലും ഉന്തും തള്ളും ഉണ്ടാകാതെ ആദ്യമെത്തിയവർ ആദ്യം എന്ന ക്രമം കണിശമായി പാലിക്കുന്നു. ക്രമപാലകന്മാരുടെ ആവശ്യം അവിടെയില്ല. നല്ല തണുപ്പുള്ള ഒരു സായാഹ്നം. മോസ്ക്കോയിലെ പ്രധാനപ്പെട്ട തെരുവീഥിയിൽകൂടി നടക്കുകയാണ്. ലെനിൻഗ്രാഡിൽ സഭാസംഗീതം പഠിച്ചുകൊണ്ടിരിക്കുന്ന എം. പി. ജോർജ്ജ് ശെമ്മാശ്ശനും കൂടെയുണ്ട്. നടപ്പാതയിൽ നീണ്ടനിര പലയിടത്തും കണ്ടു. ഓരോ സാധനങ്ങൾ വാങ്ങാൻ നില്ക്കുന്നവരാണ്. ഒരു തുണിക്കടയിൽ കയറി എന്തെങ്കിലും വാങ്ങാമെന്ന് ആഗ്രഹിച്ചു. അവിടെയും ജനങ്ങൾ ക്ഷമയോടെ നീണ്ട 'ക്യൂ'വിൽ നില്ക്കുന്നു. വേഗം കാര്യം സാധിച്ചുപോകണമെന്ന ആഗ്രഹമില്ലാഞ്ഞിട്ടല്ല. ക്രമം തെററി ഒന്നും ചെയ്യാൻ അവരുടെ ശിക്ഷണബോധം അവരെ അനുവദിക്കുകയില്ല. ഉള്ളിൽനിന്നുയരുന്ന ആത്മനിയന്ത്രണവും, ശിക്ഷണബോധവും പോലീസ് പടയെ ഒഴിവാക്കാൻ സഹായിക്കും.

ഉന്നതമായ പൗരബോധത്തിൻെറ മറെറാരു ദൃഷ്ടാന്തം രേഖപ്പെടുത്തട്ടെ. നഗരത്തിലെ ബസ്സ് യാത്രയാണ്. ഓടിക്കുന്ന ആളല്ലാതെ മററു ജോലിക്കാരൊന്നും ബസ്സിലില്ല. കതക് ഡ്രൈവർ തുറക്കുമ്പോൾ ആളുകൾ കയറുകയും ഇറങ്ങുകയും ചെയ്യും. ടിക്കററ് കൊടുക്കാൻ ആരുമില്ല. ടിക്കററുവില ഇട്ട് ഓരോരുത്തരും ടിക്കററ് എടുക്കും. ടിക്കററില്ലാതെ യാത്ര ചെയ്യാൻ അവരുടെ പൗരബോധം അവരെ അനുവദിക്കുകയില്ല. നമ്മുടെ നാട്ടിലെ സ്ഥിതി അപ്പോഴാണ് ഓർത്തുപോകുന്നത്. മനസ്സാക്ഷിക്കുത്തൽകൂടാതെ പൊതുമുതൽ കൊള്ളയടിക്കുന്ന മന്ത്രിമാരും ജനനേതാക്കന്മാരുമുള്ള നാടാണ് നമ്മുടേത്. ഇവിടുത്തെ ബാങ്കിൽ നിക്ഷേപിക്കുവാൻ മതിയാകാതെ വരുമ്പോൾ കൂടുതൽ സുരക്ഷിതത്വത്തിന് സ്വിസ് ബാങ്കുകളെ അവർ കണ്ടെത്തുന്നു.

റഷ്യയെങ്ങും പറുദീസായും, അവിടെയെല്ലാം മാലാഖമാരും ആണെന്നു ധരിക്കേണ്ടതില്ല. മററു പല രാജ്യങ്ങളെയും അപേക്ഷിച്ച് പലതിലും മെച്ചപ്പെട്ട നിലവാരവും, ധാർമ്മികബോധവും ഉണ്ടെന്നു മാത്രം. എങ്കിലും അവിടെയും ക്ഷുദ്രജീവികളെ

# കുവൈററ് ഓർത്തഡോക്സ് സിറിയൻ ചർച്ച്

### പോസ്ററ് ബോക്സ് 5825 സഫാത്ത്
### 13059, സഫാത്ത് – കുവൈററ്

കുവൈററ് ഇടവകയുടെ ചാരിററി ഫണ്ടിൽനിന്ന് വിവാഹം / ചികിത്സ / ഭവനനിർമ്മാണം / വിദ്യാഭ്യാസം എന്നിങ്ങനെയുള്ള ആവശ്യങ്ങൾക്ക് സഹായം അർഹിക്കുന്നവരെ തെരഞ്ഞെടുക്കുന്നതിനായി സാധുക്കളായ മലങ്കര സഭാംഗങ്ങളിൽനിന്ന് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷയിൽ താഴെ പറയുന്ന വിവരങ്ങൾ ക്രമമായും വിശദമായും രേഖപ്പെടുത്തിയിരിക്കണം.

1. അപേക്ഷകൻെറ പൂർണ്ണമായ പേരും മേൽവിലാസവും.
2. അപേക്ഷകൻെറ വയസ്സ്.
3. കുടുംബത്തിലെ ആകെ അംഗസംഖ്യ.
4. ആദായകരമായ തൊഴിലിൽ / ഉദ്യോഗത്തിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബാംഗങ്ങളുടെ എണ്ണം.
5. കുടുംബത്തിലെ മൊത്തം വാർഷികവരുമാനം.
6. ഏതു് ആവശ്യത്തിനു് സഹായം അഭ്യർത്ഥിക്കുന്നു എന്നതിൻെറ വിശദവിവരം, വിദ്യാഭ്യാസത്തിനാണെങ്കിൽ പഠിക്കുന്ന വിദ്യാലയത്തിൽനിന്നുള്ള Course Certificate–ഉം അവസാനം വിജയിച്ച പരീക്ഷയ്ക്കു ലഭിച്ച മാർക്കിൻെറ attested copy–യും സ്വഭാവ സർട്ടിഫിക്കേററും.
7. ഇതേ ആവശ്യത്തിനു് മററു ട്രസ്ററുകൾ / സംഘടനകൾ / വ്യക്തികൾ എന്നിവരിൽനിന്നു് എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടെങ്കിൽ / അപേക്ഷിച്ചിട്ടുണ്ടെങ്കിൽ അതിൻെറ വിശദവിവരം.
8. അപേക്ഷകൻെറ ഇടവകയും ഭദ്രാസനവും.

അപേക്ഷയിലെ വസ്തുതകൾ പൂർണ്ണമായും സത്യമാണെന്നു് ഇടവക വികാരിയും ഇടവക ഭരണസമിതിയിലെ ഓരോ അംഗവും സാക്ഷിപ്പെടുത്തിയിരിക്കണം.

അപേക്ഷകൾ ലഭിച്ചിരിക്കേണ്ട അവസാന തീയതി 1987 സെപ്ററംബർ 30. അവ മുകളിൽ കൊടുത്തിരിക്കുന്ന മേൽവിലാസം കവറിൻെറ പുറത്തു് മൂന്നു ലൈനായി എഴുതി അയയ്ക്കണം.

അപൂർണ്ണമായതോ സത്യവിരുദ്ധമായ വിവരങ്ങൾ അടങ്ങിയതോ ആയ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

ഒരു ഇടവകയിൽനിന്നു് ഒന്നിലധികം അപേക്ഷകൾ പരിഗണിക്കുവാൻ നിർവാഹമില്ലാത്തതിനാൽ ഏററവും അർഹരായവരെ മാത്രം ശുപാർശ ചെയ്യുവാൻ ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കണമെന്നു് താല്പര്യപ്പെടുന്നു.

(വികാരി)

N. B. അപേക്ഷയുടെ ഒരു കോപ്പി The Manager, 'Malankara Sabha', Kottayam-38 എന്ന വിലാസത്തിൽ അയച്ചുകൊടുത്തിരിക്കണം.



ഐതീഹ്യങ്ങളും ചരിത്രവും

# മലങ്കര നസ്രാണികളും ജാതിത്തലവന്മാരും

## മഹാനായ ഒന്നാം മാർത്തോമ്മാ – (തുടർച്ച)

### ഗാർഷ്യാ മെത്രാൻെറ രൂക്ഷമായ മുടക്കു നമ്പർ– I

ഇതിനുമുമ്പ് തോമ്മാ അർക്കദിയാക്കോൻെറ മുൻഗാമി ഗീവർഗീസ് രണ്ടാമൻ മെനേസീസിനെ മുടക്കുകയും, മെനേസീസ് ഗീവർഗീസിനെ മുടക്കുകയുംമുടക്കഴിക്കുകയും, റോസ് മെത്രാൻ ഗീവർഗീസ രണ്ടാമനെ ഒന്നിലധികം തവണ മുടക്കുകയും ഒക്കെ ചെയ്തു. അന്നെല്ലാം ആബാലവൃദ്ധം നസ്രാണിജനത ഗീവർഗീസിനു് പിന്നിൽ പാറപോലെ ഉറച്ചുനിന്നിരുന്നു. എന്നാൽ തോമ്മാ അർക്കദിയാക്കോൻെറ ഭരണകാലത്തു് കൊടുങ്ങല്ലൂർ, കൊച്ചി പ്രദേശങ്ങളിൽ ചില കത്തങ്ങളും ആത്മായരും ഭീഷണിയാലും ഐഹിക നേട്ടങ്ങളാലും പറങ്കികൾക്കു് അകമേ വഴങ്ങിയവരായും, പരസ്യമായി കീഴടങ്ങി അനുസരിച്ചവരായും സമൂഹത്തിലുണ്ടായിരുന്നു. അവരുടെ ചാരവൃത്തി, സമുദായദ്രോഹം, നമ്മുടെ കഥാനായകൻെറ നിലപാടിനെ പ്രതികൂലമായി ബാധിച്ചു. അതു് തന്നെ പീഡനങ്ങൾക്കും കഠിനയാതനകൾക്കും ഐഹികമായി നിന്ദിതനും, പതിതപ്രതാപനും ആക്കിത്തീർത്തു. തന്നിലെ യഥാർത്ഥ ഭാരതീയൻെറ ദേശാഭിമാനവും ഭാരത ക്രൈസ്തവ സമൂഹത്തിൻെറ തനിമയും സ്വാതന്ത്ര്യവും നിലനിർത്തുവാനും വീണ്ടെടുക്കുവാനുമുള്ള സർവ്വാത്മനാ സന്നദ്ധതയുടെയും സർവ്വോപരി തന്നിലെ യഥാർത്ഥ മഹാൻെറയും മാററുരയ്ക്കലിൻെറ ആരംഭമായിരുന്നു ഈ മുടക്കുദ്യമം എന്നു പറയാം.

### മുടക്ക് എന്തിന് ?

അർക്കദിയാക്കോൻ പൊടുന്നനവേ ഇടപ്പള്ളി ആശ്രമാംഗത്വം സ്വീകരിച്ചു. ഇതിനു് പറങ്കി ഭരണാധികാരമുറയിൽ (നിയമപ്രകാരം) ഗാർഷ്യായുടെ അനുമതി വേണ്ടിയിരുന്നു. അർക്കദിയാക്കോൻ അവരുടെ ഭരണംതന്നെ ഇല്ലായ്മ ചെയ്യുവാൻ ഉള്ളിലുറച്ച് നീങ്ങിയിരുന്നതിനാൽ തൻെറ പാരമ്പര്യ അധികാരത്താൽ അതു് സ്വയം ചെയ്തു. ഗാർഷ്യയെ മന:പൂർവ്വം അവഗണിച്ചു. എന്നാൽ ഇത് ഗാർഷ്യാ പക്ഷത്തിൻെറ പരിഗണനയിൽ ഇടപ്പള്ളി ആശ്രമ

**ജെയിക്കബ് തോമസ്, നടുവിലേക്കര**

സ്വത്തുക്കൾ കയ്യടക്കി അപഹരിക്കുന്നതിനു് കരുതിക്കൂട്ടി ചെയ്ത തന്ത്രമായി കണ്ടെത്തി. തന്നെയുമല്ല കൊടുങ്ങല്ലൂരുള്ള സഭാനിയമ നടപടികളുടെ കാര്യസ്ഥൻ അർക്കദിയാക്കോൻെറ ഈ നടപടി മെത്രാപ്പോലീത്തായുടെ സ്ഥാനാധികാര നിർവ്വഹണത്തെ തടസ്സപ്പെടുത്തലോ ലംഘിക്കലോ ആകയാൽ അർക്കദിയാക്കോൻെറ മേൽ ശിക്ഷണനടപടികൾ സ്വീകരിക്കേണ്ടതിലേക്കു് 9 വിഷയങ്ങളിൽ ആരോപണങ്ങൾ ഉന്നയിച്ച് 7 പേരെ വിസ്തരിച്ചു തെളിവെടുത്തു.

ഇത്തരുണത്തിൽ മറെറാരു കാര്യം വളരെ ഗൗരവമർഹിക്കുന്നതായി കാണുന്നു. വൈസ്രോയി പോർട്ടുഗൽ രാജാവിനു് അയച്ച കത്തിന് മറുപടിയായി വന്ന കല്പനയിൽ വൈസ്രോയി ഗാർഷ്യയെ എല്ലാ വിധത്തിലും സഹായിച്ച് പിൻബലം കൊടുക്കുകയും കൊച്ചി രാജാവിനെ ഹേമിച്ച് അർക്കദിയാക്കോനെ ഗാർഷ്യയ്ക്കു് കീഴ്പ്പെടുത്തുകയും ചെയ്യണമെന്നും എഴുതിയിരുന്നു. കൂടാതെ മലബാർ സഭയിൽ

---

കാണാം. മോസ്കോയിലെ ഒരു തെരുവീഥിയിൽക്കൂടി നടന്നുപോകുമ്പോൾ, താമസിക്കുന്ന ഹോട്ടലിൻെറ സമീപത്തുവച്ച്, ഒരാൾ സമീപിച്ച് റഷ്യൻ ഭാഷയിൽ സംസാരിച്ചു. വിദേശിയാണെന്നു മനസ്സിലാക്കിക്കൊണ്ടു് വിദേശനാണയം ഉണ്ടോ എന്നാണ് ചോദിച്ചതു്. ബാങ്കിൽ കിട്ടുന്ന റേററിനേക്കാൾ വളരെ കൂടുതൽ തരാമെന്നാണ് അയാളുടെ വാഗ്ദാനമെന്നു് ഏറെക്കുറെ ഊഹിക്കുവാൻ കഴിഞ്ഞു. അവിടെയും കരിഞ്ചന്തക്കാരുടെ മേമ്പൊടി ഉണ്ടെന്നു് അതു വെളിപ്പെടുത്തി. വേഷവും ഭാവവും കണ്ടിട്ടു് അയാൾ ഗവണ്മെൻറിൻെറ രഹസ്യപ്പോലീസിൽപെട്ടവനാണെന്നു തോന്നിയില്ല.

നിയന്ത്രണങ്ങളുടെ ആ നാട്ടിൽ ശിക്ഷണബോധം വളരെയുണ്ടെന്നു്, അതു ജീവിതത്തിൻെറ വിവിധ തുറകളിൽ പ്രകടമാണെന്നു് കാണിക്കുകയാണ് ഈ ലേഖനത്തിൽ ശ്രമിച്ചതു്.

—

# നമ്മുടെ കർത്താവിനെക്കുറിച്ച് വി. ബൈബിളിന് വെളിയിൽനിന്ന്

ഫാദർ തോമസ് ചക്കിട്ടടം, തുമ്പമൺ

വി. ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്മുടെ കർത്താവിന്റെ പ്രബോധനങ്ങൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും പുറമെ ഒട്ടുവളരെ കാര്യങ്ങൾ അന്നും അതിനോടടുത്തും രൂപംകൊണ്ട പല പ്രാമാണികരേഖകളിൽനിന്നും ലഭ്യമായിട്ടുണ്ട്. അവയെല്ലാം വസ്തുതകളുടെ ചുവടുപിടിച്ച് എഴുതിയിട്ടുള്ളവയാണെന്ന് തീർത്തുപറയുവാൻ നിവർത്തിയില്ലെങ്കിലും ഇങ്ങനെയുള്ള കഥകളിലൊക്കെ സത്യത്തിന്റെ കണികകൾ പലപ്പോഴും കണ്ടേക്കുന്നവരാം. വിജ്ഞാനകുതുകികളുടെ അറിവിനുവേണ്ടി ഏതാനമെണ്ണം അടിയിൽ കൊടുക്കുന്നു.

1. നമ്മുടെ കർത്താവിന്റെ ശരീരവടിവും ഭാവവും ചിത്രീകരിക്കുന്ന ഒരു അതിപുരാതന രേഖയാണ് ഇതിലൊന്ന്. ഇത് റോമാ പട്ടണിത്തലെ പുരാവസ്തുശേഖരങ്ങൾ അടുക്കിവച്ചിരിക്കുന്ന ഗവൺമെന്റു വക റിക്കാർഡുപുരയിൽനിന്ന് ലഭിച്ചിട്ടുള്ളതാണ്. പ്യൂബ്ലിയസ് ലൻറിലസ് (Publius Lentilus) എന്ന റോമാക്കാരനായ ഒരു ഉദ്യോഗസ്ഥൻ തിര്യബോസ് കൈസർക്ക് എഴുതിയിട്ടുള്ള ഒരു കത്താണ് ഇത്. ഉദ്ദേശം രണ്ടായിരത്തോളം വർഷങ്ങളായിക്കാണണം ഇതെഴുതിയിട്ട്. അതിന്റെ ഏകദേശ മലയാളഭാഷ്യമാണ് താഴെ അവതരിപ്പിക്കുന്നത്.

'ഫെലിസ്ത്യൻ നാട്ടിൽ അസാധാരണ ശക്തിവിശേഷങ്ങളോടു കൂടിയ ഒരു മനുഷ്യൻ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. താൻ സ്വയം മനുഷ്യപുത്രനെന്നു വിളിക്കുകയും മരിച്ചവരെ ഉയിപ്പിക്കുകയും വിവിധയിനം രോഗികളെ സൗഖ്യമാക്കുകയും ചെയ്യുന്നു. അദ്ദേഹം ഉയരം കൂടിയവനും നല്ല ശരീരവടിവുള്ളയാളും ആരുടെയും സ്നേഹബഹുമാനാദികൾ പിടിച്ചുപററുവാൻ കഴിവുള്ള മുഖവടിവോടു കൂടിയവനുമാണ്. അദ്ദേഹത്തിന്റെ മുടി പുതുവീഞ്ഞിന്റെ നിറത്തോടു കൂടിയതും ചുവട്ടിൽനിന്ന് അഗ്രംവരെ ചുവന്ന് സ്വർണ്ണനിറത്തോടു കൂടിയതും തോളുവരെ നീണ്ടുകിടക്കുന്നതുമത്രെ. നെററിയുടെ നേരെ മുടി രണ്ടായി ഭാഗിച്ച് രണ്ടു വശത്തോട്ടും കിടക്കുന്നു. നെററിത്തടം വിരിഞ്ഞതും ഭംഗിയുള്ളതും മുഖം പാടുകളില്ലാതെ ശ്രീയോടുകൂടിയതുമാണ്. താടി ഇടതൂർന്ന് വളർന്നു നിൽക്കുന്നതും മുടിയുടെ നിറത്തോട് അനുരൂപവുമാണ്. ചാരനിറമുള്ള കണ്ണുകൾ തിളക്കം നന്നായിക്കാട്ടുകയും ചെയ്യുന്നുണ്ട്. തന്റെ ഉദ്ബോധനങ്ങൾ ഭയം ജനിപ്പിക്കുന്നതും പഠിപ്പിക്കലുകൾ സ്നേഹനിർഭരവും ശാന്തവും തന്നെ. അദ്ദേഹം ഒരിക്കലും ഇളകി ചിരിക്കാത്തവനാണെങ്കിലും ചിലപ്പോഴൊക്കെ കരയും.

താൻ നേരെ നിൽക്കുന്നവനും തന്റെ കൈകൾ വലുപ്പമുള്ളവയും മനോഹരവുമാണ്. അദ്ദേഹം കുറച്ചു മാത്രമേ സംസാരിക്കുന്നുള്ളുവെങ്കിലും അത് മഹത്വം സ്ഫുരിക്കുന്ന രൂപത്തിലും ഭാവത്തിലുമാണ്. എല്ലാററിലും ഉപരിയായി താൻ ലോകത്തിലേക്കും സുമുഖനമത്രെ.' (From Mirror Magazine Dec. 1977 Article by George V. Hardinge).



2. ഇതു കർത്താവിന്റെ ആകാര വർണ്ണനയാണെങ്കിൽ ഇനി പറയാനുള്ളത് തന്റെ ഒരു എഴുത്തിനെപ്പററിയാണ്. താൻ വിദ്യാഭ്യാസം ചെയ്തിട്ടില്ലെങ്കിലും (യോഹ. 7: 15) എഴുതിയെന്നാണ് ചില പ്രാചീന രേഖകളിൽ കാണുന്നത്. സുവിശേഷങ്ങളിലും 'നിലത്തെഴുതിക്കൊണ്ടിരുന്നു' എന്നു സൂചിപ്പിക്കുന്ന സന്ദർഭങ്ങളുണ്ട് (യോഹ. 8: 7; 8: 8). ഇത് പരസ്പര വിരുദ്ധമെന്ന് തോന്നുമെങ്കിലും വിശ്വാസികൾക്ക് ഇതൊരു പ്രശ്നമേയല്ല. ദൈവപുത്രന് സാദ്ധ്യമല്ലാത്തതൊന്നുമില്ലെന്നല്ലേ നാം വിശ്വസിക്കുന്നത്?

യൗസേബിയോസ് എന്ന ചരിത്രകാരൻ എദേശ (Edessa) രാജ്യത്തെ റിക്കാർഡ് പുരയിൽ പുരാവസ്തു പരിശോധന നടത്തുന്നതിനിടയിൽ ഒരു എഴുത്ത് കണ്ടെടുത്തിട്ടുള്ളതായി പ്രസ്താവിക്കുന്നതിനു പുറമെ അതിന്റെ മൂലഭാഷയായ സുറിയാനി (Aramaic) യിൽനിന്ന് പദാനപദം ഗ്രീക്കിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുള്ളതാണെന്നും തറപ്പിച്ചു പറയുന്നുണ്ട്. അബ്ഗാർ എന്ന ഭരണകർത്താവ് നമ്മുടെ രക്ഷകന് എഴുതിയിട്ടുള്ളതും അനനിയാസ് (Ananias) എന്ന ഓട്ടക്കാരനിലൂടെ (അങ്ങിനെയായിരുന്നു പഴയ കാലത്ത്) യെറുശലേമിലേക്ക് അയച്ചിട്ടുള്ളതുമായ ആ എഴുത്തിന്റെ തനിപ്പകർപ്പാണ് താഴെക്കാണുന്നത്.

'അബ്ഗാർ ഉക്കാമ (Abgar Uchama) എന്ന ഭരണകർത്താവിൽനിന്ന് യറുശലേമിലെ ഒരു ഭാഗത്ത് പ്രത്യക്ഷപ്പെട്ട യേശു എന്ന രക്ഷകന് അഭിവാദനങ്ങൾ,

ഔഷധങ്ങൾ ഒന്നും കൂടാതെ അങ്ങ് രോഗശാന്തി വരുത്തുന്നുവെന്ന് ഞാൻ കേട്ടിട്ടുണ്ട്. അങ്ങ് മരിച്ചവരെ ഉയിപ്പിക്കുകയും ദീർഘനാൾ രോഗത്തിലായിരിക്കുന്നവരെ സുഖപ്പെടുത്തുകയും പിശാചുക്കളെ പുറത്താക്കുകയും കുഷ്ഠരോഗികളെ വെടിപ്പാക്കുകയും മുടന്തന്മാരെ നടത്തുകയും കുരുടന്മാർക്ക് കാഴ്ച കൊടുക്കുകയും ചെയ്യുമെന്നാണ് ഞാൻ കേൾക്കുന്നത്. ഇതെല്ലാം കേട്ടിട്ട് ഒന്നുകിൽ ദൈവം ആകാശത്തുനിന്നിറങ്ങി വന്നതോ അല്ലെങ്കിൽ ഇക്കാര്യങ്ങളെല്ലാം ചെയ്യുവാൻ ദൈവപുത്രൻ ഇറങ്ങിവന്നതോ ആയിരിക്കണം. അതുകൊണ്ട് ഞാൻ അങ്ങയോട് യാചിക്കുന്നു. അങ്ങ് ബുദ്ധിമുട്ട് സഹിച്ച് എന്റെ

---

വേണ്ടത്ര പ്രേഷിതരെ നിയോഗിച്ച് അതിനെ തളരാതെ വളരുന്നതാക്കിത്തീർക്കണമെന്നും രാജാവ് വൈസ്രോയിയോടും ഗാർഷ്യയോടും ആവശ്യപ്പെട്ടു. ഈ രാജകല്പന ഗാഷ്യയെ കൂടുതൽ ധൈര്യവാനാക്കി എന്തും ചെയ്യുവാൻ പിന്തുണയേകി. അതിന്റെ തണലിൽ ആയിരുന്നു പിന്നീടുണ്ടായ നീക്കങ്ങൾ. വൈസ്രോയി രാജകല്പനാനുസരണം നീങ്ങി.

## 'നിസഹായനായ സാമന്തൻ'

കൊച്ചിരാജാവ് അർക്കദിയാക്കോനുള്ള പിന്തുണ പിൻവലിച്ചു ഗാർഷ്യയെ പിന്താങ്ങി. അർക്കദിയാക്കോൻ തന്റെ ആസ്ഥാനം തൃപ്പൂണിത്തുറനിന്നും ഇടപ്പള്ളിക്ക് മാററി. (അർക്കദിയാക്കോന്മാരുടെ ആസ്ഥാനം ആദികാലങ്ങളിൽ കൊടുങ്ങല്ലൂരും അതിന്റെ നാശശേഷം അങ്കമാലിയും രണ്ടാം ആസ്ഥാനം ഇടപ്പള്ളിയും സ്വന്തജന്മ ഇടവക കുറവിലങ്ങാടും ആയിരുന്നു).

ഇടപ്പള്ളി രാജാവിന്റെ സഹായത്താൽ അവിടത്തെ പള്ളികൾ രണ്ടും കൈവശപ്പെടുത്തി. ഈ അവസരത്തിൽ തന്റെ ശക്തിപ്രകടനത്തിനായി ഗാർഷ്യാ തൃപ്പൂണിത്തുറയും ചുററുപാടുമുള്ള പള്ളികളിലും ഇടവക സന്ദർശനം നടത്തി. അർക്കദിയാക്കോൻരണ്ടു വഷം തുടർച്ചയായി അവിടെ താമസിച്ചിരുന്നു.

(തുടരും)

---


## മസ്കററ് സ്കോളർഷിപ്പ്

പതിവുപോലെ ഈ വർഷവും മസ്കററ് മാർ ഗ്രീഗോറിയോസ് ഇടവകക്കാർ കേരളത്തിൽ പ്രീഡിഗ്രി ഒന്നാം വർഷം പഠിക്കുന്ന കുട്ടികളിൽ നിന്ന്, വിദ്യാഭ്യാസ സഹായത്തിനുള്ള സ്കോളർഷിപ്പിന് അപേക്ഷകൾ ക്ഷണിക്കുന്നു.

അപേക്ഷകർ 1987 ൽ S S C/SSLC ഫസ്ററ് ക്ളാസായവരും ഓർത്തഡോക്സ് സഭാംഗങ്ങളും, മാതാപിതാക്കളുടെ വാർഷിക വരുമാനം 3000 രൂപയിൽ കൂടാത്തവരുമായിരിക്കണം.

ഇതിലേക്കുള്ള അപേക്ഷാഫാറത്തിന് ആഗസ്ററു 30 നു മുമ്പ് സെക്രട്ടറി മസ്ക്കററ് സ്കോളർഷിപ്പു് C/o മലങ്കരസഭ കോട്ടയം—38. എന്ന വിലാസത്തിൽ ആവശ്യപ്പെടുക.

## വിവാഹ സഹായ ഫണ്ട്

മസ്കററ് മാർ ഗ്രീഗോറിയോസ് ഇടവകയിൽനിന്ന് പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് സാമ്പത്തിക സഹായം ലഭിക്കുന്നതിന് ഈ വർഷവും അപേക്ഷ ക്ഷണിക്കുന്നു. കേരളത്തിൽ തങ്ങളുടെ മക്കളുടെ വിവാഹച്ചെലവുകൾക്ക് സാമ്പത്തികമായി ഞെരുങ്ങുന്നവർ ഇതിലേക്കുള്ള അപേക്ഷ സെക്രട്ടറി, മസ്ക്കററ് MAF, C/o മലങ്കരസഭ കോട്ടയം— 38 എന്ന വിലാസത്തിൽ അയയ്ക്കണം.

അപേക്ഷകന്റെ സാമ്പത്തിക സ്ഥിതിയെപ്പററിയും മററുമുള്ള ശുപാർശയും വികാരിയച്ചന്റെ സർട്ടഫിക്കററും അപേക്ഷയോടുകൂടി അയച്ചിരിക്കണം. 1987 സെപ്ററംബർ 15 വരെ ലഭിക്കുന്നഅപേക്ഷകളെ ഈ വർഷം സ്വീകരിക്കുകയുള്ളൂ. ഈ കാര്യങ്ങൾക്ക് മറെറവിടെങ്കിലും അപേക്ഷഅയച്ചിട്ടുള്ളവരുടെ അപേക്ഷ പരിഗണിക്കുന്നതല്ല.

സെക്രട്ടറി, മസ്ക്കററ് സ്കോളർഷിപ്പ്

അരികിൽ വന്ന് എന്റെ രോഗം സൗഖ്യമാക്കണം. അങ്ങേയ്ക്ക് എതിരായി യഹൂദന്മാർ പിറുപിറുക്കുകയും ഉപദ്രവങ്ങൾ സൃഷ്ടിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ടെന്ന് ഞാൻ കേൾക്കുന്നു. എനിക്ക് ഒരു ചെറിയ പട്ടണമുണ്ട്. അത് ചെറുതാണെങ്കിലും മനോഹരമാണ്. നമുക്ക് രണ്ടിനുംകൂടി അതു മതിയാകും.'

ഈ എഴുത്തിന് മറുപടിയായി ഈ ദൂതൻവശം തന്നെ അബ്ഗാറിന് കർത്താവ് കൊടുത്തയച്ച എഴുത്തിലെ ഉള്ളടക്കം ഇതാണ്.

'എന്നെ കാണാതെ എന്നിൽ വിശ്വസിച്ച നീ അനുഗ്രഹിക്കപ്പെട്ടവൻ. എന്നെ കണ്ടിട്ടും വിശ്വസിക്കാതിരിക്കുകയും, എന്നെ കാണാത്തവർ എന്നും ജീവിക്കേണ്ടുന്നതിനുവേണ്ടി എന്നിൽ വിശ്വസിക്കുകയും ചെയ്യുമെന്ന് എന്നെപ്പററി എഴുതിയിരിക്കുന്നു. എന്തിനുവേണ്ടി എന്നെ അയച്ചുവൊ ആ കാര്യങ്ങളെല്ലാം പൂർത്തിയാക്കുകയും അതിനുശേഷം എന്നെ അയച്ചവന്റെ സമീപത്തേക്ക് കയറിപ്പോകുകയും ചെയ്യേണ്ടിയിരിക്കുന്നു എന്ന മറുപടിയാണ് അങ്ങോട്ടു വരണമെന്നുള്ള എഴുത്തിന് ഞാൻ തരുന്നത്. ഞാൻ മേല്പോട്ട് എടുക്കപ്പെട്ടതിനുശേഷം എന്റെ ശിഷ്യന്മാരിൽ ഒരുവനെ നിങ്ങളുടെ രോഗശാന്തിക്കുവേണ്ടിയും നിങ്ങൾക്കും നിങ്ങളുടെ കൂടെയുള്ളവർക്കും നിത്യജീവൻ നൽകുവാനും അയക്കുന്നതായിരിക്കും.'

ഇനിയും പേരുകൊണ്ട് സുവിശേഷങ്ങൾക്ക് സമാനമെന്ന് വിശേഷിപ്പിക്കാവുന്ന ഒരു ഗ്രന്ഥമുണ്ട് 'എബ്രായസുവിശേഷം'. 13–ാം നൂററാണ്ടുവരെ ക്രിസ്തീയ സഭകളിൽ ചിലയിടങ്ങളിലെല്ലാം ആരാധനയ്ക്കിത് ഉപയോഗിച്ചുകൊണ്ടിരുന്നതായിട്ടാണ് ചരിത്രം പറയുന്നത്. എബ്രായ ഭാഷയിൽ എഴുതപ്പെട്ടിരുന്ന ഇത് യഹൂദക്രിസ്ത്യാനികളാണ് മുഖ്യമായും അന്നുപയോഗിച്ചുകൊണ്ടിരുന്നത്. ഓറിജൻ (Origen) എന്ന പുരോഹിത ചരിത്രകാരനും ഇതുപയോഗിച്ചുകൊണ്ടിരുന്നതായി രേഖകൾ ചൂണ്ടിക്കാട്ടുന്നുണ്ട്. ഏകദേശം മത്തായി എഴുതിയ സുവിശേഷത്തിന്റെ പ്രതീതിജനിപ്പിക്കുമെങ്കിലും അതിനേക്കാൾ ഇത് ഹ്രസ്വമാണ്.

ഈ സുവിശേഷത്തിലാകട്ടെ മററു സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത ഒരു വസ്തുത ലഭ്യമാണ്. നമ്മുടെ കർത്താവ് ഉയിർത്തെഴുന്നേററശേഷം തന്റെ തിരുശരീരം പൊതിഞ്ഞിരുന്ന

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



ദീനാമ്മ, ഷാർജാ.



## ബാലരംഗം — യേശുനാഥന്റെ പൂന്തോട്ടം




കുഞ്ഞനുജന്മാരേ കുഞ്ഞനുജത്തിമാരേ,

യേശുനാഥനെ ആഴമായി സ്നേഹിച്ച ജോൺ ഹാർപ്പറുടെ കഥ ജൂലൈ ലക്കത്തിൽ നാം വായിച്ചു. യേശുനാഥന്റെ സ്നേഹമാധുര്യം ആസ്വദിച്ചവർ മററുള്ളവരെയും ആ ദിവ്യസ്നേഹത്തിൽ പങ്കാളികളാക്കാൻ ശ്രമിക്കും. സമുദ്രത്തിന്റെ ആഴത്തിൽ മുങ്ങി മറയുമ്പോൾപോലും യേശുനാഥനോടുള്ള സ്നേഹംകൊണ്ട് ആ ഭക്തന്റെ ഹൃദയം ജ്വലിച്ചുനിന്നിരുന്നു.

യഥാർത്ഥ ഭക്തന്മാർ ദൈവസ്നേഹത്തിന്റെ ചിറകുകളിൽ സ്വർഗ്ഗോന്നതങ്ങളിലേക്ക് പറന്നുയരുന്നു. ഫ്രാൻസിസ് സാലസ് എന്ന വിശുദ്ധൻ യഥാർത്ഥ ദൈവഭക്തന്മാരെ പരുന്ത്, കഴുകൻ തുടങ്ങി ഉയരങ്ങളിൽ പറക്കുന്ന പക്ഷികളോടാണ് ഉപമിക്കുന്നത്.

മേഘപാളികളെ തൊട്ടുരുമ്മി പറക്കുന്ന പരുന്തുകളോട് ദൈവഭക്തന്മാരെ ഉപമിക്കുന്നത് അർത്ഥവത്താണ്. സ്വർഗ്ഗീയ ചിന്തകൾകൊണ്ട് സുന്ദരമാണ് ഓരോ ദൈവഭക്തന്റെയും ഹൃദയം.

നന്മയും തിന്മയും കൂടികലർന്ന ചില മനുഷ്യരുണ്ട്. അവരുടെ മനസ്സിൽ ചിലപ്പോൾ ദൈവസ്നേഹം മൊട്ടിടും. പക്ഷെ പെട്ടെന്നുതന്നെ അതു നഷ്ടപ്പെടുകയും ചെയ്യും. നെന്മണികൾ കൊത്തിക്കൊറിച്ചുകൊണ്ട് വീട്ടുവളപ്പിലൂടെ നടക്കുന്ന കോഴികളെപ്പോലെയാണ് ഇങ്ങനെയുള്ളവർ.

കോഴികൾ ചിലപ്പോൾ അല്പദൂരം പറക്കും. പക്ഷെ ഭൂമിയിൽനിന്നും അധികദൂരത്തിൽ പറക്കാൻ കോഴികൾക്കു കഴിയുന്നില്ല. പറന്ന് അധികസമയം

കേത്താനാപ്പട്ട് (LINEN) പുരോഹിതന്റെ വേലക്കാരനു കൊടുത്തിട്ട് യാക്കോബ് എന്ന ശിഷ്യനു പ്രത്യക്ഷപ്പെട്ടതായാണ് അതിൽ നിന്നും നമുക്കു ലഭിക്കുന്ന അറിവ്. കർത്താവ് മരണം അനുഭവിക്കുന്ന നാഴിക മുതൽ ഉയിർത്തെഴുന്നേററ് മുഖാഭിമുഖം കാണുന്നതുവരെ താൻ അപ്പം ഭക്ഷിക്കുകയില്ലെന്ന് യാക്കോബ് പ്രതിജ്ഞ ചെയ്തിരുന്നു. കർത്താവ് ഉയിർക്കുകയും യാക്കോബിനു പ്രത്യക്ഷപ്പെടുകയും ചെയ്ത നിമിഷത്തിൽതന്നെ ഒരു മേശയും അതിനോടൊപ്പം അപ്പവും തന്റെ മുമ്പാകെ കൊണ്ടുവരുന്നതിന് നിർദ്ദേശിക്കുകയും ചെയ്തുവെന്നാണ് അതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അപ്പം കയ്യിലെടുത്തു വാഴ്ത്തി നുറുക്കി നീതിമാനായ യാക്കോബിനു നൽകിയിട്ട് ''എന്റെ സഹോദരാ നിന്റെ അപ്പം ഭക്ഷിക്കുക. മനുഷ്യപുത്രൻ ഉറങ്ങിയവരുടെ കൂട്ടത്തിൽ നിന്ന് ഉണർന്നെഴുന്നേററിരിക്കുന്നു'' എന്ന് കല്പിച്ചതായും അതിൽ കാണാനുണ്ട്.

ഇസ്ലാംമതക്കാരുടെ പാരമ്പര്യങ്ങൾ ഉൾക്കൊള്ളുന്ന ''ഹദിത്ത്'' (HADITH) എന്നഗ്രന്ഥത്തിൽ യേശുക്രിസ്തുവിനെ അടിസ്ഥാനമാക്കി വേറൊരു സംഭവം രേഖപ്പെടുത്തിയിരിക്കുന്നത് നോക്കുക.

ഒരു ദിവസം ശിഷ്യന്മാരുമൊത്ത് കർത്താവ് സഞ്ചരിക്കുമ്പോൾ വഴിയരികെ ദുർഗന്ധം പരത്തുന്ന ഒരു ചത്തപട്ടിയുടെ അഴുകിയ ശരീരം കണ്ടിട്ട് ''ഈ ദുർഗന്ധം എത്ര തീഷ്ണമായിരിക്കുന്നു'' എന്ന് ശിഷ്യന്മാർ പറയുകയുണ്ടായി. പക്ഷെ കർത്താവിന്റെ പ്രതികരണം മറെറാരു വിധത്തിലായിരുന്നു. ''അതിന്റെ വെളുത്ത പല്ലുകൾ എത്ര മനോഹരമായിരിക്കുന്നു'' എന്നത്രെ അദ്ദേഹം ചൂണ്ടിക്കാട്ടുന്നത്. ഏതൊരു കാര്യത്തിനും ഒരു നല്ലവശമുണ്ടെന്നും അതിനെപ്പററിയാണ് നാം എപ്പോഴും പറയുകയും ചിന്തിക്കുകയും ചേയ്യേണ്ടതെന്നും അവരേയും ലോകത്തേയും പഠിപ്പിക്കുവാനല്ലെ കർത്താവ് ഇങ്ങനെ അരുൾ ചെയ്തത്?

യേശുക്രിസ്തു ഒരു മിഥ്യയും സങ്കല്പസൃഷ്ടിയുമാണെന്ന് വാദിക്കുന്നവർക്ക് മേല്പറഞ്ഞവയെല്ലാം വഴികാട്ടിയായി ഭവിച്ചിരുന്നെങ്കിൽ!

—o—

# വ്യക്തിത്വ വികസനം വിദ്യാഭ്യാസ സമ്പ്രദായത്തിനാവശ്യം

തോമസ് മാർ അത്താനാസിയോസ്

**തോമ്മാ മാർ ദീവന്നാസിയോസിന്റെ ജന്മശതാബ്ദിയാഘോഷത്തോട് അനുബന്ധിച്ച നടന്ന വിദ്യാഭ്യാസ സെമിനാറിൽ അവതരിപ്പിച്ച അദ്ധ്യക്ഷ പ്രസംഗത്തിന്റെ പ്രസക്ത ഭാഗങ്ങൾ.**

ഭാരതത്തിൽ ഇത്രയധികം പരിഷ്ക്കാരങ്ങൾ വരുത്തിയിട്ടുള്ള മണ്ഡലം വിദ്യാഭ്യാസത്തെ പ്പോലെ മറ്റൊന്നും ഉണ്ടായിട്ടില്ല. ഈ മാററങ്ങളുടെ നീണ്ട പട്ടിക തന്നെ ഇതിന്റെ അത്യധികമായ പ്രാധാന്യത്തെ വ്യക്തമാക്കുന്നതാണ്, പക്ഷെ ഈ മാററങ്ങൾ കൊണ്ടൊന്നും നാം സംതൃപ്തരാകുന്നില്ല. കാരണം വിദ്യാഭ്യാസം അതു് അർഹിക്കുന്ന അവസ്ഥയിലേക്ക് ഉയർന്നിട്ടില്ല എന്നതുതന്നെ. ഗുരുകല വിദ്യാഭ്യാസത്തിൽ ആരംഭിച്ച നമ്മുടെ വിദ്യാഭ്യാസം ഇന്ന് ബഹുജന വിദ്യാഭ്യാസത്തിലേക്കും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലേക്കും ഓട്ടോണമസ് കോളജകളിലേക്കും വളർന്നു കഴിഞ്ഞു, എന്നാൽ ത്വരിതമായ ഈ പരിണതികൾ രാജ്യഗ്രാഹ്യപടുതയോടെയായിരുന്നോ എന്ന് ചരിത്രം പരിശോധിക്കുമ്പോൾ സംശയിച്ചു പോകും.

ഗുരുകല വിദ്യാഭ്യാസത്തിനും അല്ലെങ്കിൽ അനൗപചാരിക വിദ്യാഭ്യാസത്തിനും പിന്നീട കടന്നുവന്ന കൊളോണിയൽ വിദ്യാഭ്യാസത്തിനും അതിന്റേതായ പരിമിതികളും വൈകല്യങ്ങളും ഉണ്ടായിരുന്നു. ഗുരുകല വിദ്യാഭ്യാസം ന്യൂനപക്ഷത്തിന്റേതായിരുന്നു. അക്ഷരാഭ്യാസം ഉന്നതവംശജർക്കു മാത്രം. താഴ്ന്നജാതിക്കാർക്ക് തൊഴിൽ പരിശീലനങ്ങളും. ഫ്യൂഡൽ വ്യവസ്ഥിതിയുടെ നിലനില്പിന് അന്നതൊരാവശ്യമായിരുന്നു. എന്നാൽ ഒരു സാമൂഹ്യവ്യവസ്ഥിയോടുള്ള വിയോജിപ്പ് വിദ്യാഭ്യാസ ലക്ഷ്യത്തെ താറുമാറക്കിയില്ലെ. അന്ന് ശിഷ്യൻ ഗുരുവിനെ അന്വേഷിച്ച് കണ്ടെത്തുന്നു. ശിഷ്യന്റെ കഴിവുകളെ കണ്ടെത്തി ഗുരു, ശിഷ്യനെ സ്വീകരിക്കും. അന്ന ഗുരു ശിഷ്യബന്ധം പവിത്രവും പരിപാവനവുമിയിരുന്നു ഗുരുവിന് ശിഷ്യനിലുള്ള സ്വാധീനം അനിഷേദ്ധ്യവുമായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതിയേ?

ഗുരു, ശിഷ്യരെ അന്വേഷിച്ചലയുന്നു. കൈയിൽ കിട്ടുന്ന കുട്ടികളെ അവന്റെ അഭിരുചികളെ കണക്കാക്കാതെ നിശ്ചിതമായ സിലബസ് അടിച്ചേല്പിച്ച് പഠിപ്പിക്കുന്നു. ശിഷ്യനു ഗുരുവിനെ കണ്ടുകൂടാ. ഗുരു ശിഷ്യനെ അറിയുകയുമില്ല. അന്ന് പഠനം കഴിഞ്ഞിറങ്ങുന്നവിദ്യാർത്ഥി സൽസ്വഭാവിയും പക്വമതിയും ആയിരുന്നെങ്കിൽ ഇന്നത്തെ വിദ്യാർത്ഥി അപക്വമതിയും അസന്തുഷ്ടനും സാമൂഹ്യ വിരുദ്ധനുമായി പുറത്തുവരുന്നു. സ്വഭാവരൂപീകരണത്തിലും വ്യക്തിത്വപരിപോഷണത്തിലും ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം പരാജയപ്പെട്ടെന്നു പറയേണ്ടിയിരിക്കുന്നു. കലാശാലകൾ കലാപശാലകൾ ആകുന്നതിന്റെ പ്രധാനപ്പെട്ട കാരണങ്ങളിൽ ഒന്നിതുതന്നെയാണ്.

കൊളോണിയൽ വിദ്യാഭ്യാസത്തെ നാം പഴിക്കാറുണ്ട്. ബ്രിട്ടീഷുകാർ ഏർപ്പെടുത്തിയ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അപക്വതയെ നാം അവലപിക്കാറുണ്ട്. ബ്രിട്ടീഷുകാർ കുറെ ഗുമസ്തന്മാരെ 'വാർത്തെടുക്കുവാനാണ് ശ്രമിച്ചതെന്ന് പറയാറുമുണ്ട്. ശരിയായിരിക്കാം എങ്കിലും എന്തുലക്ഷ്യം വച്ചിരുന്നോ, അതു പ്രാപിക്കുവാൻ യോഗ്യമായിരുന്നു ആ വിദ്യാഭ്യാസ സമ്പ്രദായം. ഇന്നത്തെ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ലക്ഷ്യം പ്രാപിക്കുവാൻ നമ്മുക്ക് കഴിയുന്നുണ്ടോ?

എൻജീനിയറന്മാരേയും ഡോക്ടന്മാരേയും ശാസ്ത്രസാങ്കേതിക വിദഗ്ധന്മാരേയും പണ്ഡിതന്മാരേയും വാർക്കുക മാത്രമാണോ നമ്മുടെ ലക്ഷ്യം. മനുഷ്യനെ സ്വതന്ത്രനാക്കുകയാണല്ലോ വിദ്യാഭ്യാസം കൊണ്ടുദ്ദേശിക്കുന്നതു്.

'സാ വിദ്യായാ വിമുക്തിയേ'— എന്ന ചൊല്ല് അന്വർത്ഥമാണ്. മനുഷ്യനെ മനുഷനാക്കുന്നതാകണം വിദ്യാഭ്യാസം. മനുഷ്യത്വമുള്ള മനുഷ്യനെ സൃഷ്ടിക്കുന്നതാകണം. എൻജീനിയറന്മാരേയും ഡോക്ടറന്മാരേയും സാങ്കേതിക വിദഗ്ദ്ധന്മാരേയും ഗുമസ്തന്മാരേയും സൃഷ്ടിക്കുവാനല്ലാതെ മഹത്വമുള്ളവരെ സൃഷ്ടിക്കാൻ കഴിഞ്ഞതാണു പരാജയം. രാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം രാഷ്ട്ര പുനർനിർമ്മാണ പ്രക്രിയയിൽ പങ്കുചേരുന്ന ഉത്തമ പൗരന്മാരെ സൃഷ്ടിക്കുന്ന മൂശകളായി വിദ്യാഭ്യാസമണ്ഡലം തീരണം. ''ഓപ്പറേഷൻ തിയററുകളിൽ ജീവൻ മരണപോരാട്ടം നടത്തുന്ന മനുഷ്യ ജീവനു വിലപറയുന്ന ഡോക്ടന്മാരെയും, കൈക്കൂലികൊണ്ട് കീശ വീർപ്പിക്കുന്ന എൻജീനിയറന്മാരേയും, സമൂഹത്തിന്റെ ഇത്തിൾക്കണ്ണികളായി മാറിയ നേതാക്കന്മാരേയും സൃഷ്ടിക്കുവാനല്ലെ നമ്മുടെ വിദ്യാഭ്യാസത്തിനു കഴിഞ്ഞിട്ടുള്ളു.''

മതബോധത്തെ നഖശിഖാന്തം എതിർക്കുന്നവരുടെ ചിന്തകളിലേക്ക് ഈ ചോദ്യം ഞാൻ എറിയുന്നു. സ്വഭാവരൂപവൽക്കരണത്തിനും വ്യക്തിത്വ വികസനത്തിനും ഉപയുക്തമായ എന്തു പദ്ധതികൾ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിലുണ്ട്. ഏതെങ്കിലും മതത്തെക്കുറിച്ച് പഠിപ്പിക്കണമെന്നല്ല. മതബോധം മനുഷ്യനിലുളവാക്കണം. ഒരു മതവും മനുഷ്യനെ ദ്വേഷിക്കുവാൻ പഠിപ്പിക്കുന്നില്ല. മനുഷ്യനെ സ്നേഹിക്കുന്ന മതത്തെ ദ്വേഷിക്കുന്നവൻ മനുഷ്യനെ ദ്വേഷിക്കുന്നവനാണ്. അടുത്തിരുന്ന് പഠിക്കുന്ന സഹപാഠിയെ മനുഷ്യനായി കാണാൻ കഴി



## അപേക്ഷകൾ ക്ഷണിക്കുന്നു

അമേരിക്കയിലെ ന്യൂയോർക്ക് ക്യൂൻസ് സെ. ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക മർത്തമറിയം സമാജം നമ്മുടെ സഭയിലെ സമർത്ഥരും കോളേജ് പഠനത്തിനു സാമ്പത്തികമായി ഞെരുങ്ങുന്നവരുമായ നാല് വിദ്യാർത്ഥികൾക്ക് 1000 രൂപാ വീതം സ്കോളർഷിപ്പ് നൽകുന്നതാണ്. ഇതിന് അർഹരായ വിദ്യാർത്ഥികളിൽനിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു.

അപേക്ഷയോടൊപ്പം രക്ഷകർത്താവിന്റെ വാർഷിക വരുമാനസർട്ടിഫിക്കററും, കഴിഞ്ഞ പരീക്ഷയുടെ മാർക്കലിസ്ററും, ഇപ്പോൾ പഠിക്കുന്ന കോളേജിലെ സർട്ടിഫിക്കററും, ഇടവക വികാരിയുടെ ശുപാർശക്കത്തും ഉണ്ടായിരിക്കണം. അപേക്ഷകൾ ആഗസ്റ്റ് 30-ാം തീയതിക്കു മുമ്പായി സെക്രട്ടറി, എം. എം. എസ്. ക്യൂൻസ് സ്കോളർഷിപ്പ്, C/o. മലങ്കരസഭ, കോട്ടയം—38 എന്ന വിലാസത്തിൽ അയച്ചിരിക്കണം.

മറേറതെങ്കിലും സ്ഥലത്തു് സ്കോളർഷിപ്പിനായി അപേക്ഷിച്ചിട്ടുള്ളവർ ഇതിലേക്ക് അപേക്ഷിച്ചുകൂടാ.

മിസ് റിബേക്കാ മാത്യു
സെക്രട്ടറി

---

കഴിയുംമുമ്പേ അവ പറക്കൽ അവസാനിപ്പിക്കുന്നു. ഇതുപോലെയാണ് ചിലർ. വിഷമവും പ്രയാസവും വരുമ്പോൾ നേർച്ചകാഴ്ചകളുമായി കബറിടങ്ങളിലേക്ക് ഒന്നു പോയെന്നുവരും. മത്സ്യവും മാംസവും മററും വെടിഞ്ഞു് നോമ്പു നോറെറന്നിരിക്കും. പക്ഷെ ഹൃദയത്തിൽ ദൈവസ്നേഹം ജ്വലിക്കാത്തതുകൊണ്ട് അവർക്ക് യഥാർത്ഥ പുണ്യജീവിതം നയിക്കാൻ കഴിയുന്നില്ല.

ചിലർ ഒട്ടകപ്പക്ഷികളെപ്പോലെയാണ്. അവർ ഒരിക്കലും പറക്കുന്നില്ല. ഈ മണ്ണുവിട്ട് പറന്നുയരാൻ അവർക്ക് കഴിയുന്നില്ല. ദൈവസ്നേഹം ഇല്ലാത്ത മനുഷ്യർ ഒട്ടകപ്പക്ഷികളെപ്പോലെയാണെന്ന് വിശുദ്ധനായ ഫ്രാൻസിസ് സാലസ് പറയുന്നു.

കഴുകൻ, കോഴി, ഒട്ടകപ്പക്ഷി ഇതു മൂന്നും മൂന്നു തരത്തിൽപ്പെട്ട മനുഷ്യരുടെ സ്വഭാവത്തെ കാണിക്കുന്നു. യേശുനാഥനോടുള്ള സ്നേഹംകൊണ്ട് നമ്മുടെ ഹൃദയം ജ്വലിക്കുമ്പോൾ കഴുകനെപ്പോലെ ചിറകടിച്ച് സ്വർഗ്ഗോന്നതങ്ങളിലേക്ക് പറന്നുയരുവാൻ കഴിയും.

കുററങ്ങളും കുറവുകളും ഇല്ലാത്ത മനുഷ്യർ ആരുമില്ല. ഈലോക ജീവിതത്തിൽ തെററു പററുക സാധാരണമാണ്. പക്ഷെ ആ തെററുകളിൽ വീണു കിടക്കാതെ അതിൽ പശ്ചാത്തപിക്കുകയും അതു തിരുത്തുകയും ചെയ്യുന്നതിലാണ് ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ മഹത്വം നാം കാണേണ്ടതു്.

ഹൃദയം ദൈവസ്നേഹംകൊണ്ടു നിറയുമ്പോൾ തെററുകളിൽനിന്ന് അകന്നുനിൽക്കാൻ നമുക്കു കഴിയും. ദൈവസ്നേഹമുള്ളവർക്കേ വേദനിക്കുന്ന മനുഷ്യനെ ആശ്വസിപ്പിക്കാൻ കഴിയൂ. യഥാർത്ഥ മനുഷ്യസ്നേഹി ഫലത്തിൽ ദൈവത്തെ സ്നേഹിക്കുന്നവനാണ്.

യേശുനാഥനോടുള്ള സ്നേഹംകൊണ്ട് നമ്മുടെ ഓരോരുത്തരുടെയും ഹൃദയം പ്രഭാപൂർണ്ണമാകട്ടെ. നമുക്ക് അതിനു ഹൃദയപൂർവ്വം ശ്രമിക്കാം.

കഴുകനെപ്പോലെ സ്വർഗ്ഗോന്നതങ്ങളിലേക്ക് ചിറകടിച്ചുയരാം.

എല്ലാ നല്ല ആശംസകളും നേർന്നുകൊണ്ട്,

സ്വന്തം കുഞ്ഞിച്ചായൻ.

# മൈക്കിൾ ഹാച്ചർ ഓർത്തഡോക്സ് പുരോഹിതനായി

ന്യൂയോർക്ക്:

1987 ജൂൺമാസം 20-ാം തീയതി ശനിയാഴ്ച അമേരിക്കയിലെ സ്പ്പോക്കെയിൻ (Spokane) സ്വദേശി മൈക്കിൾ ഹാച്ചർ ന്യൂയോർക്കിലെ ക്യൂൻസ് സെൻറ് ഗ്രീഗോറിയോസ് പള്ളിയിൽവച്ച് തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കശീശാപട്ടം സ്വീകരിച്ചു. ഫാ. സി. ജെ. ജോർജ്, വെ. റവ. കുര്യൻ തോട്ടപ്പുറം, വെ. റവ. തോമ്മസ് മുണ്ടുകുഴി, ഫാ. ജോയി സ്ലീബി, ഫാ. സി. കെ. രാജൻ, ഫാ. കെ. മത്തായി, ഫാ. റ്റി. ഏ. തോമസ് (മെത്രാസന സെക്രട്ടറി) എന്നിവർ അംശവസ്ത്രങ്ങൾ ധരിച്ച് ശുശ്രൂഷയിൽ സംബന്ധിച്ചു. ഡോ. കുര്യൻ തോട്ടപ്പുറം കോറെപ്പിസ്കോപ്പാ സുറിയാനിയിൽനിന്ന് ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്ത പട്ടംകൊടപുസ്തകം ഉപയോഗിച്ചാണ് ശുശ്രൂഷ നടത്തിയത്. പ്രധാന അവസരങ്ങളിൽ ഇംഗ്ലീഷും മലയാളവും സുറിയാനിയും ഒരേ പ്രാർത്ഥനയ്ക്ക് ഉപയോഗിച്ചിരുന്നു.

വി. കുർബ്ബാനമദ്ധ്യേ പട്ടംകൊടശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പ് തിരുമനസ്സുകൊണ്ട് ചെയ്ത പ്രസംഗം ശ്രദ്ധേയമായിരുന്നു. 'സർവ്വശക്തനായ ദൈവം പ്രവർത്തിക്കുന്നവിധം നിസ്സാരനായ മനുഷ്യനു് മനസ്സിലാക്കുവാൻ പ്രയാസമാണ്. മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിൽ ഒരു അമേരിക്കൻ ഓർത്തഡോക്സ് സഭയിൽ ചേർന്ന് ഇവിടെവച്ച് പൗരോഹിത്യം സ്വീകരിക്കുന്നത് ആദ്യസംഭവമാണെന്നു തോന്നുന്നു. ഇവിടെ സ്പ്പോക്കെയിൻ എന്ന സ്ഥലത്ത് മുപ്പതു് അമേരിക്കൻ കുടുംബങ്ങൾ (വെള്ളക്കാർ) നമ്മുടെ സഭയിൽ ചേരുകയും നമ്മുടെ സഭയുടെ വിശ്വാസാനുഷ്ഠാനങ്ങൾ അനുസരിച്ച് ജീവിക്കുകയും ചെയ്തുവരുന്നു. ഇവരെ ഒന്നിച്ചുചേർത്ത് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് സൊസൈററി എന്ന ഒരു സംഘടനയും രൂപീകരിച്ചിട്ടുണ്ട്. കൂടുതൽ അമേരിക്കക്കാർ ആ സംഘടനയിൽ ചേരുവാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. മലങ്കരസഭ ലോകവ്യാപകമായി വളന്നു എങ്കിലും വിവിധ ഭാഷക്കാരെയും, നിറക്കാരെയും, സംസ്കാരക്കാരെയും അനവധിയായി ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. 'നിങ്ങൾ ഭൂലോകം ഒക്കെയിലും പോയി സകല ജാതികളെയും എന്റെ ശിഷ്യരാക്കിക്കൊള്ളുവിൻ' എന്ന് കർത്താവു കല്പിച്ച തിരുവചനം നിറവേററുവാനുള്ള ചുമതല നമുക്കുണ്ടെന്നു നാം അറിയണം. മുപ്പതോളം ഭവനങ്ങൾ നമ്മുടെ സഭയിൽ ചേരുവാനും മി. മൈക്കിൾ ഹാച്ചർ പുരോഹിതനാകുവാനും കാരണം മിസ്സിസ് മൈക്കിൾ ഹാച്ചർ എന്ന വനിതയാണ്.

പട്ടാഭിഷേക ശുശ്രൂഷാനന്തരം മാർ ഗ്രീഗോറിയോസ് സൊസൈററിയുടെ വിവിധ ചെലവുകൾക്കും ഫാ. മൈക്കിൾ ഹാച്ചറിനെ കോട്ടയത്തുള്ള നമ്മുടെ സെമിനാരിയിൽ അയച്ച് നമ്മുടെ സഭാപാരമ്പര്യങ്ങളും ആചാരാനുഷ്ഠാനങ്ങളും മററും കൂടുതൽ മനസ്സിലാക്കുന്നതിനു് ഒരു ഹ്രസ്വകാലകോഴ്സിൽ സംബന്ധിപ്പിക്കുന്നതിനും മററുമായി കൂടിയിരുന്നവർ തിരുമനസ്സിലെ നിർദ്ദേശപ്രകാരം 7000 ഡോളർ (Rs. 90000) ഉടൻതന്നെ ശേഖരിച്ചു. തുടന്നു നടന്ന അനുമോദനയോഗത്തിൽ അഭിവന്ദ്യ തിരുമേനി അദ്ധ്യക്ഷത വഹിച്ചു. വൈദികരും അവൈദികരുമായ പലരും അനുമോദനം അപ്പിച്ചുകൊണ്ട് പ്രസംഗിക്കുകയും നവ വൈദികനു് പാരിതോഷികങ്ങൾ നൽകുകയും ചെയ്തു. ഫാ. മൈക്കിൾ ഹാച്ചറിന്റെ മറുപടി പ്രസംഗത്തിൽ മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തോടും അതിൽ വാണരുളുന്ന പ. കാതോലിക്കാബാവാ തിരുമേനിയോടും പ. സുന്നഹദോസിനോടും അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്താ തിരുമേനിയോടും ഉള്ള ഭക്തിയും ബഹുമാനവും പ്രകടമാക്കി. മലങ്കരസഭയുടെ കനോനകൾക്കും പ. പിതാക്കന്മാരുടെ ശാസനകൾക്കും വിധേയമായി തന്നെ ഏല്പിക്കുന്ന ചുമതലകൾ ദൈവാശ്രയത്തോടെ ചെയ്യുമെന്നും ഉറപ്പിച്ചു പറഞ്ഞു. അതിപുരാതനമായ മലങ്കര ഓർത്തഡോക്സ് സഭയിൽ ഒരു വൈദികനാകാൻ തന്നെ സഹായിച്ച തന്റെ മാതാവിനെയും ഭാര്യയേയും അഭിനന്ദിച്ചു. പട്ടാഭിഷേക ചടങ്ങുകളിൽ പങ്കാളികളായ വൈദികരെയും സംബന്ധിച്ച ജനങ്ങളേയും തന്റെ ആദരവുകൾ അറിയിച്ചു. ക്യൂൻസ് പള്ളിവികാരി സ്വാഗതവും ട്രസ്റ്റി കൃതജ്ഞതയും പറഞ്ഞു. പ. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ നടത്തിയ ധൂപപ്രാർത്ഥനയോടുകൂടി ചടങ്ങുകൾ പര്യവസാനിച്ചു.

---

യാതെ അവന്റെ നേരെ കത്തിയോങ്ങുന്ന വിദ്യാർത്ഥി സമൂഹമനസാക്ഷിയുടെ നേരെയുള്ള ഒരു ചോദ്യ ചിഹ്നമാണ്.

വ്യക്തിത്വ വികസനത്തിനും ധാർമ്മിക മൂല്യങ്ങൾക്കും ഊന്നൽ കൊടുക്കുന്നതുമായ ഒരു വിദ്യാഭ്യാസ സമ്പ്രദായം വാർത്തെടുക്കുന്നതിനു് നമ്മുക്ക് കഴിയട്ടെ. അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം.

—o—



# സഭയുടെ സമഗ്രവികസനം അനിവാര്യം

## പരിശുദ്ധ കാതോലിക്കാബാവാ

ഇരുപത്തിയൊന്നാം നൂററാണ്ടിലേക്കു കുതിക്കുന്ന സഭയുടെ സമഗ്ര വികസനത്തെ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾക്ക് രൂപരേഖ നല്കേണ്ടിയിരിക്കുന്നുവെന്ന് പരിശുദ്ധ ബസ്സേലിയോസ് മാത്തോമ്മാ മത്യൂസ് പ്രഥമൻ കാതോലിക്കാബാവാ പ്രസ്താവിച്ചിരിക്കുന്നു. അതിനു് സഭയോട് താല്പര്യവും ചുറുചുറുക്കുമുള്ള സഭാമക്കൾ മുന്നോട്ട് കടന്നുവരണം.

1987 ജൂലൈ 7-നു കോട്ടയം പഴയസെമിനാരിയിൽവച്ച് കൂടിയ മലങ്കരസഭാ 'മാനേജിങ്ങ് കമ്മററി'യുടെ വിശേഷാൽ യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചു സംസാരിക്കുകയായിരുന്നു പരി. കാതോലിക്കാബാവാ.

ഒരു പ്രത്യേക തലത്തിൽമാത്രം ഒതുങ്ങിനില്ക്കാതെ സഭയാഗോളമായി സമഗ്രപുരോഗതിയിലേക്ക് നീങ്ങുക എന്നതാണ് സഭയുടെ ഇന്നത്തെ ആവശ്യം എന്ന് പരി. ബാവാ പറഞ്ഞു. വ്യക്തികളായും സമൂഹങ്ങളായും ഈദൃശ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ മുന്നോട്ട് വന്നിട്ടുണ്ട്. ഇനിയും വരേണ്ടിയുമിരിക്കുന്നു. സഭാഭ്രഷ്ഠൻ–സ്ഥാനങ്ങൾ നല്കി സഭയാദരിച്ച പി.ജെ. കോശി (ബോംബെ), മത്തായി മാത്യൂസ് എന്നിവരുടെയും മുത്തൂററ് എം. ജി. ജോർജ്ജിന്റെയും സ്തുത്യർഹമായ സേവനത്തെ പരി. ബാവാ ശ്ലാഘിച്ചു.

കഴിഞ്ഞ മാനേജിങ്ങ് കമ്മററിക്കു–4 ഏപ്രിൽ 87 – ശേഷം നടന്ന പ്രധാന സംഭവങ്ങൾ പ. ബാവാ ഉപക്രമത്തിൽ അവലോകനം ചെയ്തു. നമ്മൾ വിഭാവനം ചെയ്ത വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനു് ആവശ്യമായ പണം സ്വരൂപിക്കുക, എം. ഡി. സെൻററിലുള്ള കെട്ടിടങ്ങളുടെ പണി പൂർത്തികരിക്കുക, സുൽത്താൻബത്തേരി ഭദ്രാസനത്തിലേക്ക് പുതിയ മെത്രാപ്പോലീത്തായെ വാഴിക്കുക, വൈദിക ട്രസ്റ്റിയെ തെരഞ്ഞെടുക്കുക എന്നിങ്ങനെ ഉടൻ ചെയ്തുതീർക്കേണ്ട കാര്യങ്ങളിലേക്ക് പരി. ബാവാ വിരൽ ചൂണ്ടി.

തിരുവനന്തപുരം, അമേരിക്ക, തുമ്പമൺ എന്നീ ഭദ്രാസനങ്ങളിലുള്ള ചില പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തേണ്ടതിന്റെ ആവശ്യകതയെകുറിച്ച് പരി. ബാവാ ഉദ്ബോധിപ്പിച്ചു. എല്ലാററിനും ശാശ്വത പരിഹാരം ദൈവത്തിൽനിന്നുമാണ് ലഭിക്കേണ്ടതു്; അതിനായി നാം മുട്ടിപ്പായി പ്രാർത്ഥിക്കണം. സഭയുടെ ആദ്ധ്യാത്മിക നവോത്ഥാനത്തിനായി ചിന്തിക്കുന്ന ഈ അവസരത്തിൽ – മാനേജിങ്ങ് കമ്മററിയിൽ – ദൈവത്തിന്റെ അളവററ കാരുണ്യം അനുഭവിക്കുന്നതിനു് നമ്മെ എന്നും ശക്തരാക്കട്ടെ! എന്ന് പരി. കാതോലിക്കാബാവാ ആശംസിച്ചു.

---

ക്യൂൻസ് പള്ളിയുടെ വകയായി ആഗതരായ എല്ലാവക്കും വിഭവസമൃദ്ധമായ ഉച്ചഭക്ഷണം നൽകി. 21-ാം തീയതി ഞായറാഴ്ച ക്യൂൻസ് പള്ളിയിൽ നവവൈദികൻ മക്കാറിയോസ് തിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

അമേരിക്കയിലുള്ള മലങ്കരസഭയുടെ മക്കൾ ഈ സംഭവത്തെ സഭാചരിത്രത്തിൽ രേഖപ്പെടുത്തേണ്ട ഒരു പ്രധാന സംഭവമാണെന്ന് കരുതുന്നു. കേരളത്തിൽ ഒതുങ്ങിനിന്ന നമ്മുടെ സഭ ഭാരതത്തിലും തുടർന്ന് ഭാരതത്തിനു പുറത്ത് ലോകമാസകലവും വളരുന്ന അഭികാമ്യമായ നില കണ്ട് ആനന്ദപുളകിതരാകുവാൻ നമുക്ക് ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

—o—

### ചാക്കോപിള്ളയുടെ നിര്യാണത്തിൽ അനുശോചനം

കോലഞ്ചേരി മലങ്കര മെഡിക്കൽ മിഷ്യൻ ആശുപത്രിയുടെ സ്ഥാപകനും മുൻ മാനേജിങ്ങ് കമ്മററി അംഗവുമായിരുന്ന ചാക്കോപിള്ളയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടാണ് ഈപ്രാവശ്യത്തെ മാനേജിങ്ങ് കമ്മററി പ്രധാന ചച്ചയിലേക്ക് പ്രവേശിച്ചതു്.

## ഷാർജാ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചാരിററി കമ്മററി 1987–88 സ്ക്കൂൾ വർഷത്തേക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു

(നിർദ്ധനരും സമർത്ഥരുമായ, സ്കൂൾ, കോളജ്, ടെക്നിക്കൽ സ്ഥാപനങ്ങൾ (S. S. C. ക്ക് ശേഷമുള്ള പഠനത്തിന് മുൻഗണന) ഇവയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്കോളർഷിപ്പിനു വേണ്ടി The Vicar, P. O. Box 2229 SHARJAH, U. A. E. എന്ന മേൽവിലാസത്തിൽ സെപ്ററ ബർ 30–നകം ഇവിടെ കിട്ടിയിരിക്കത്തക്കവിധം അപേക്ഷകൾ അയയ്ക്കാവുന്നതാണ്.

**അപേക്ഷയിൽ താഴെ പറയുന്ന വിവരങ്ങൾ കാണിച്ചിരിക്കണം**

1. അപേക്ഷകൻെറ പേര്. 2. രക്ഷകർത്താവിൻെറ പേരും വിലാസവും.
3. രക്ഷകർത്താവിൻെറ ജോലിയും വാർഷിക വരുമാനവും. 4. ഇടവക. 5. ഭദ്രാസനം.
6. മററു എവിടെങ്കിലും സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുണ്ടെങ്കിൽ ഏതു് ?

**അപേക്ഷയോടൊപ്പം ഉണ്ടായിരിക്കേണ്ട സർട്ടിഫിക്കററുകൾ**

1) അവസാനം പാസ്സായിട്ടുള്ള പബ്ളിക്ക് പരീക്ഷയുടെ അററസ്ററ് ചെയ്ത മാർക്ക്ലിസ്റ്റ്.
2) പഠിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനത്തിലെ പ്രിൻസിപ്പാളിൻെറ കോഴ്സ് സർട്ടിഫിക്കേററ്, സർട്ടിഫിക്കേററിൻെറ ഒറിജിനൽ അയച്ചിരിക്കണം. കോപ്പി സ്വീകാര്യമല്ല.
3) ഇടവക വികാരിയുടെ ശുപാർശ കത്ത്.

അപേക്ഷകൾ ഇടവകവികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം. അവസാനം പാസ്സായിട്ടുള്ള പരീക്ഷയ്ക്ക് 45% മാർക്കിൽ കുറവുള്ളവരുടെ അപേക്ഷകളും പൂർണ്ണമായ വിവരങ്ങൾ ഇല്ലാത്ത അപേക്ഷകളും പരിഗണിക്കുന്നതല്ല.

ഈ സ്കോളർഷിപ്പ് ലഭിച്ചുകൊണ്ടിരിക്കുന്ന മുൻവർഷങ്ങളിലെ വിദ്യാർത്ഥികളിൽ തുടർന്നു പഠിക്കുന്നവർ സ്കോളർഷിപ്പ് ആവശ്യമുള്ളപക്ഷം കോഴ്സ് സർട്ടിഫിക്കററ് അയച്ചുതന്നാൽ മതിയാകും. എന്നാൽ പുതിയ കോഴ്സിനാണ ചേർന്നു പഠിക്കുന്നതെങ്കിൽ പുതിയ അപേക്ഷകൾ അയച്ചിരിക്കേണ്ടതാണ്.

വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, ഭവനനിർമ്മാണ സഹായം എന്നിവയ്ക്കുവേണ്ടിയും വികാരിയുടെ ശുപാർശക്കത്തോടുകൂടെ അപേക്ഷകൾ അയയ്ക്കാവുന്നതാണ്. സാധാരണ തപാലിൽ മാത്രമേ അപേക്ഷകൾ അയയ്ക്കാവൂ. Registered Post-ൽ അയയ്ക്കുന്ന തപാലുകൾ സ്വീകരിക്കുന്നതല്ല.

പുതുതായി അപേക്ഷിക്കുന്നവർ അപേക്ഷയുടെ ഒരു കോപ്പി മാനേജർ, മലങ്കരസഭ കോട്ടയം–38 എന്ന മേൽവിലാസത്തിൽ അയച്ചിരിക്കണം. അല്ലാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

എന്നു്, വികാരി.




എഞ്ചിനിയർ അടങ്ങപ്പുറത്തു് എ.എം. മാത്യു ഡയറക്ടറായും ! ആർക്കിടെകട് എഞ്ചിനിയർ തോമസ് പണിക്കർ, എഞ്ചിനിയർ കെ. സി. മാത്യു തയ്യിൽകണ്ടത്തിൽ എന്നിവർ അംഗങ്ങളായും പോൾ മത്തായി കൺവീനർ ആയുംമുള്ള ഒരു സമിതിയെ യോഗം നശ്ചയിച്ചു. AEB Wing ൻെറ ഭരണഘടനയും സമ്മേളനം അംഗീകരിച്ചു.

### മലങ്കര അസോസിയേഷൻ 1987 ഡിസംബർ 29 ന്

മേൽപ്പട്ടസ്ഥാനത്തേക്കും വൈദിക ട്രസ്ററി സ്ഥാനത്തേക്കും ഒരോരുത്തരെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി 'മലങ്കര അസോസിയേഷൻ' 1987 ഡിസംബർ 29 ന് കൂടണമെന്നു് മാനേജിങ്ങ് കമ്മററി ഐകകണ്ഠ്യേന തീരുമാനിച്ചു.

മലങ്കര അസോസിയേഷൻ സംബന്ധമായ പരാതികൾ കേട്ട് തീർപ്പുകല്പിക്കുന്നതിലേക്ക് ജോസഫ് മാർ പക്കോമിയോസ് മെത്രാപോലീത്ത പ്രസിഡൻറായുള്ള ട്രൈബ്യൂണൽ കമ്മററിയെയും യോഗം തെരഞ്ഞെടുത്തു. ഫാ. കെ. ജി. തോമസ്, ഫാ. പി. ജോർജ്, ജസ്ററീസ് (Rtd) എം. യു. ഐസക്, കെ. എം. മാത്യു മലയാള മനോരമ, അഡ്വ. കെ. ജോർജജ്, അഡ്വ. എ. ഇസഡ് ജേക്കബ് എന്നിവരാണ് ട്രൈബ്യൂണൽ കമ്മററിയംഗങ്ങൾ.

മലങ്കര അസോസിയോഷൻ യോഗം നടത്തുന്നതിനു് മുൻപതിവു് അനുസരിച്ചുള്ള ക്രമീകരണങ്ങൾ സംബന്ധിച്ച പ്രമേയങ്ങൾ അസോസിയേഷൻ സെക്രട്ടറി യോഗത്തിൽ അവതരപ്പിച്ചു.

### മാനേജിങ്ങ് കമ്മററി ഒക്ടോബർ 2–ന്.

മാനേജിങ്ങ് കമ്മററിയുടെ അടുത്ത സാധാരണ യോഗം 1987 ഒക്ടോബർ 2–ന കൂടണമെന്നു് നിശ്ചയിച്ചു. സഭയുടെ വികസന പദ്ധതികളെപ്പററി ചർച്ച ചെയ്യുന്നതിനു് മാനേജിങ്ങ്കമ്മററിയുടെ വിശേഷാൽ യോഗം വർഷത്തിൽ രണ്ടുപ്രാവശ്യമെങ്കിലും കൂടണമെന്നും അതിൻ പ്രകാരം അടുത്തവിശേഷാൽ യോഗം 1988 ജനുവരിയിൽ നടത്തണമെന്നും തീരുമാനിച്ചു.

### അനുമോദനം

വൈ. എം. സി. എ. യുടെ കേരളാ ഏറിയാ പ്രസിഡൻറും അഖിലേന്ത്യാനാഷണൽ കൗൺസിൽ അംഗവുമായും തെരഞ്ഞെടുക്കപ്പെട്ട ഫാ. മത്തായി നൂറനാലിനെ മനേജിങ്ങ് കമ്മററി അനുമോദിച്ചു. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലിത്താ അനുമോദന പ്രസംഗം നടത്തി.

മാനേജിങ്ങ് കമ്മററിയിൽ പരി. കാതോലിക്കാബാവാ തിരുമേനിയെക്കൂടാത, മാത്യൂസ് മാർ കൂറിലോസ്, ഫിലിപ്പോസ് മാർ തെയോഫിലോസ്, തോമസ് മാർ തീമോത്തിയോസ്, ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, ജോസഫ് മാർ പക്കോമിയോസ്, സഖറിയാസ് മാർ ദിവന്നാസ്യോസ്, മാത്യൂസ് മാർ ബർന്നാബാസ്, ഗീവറുഗീസ് മാർ ദീയസ്ക്കോറോസ്, മാത്യൂസ് മാർ എപ്പിഫാനിയോസ്, ഫീലിപ്പോസ് മാർ യൗസേബിയോസ്, തോമസ് മാർ അത്താനാസിയോസ്, എന്നീ തിരുമേനിമാരും ഭൂരിപക്ഷം മാനേജിങ്ങ് കമ്മററിയംഗങ്ങളും പ്രത്യേകം ക്ഷണിക്കപ്പെട്ടവരും ആദ്ധ്യന്തം പങ്കെടുത്തു.

തികച്ചും സജീവവും നവീനങ്ങളുമായ ആശയങ്ങൾ ചർച്ചചെയ്തു തീരുമാനം എടുക്കുവാൻ കഴിഞ്ഞ പ്രസ്തുത മാനേജിങ്ങ് കമ്മററി സഭയുടെ സമഗ്രവികസനത്തിൻെറ നാന്ദികുറിക്കൽ തന്നെയായിരുന്നു.

—ං—


**MAR BASELIOS CHILDREN'S HOME**

Mannapra (P. O.)
Palghat District, Kerala State

കാലംചെയ്ത പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവാ തിരുമനസ്സിലെ നാമധേയത്തിൽ 1959–ൽ സ്ഥാപിതമായതും ജാതിമതഭേദമെന്യേ അനാഥരായ ആൺകുട്ടികളെയും പെൺകുട്ടികളെയും രണ്ടു പ്രത്യേക ഭവനങ്ങളിൽ പാർപ്പിച്ചും, അവശ്യം വേണ്ട വിദ്യാഭ്യാസം കൊടുത്തും സംരക്ഷിച്ചുവരുന്നതുമായ ഓർത്തഡോക്സ് സഭയിലെ ഈ സ്ഥാപനത്തെ സംഭാവനയാലും പ്രാർത്ഥനകൾ മൂലവും സഹായിക്കണമെന്നപേക്ഷിക്കുന്നു.

C. T. George
Managing Director.

# താരകയിലെ നിരൂപണത്തിന് ഒരു പ്രത്യാഖ്യാനം (ii)

ജോർജ് വർഗീസ്, മദ്രാസ്

## മാർ മത്യൂസ് അത്താനാസ്യോസ്

ഇതു സംബന്ധിച്ച് 18–3–1116–ൽ ശ്രീ. ചിത്രമെഴുത്ത് വർഗീസ് ഒരു പാസ്റ്റർ കെ. ഈ. ഏബ്രഹാമിന് അയച്ച ഒരു കത്തിന്റെ (സ്വഹസ്ത ലിഖിതം) പകർപ്പിൽ പറയുന്നത് പ്രത്യേകം ശ്രദ്ധേയമാണ്. അത് ഇപ്രകാരമാണ്.

ഇദ്ദേഹം സ്ഥാനം ഏററു കൊച്ചിയിൽ വന്നിറങ്ങിയപ്പോഴും, ചേപ്പാട്ടു മെത്രാച്ചന്റെ കൂടെ താമസിച്ചകാലത്തും യാക്കോബായ തക്സാ തന്നെയാണ് ഉപയോഗിച്ചത്. കൂറീലോസുബാവാ, ഊർശ്ലേം ബാവാ എന്നിവരോടുകൂടി പള്ളികളിൽ സഞ്ചരിച്ചകാലത്തും യാക്കോബായ തക്സാ ഉപയോഗിക്കുകയും ആ തക്സാ ഉപയോഗിച്ചുള്ളതായ കർമ്മങ്ങളിൽ അദ്ദേഹം അവരോടുകൂടി സംബന്ധിക്കുകയും ചെയ്തു. അബ്രഹാം മല്പാന്റെ ചരമശയ്യയിൽ പോലും മാർ മത്യൂസിന്റെ കുർബാന കൈക്കൊണ്ടില്ലെന്നും മെത്രാച്ചൻ നിർബന്ധിച്ചിട്ടുപോലും കൈക്കൊണ്ടില്ലെന്നും, കൈതയിൽ മൽപാനെ വരുത്തിയാണ് കുർബാന കൊണ്ടതെന്നുമുള്ളതിന് കോവൂരച്ചന്റെ 'സുറിയാനി സഭയിലെ നവീകരണം' എന്ന ചരിത്രോപന്യാസവും മല്പാന്റെ ജീവചരിത്രഗ്രന്ഥവും സാക്ഷ്യം വഹിക്കുന്നു. മല്പാന്റെ ഉപദേശത്തിന് നേരെ എതിരായി യാക്കോബായ (ഓർത്തഡോക്സ്) സഭാ ഉപദേശത്തെയും വിശ്വാസത്തെയും പുലർത്തുന്ന ഒരു വൈദികാദ്ധ്യക്ഷനായി പുറമെ നടിച്ചുകൊണ്ട്, അകമെ മല്പാന്റെ നവീകരണതക്സാ അനുസരിച്ച് കർമ്മാനുഷ്ഠാനം നടത്തിയെന്നുപറയുന്ന പക്ഷം അദ്ദേഹം പരമവഞ്ചകനും ഭീരുവും തന്നെ. ഭീരുത്വമാണല്ലൊ വഞ്ചനയുടെയും കാപട്യത്തിന്റെയും മാതാവ്. അദ്ദേഹം ഒരു ഭീരുവാണെന്ന് ശത്രുക്കൾ പോലും പറയുന്നതല്ല. താൻ യാക്കോബായക്കാരനാണെന്നും, ആ സഭയുടെ മെത്രാപ്പോലീത്തായാണെന്നും പരസ്യമായി ഭാവിച്ച് അതനുസരിച്ച് പ്രവർത്തിക്കുകയും, അതെ സമയം അദ്ദേഹം യാക്കോബായക്കാർ വെറുക്കുന്ന മല്പാന്റെ തക്സാ ഉപയോഗിക്കയും ചെയ്തിരുന്നുവെങ്കിൽ അദ്ദേഹത്തെ അനുഗമിപ്പാൻ ആളുണ്ടാവുകയില്ലായിരുന്നു. റോയൽ കോർട്ടുവിധി പോലും അദ്ദേഹം യാക്കോബായ മെത്രാപ്പോലീത്താ ആണെന്നാണ്. പുലിക്കോട്ടു മാർ ദീവന്നാസ്യോസ്, മാർ മത്യൂസിന്റെ പിൻഗാമിയും അനന്തരവനുമായിട്ടാണ് വ്യവഹാരം നടത്തീട്ടുള്ളത് മാർ മത്യൂസിന് സഭയെ സംസ്കരിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. മല്പാന്റെ നവീകരണാദർശവും പദ്ധതിയും, മെത്രാന്റെ നവീകരണാദർശവുമായി ബന്ധമില്ലായിരുന്നു. രണ്ടും രണ്ടായിരുന്നു. അബ്രഹാം മൽപാന്റെ നവീകരിച്ച തക്സായിൽ പോലും പാത്രിയർക്കീസിനെ തുബ്ദേനിൽ ഓർക്കുന്നു.

അബ്രഹാം മല്പാന്റെ ജീവിതകാലത്ത് കൈതയിൽ മൽപാൻ മാത്രമേ അദ്ദേഹത്തെ അനുകരിച്ചുള്ളൂ. പിന്നീട് അദ്ദേഹം തിരിച്ചുപോന്നു. പഴയ സിമ്മിനാരിയിൽ തിരുത്തിയ തക്സാ പഠിപ്പിച്ചുവോ? ഇല്ല. തിരുത്തിയ തക്സാ പഠിപ്പിച്ചിരുന്നെങ്കിൽ പല സ്ഥലത്തും നിന്നു വന്ന ശെമ്മാശന്മാർ അതു നിശ്ചയമായും ഒരു വഴക്കിനു കാരണമാക്കിത്തീർക്കുകയും, ഒരൊററയാളും ശേഷിക്കാതെ എല്ലാവരും സ്ഥലം വിടുകയും ചെയ്യുമായിരുന്നു. നവീകരിച്ച തക്സാ ഉപയോഗിച്ചതായി അദ്ദേഹത്തിന്റെമേൽ ചാർജ് ഇല്ല. പഴയ സിമനാരിയിൽ നവീകരിച്ച തക്സാ പഠിപ്പിച്ചെന്നും., തെക്കും വടക്കുമുള്ള ശെമ്മാശന്മാർ അതു പഠിച്ചെന്നും വിശ്വസിപ്പാൻ യാതൊരു നിവൃത്തിയുമില്ല. മാർ മത്യൂസ് അത്താനാസ്യോസിന്റെ കുർബാനക്രമത്തിലെ തുബ്ദേനിൽ പാത്രിയർക്കീസിനെ ഓർമ്മിച്ചിരുന്നു.

## സഹായനിധി

### മസ്കററ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് യൂത്ത് ലീഗ്

ഈ യൂത്തുലീഗിന്റെ ആഭിമുഖ്യത്തിൽ മലങ്കര ഓർത്തഡോക്സ് സഭയിലെ നിർദ്ധനരായ ആളുകളുടെ ചികിത്സയ്ക്കും ദൈനംദിന ആവശ്യങ്ങൾക്കും സഹായം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു. സഹായം ആവശ്യമുള്ളവർ അവരുടെ വാർഷിക വരുമാനം കാണിച്ച് വികാരിമാരുടെ സാക്ഷ്യപ്പെടുത്തലോടുകൂടി Secretary, Mar Gregorios Orthodox Youth Leage, P. O. Box 984 Muscat, Sultanate of Oman എന്ന വിലാസത്തിൽ ആഗസ്റ്റ് 30–ാം തീയതിക്കകം അപേക്ഷിക്കണം.



## കല്ലുങ്കത്തറ പടിയോല

കൊ. വ. 1019 കന്നി 3–ാംനു- സമുദായ മധ്യസ്ഥാനമായ കല്ലുങ്കത്തറ പള്ളിയിൽ അങ്കമാലി–നിരണം ഉൾപ്പെട്ട മലങ്കര പള്ളി പ്രതിപുരുഷന്മാരുടെ ഒരു പൊതുയോഗം സമ്മേളിച്ചു. മാർ മത്യൂസ് അത്തനാസ്യോസിന്റെ സ്ഥാനാവരോധരേഖ പരസ്യമായി വായിച്ച് ജനം ഒന്നാകെ ആമ്മീൻ ഉച്ചരിക്കുകയും, പാരമ്പര്യാചാരം അനുസരിച്ച് മെത്രാപ്പോലീത്തായെ പരസ്യമായി അംഗീകരിച്ചിരിക്കുന്നതിന്റെ ലക്ഷ്യമായി ഓരോ പള്ളികളുടെയും വികാരിമാരും പ്രതിപുരുഷന്മാരും ചേർന്ന് ഓരോ മോതിരം തിരുമുമ്പിൽ സമർപ്പിച്ച് അദ്ദേഹത്തിന്റെ തൃക്കൈ മുത്തി അനുഗ്രഹം പ്രാപിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് സുറിയാനി സഭയുടെ വിശ്വാസം, ആചാരം, പട്ടത്വം, മാർ മത്യൂസിന്റെ സ്ഥാനസാധുത്വം, കണ്ടനാട്ടു യോഗത്തിന്റെ കൃത്രിമത്വം എന്നിത്യാദി സംഗതികളെപ്പററി പരസ്യമായി ചിന്ത ചെയ്തും മേൽനടപടിയെ വ്യവസ്ഥപ്പെടുത്തിയും ദീർഘമായ ഒരു പടിയോല എഴുതി പൊതുവെ അംഗീകരിച്ച് കാര്യതീർച്ച വരുത്തുകയും ചെയ്തു. ഇതോടുകൂടി ജനങ്ങൾക്ക് കൊച്ചുമെത്രാപ്പോലീത്താ തിരുമേനിയെക്കുറിച്ചുള്ള ഭക്തിവിശ്വാസം പതിന്മടങ്ങു വർദ്ധിച്ചു. മെത്രാപ്പോലീത്തായും പുരോഗതി വിജയസ്ഥാനത്തേയ്ക്കു തന്നെയാണെന്നുള്ള വിശ്വാസം ഉറച്ചു. പ്രസ്തുത പടിയോല സുറിയാനി സഭയുടെ 'സ്വരൂപം' എന്ന പുസ്തകത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. അനേകം പള്ളിക്കാർ ഒപ്പിട്ടു പ്രസിദ്ധപ്പെടുത്തിയ ഈ പടിയോലയിൽനിന്നും മാർ മത്യൂസ് അത്തനാസ്യോസ് ഒരു സാക്ഷാൽ യാക്കോബായ (ഓർത്തഡോക്സ്) ക്കാരനാണെന്ന് കാണാം.

സുറിയാനി സമുദായത്തിന്റെ വിദ്യാഭ്യാസപുരോഗതിയേയും അഭ്യുദയത്തേയും കരുതി ആംഗ്ലേയമിഷണറിമാരോടും ബ്രിട്ടീഷ് റസിഡണ്ടുമാരോടും മാർ മത്യൂസ് ലോഹ്യത്തിലും നയതന്ത്രപരമായും പെരുമാറിയിരുന്നുവെങ്കിലും മതസംഗതിയാൽ അദ്ദേഹം മിഷണറിമാരുടെ നയത്തെയും പഠിപ്പിക്കലിനെയും അവരുടെ വിശ്വാസ വിധ്വംസകതല്പരതയെയും ഉള്ളുകൊണ്ടു വെറുത്തിരുന്നു. ഒരിക്കൽ മാവേലിക്കര ആറാട്ടുകടവിൽ ബോട്ടിൽ വന്നടുത്ത മാർ മത്യൂസ് അത്തനാസ്യോസിനെ സമീപിച്ച് ഒരു പ്രോട്ടസ്റ്റൻറ് ഉപദേശി ഇംഗ്ലീഷുമട്ടിൽ ഒരു സലാം ചെയ്തതിന് 'നിന്റെ ബിഷോപ്പസായ്പല്ലടാ ഞാൻ, സുറിയാനി മെത്രാപ്പോലീത്തയാണെന്നറിഞ്ഞില്ലെ' എന്നു ചോദിച്ചുകൊണ്ട് കുപിതനായ മെത്രാപ്പോലീത്താ ഉപദേശിയുടെ കവിൾത്തടത്തിലൊരു താഡനം വെച്ചുകൊടുത്ത കഥ വിമർശകർ കേട്ടിട്ടില്ലായിരിക്കും.

വിശ്വാസതത്വ സാഹിത്യ വിഷയത്തിൽ അബ്രഹാം മല്പാന്റെ നവീകരണത്തോട് മാർ മത്യൂസിനു യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. അബ്രഹാം മല്പാന്റെ സഹചാരിയായിരുന്ന കൈതയിൽ ഗീവറുഗീസ് മല്പാൻ 1028–ൽ യാക്കോബായ സഭയുടെ മേലദ്ധ്യക്ഷനായി പഴയ സെമിനാരിയിൽ പ്രവേശിച്ച മാർ മത്യൂസ് അത്തനാസ്യോസിന്റെ ആവശ്യപ്രകാരം പഴയ സെമിനാരിയിൽ അദ്ധ്യാപകവൃത്തി സ്വീകരിച്ച കാലത്ത് അദ്ദേഹം ശെമ്മാശന്മാരെ പഠിപ്പിച്ചതു മല്പാന്റെ നവീകരണാശയങ്ങളല്ലായിരുന്നുവെന്നും യാക്കോബായ (ഓത്തഡോക്സ്) വിശ്വാസോപദേശങ്ങൾ തന്നെയായിരുന്നുവെന്നും ഉള്ള ചരിത്രസത്യങ്ങളെ മാത്തോമ്മാ സഭാചരിത്രകാരനായ ശ്രീ. കെ. എൻ. ദാനിയേലിനുപോലും നിഷേധിക്കാൻ കഴിഞ്ഞിട്ടില്ല. 'തന്റെ അധികാരത്തിലുള്ള ജനത്തെ സാവധാനത്തിൽ നവീകരണസത്യത്തിലേക്ക് വഴിനടത്തുവാനുള്ള പരിശ്രമം അദ്ദേഹത്തിന്റെ കല്പനകളിലും നടപടികളിലും ദർശിക്കുവാൻ കഴിയും' എന്നും 'മല്പാന്റെ നവീകരണപ്രസ്ഥാനത്തെ മാർ മത്യൂസ് പരിപോഷിപ്പിച്ചു' എന്നും ബഹു. നിരൂപകൻ വാദിക്കുന്നത് എത്രത്തോളം നീതീകരിക്കാമെന്നു മേൽപറഞ്ഞ ചരിത്രസത്യങ്ങൾ തെളിയിക്കുന്നു.

മാർ അത്താനാസ്യോസ് കൊല്ലം 1018 ഇടവത്തിൽ കൊച്ചിയിൽ വന്നിറങ്ങിയപ്പോൾ അദ്ദേഹത്തെ കാണുന്നതിനായി അനേകം പട്ടക്കാരും ജനങ്ങളും മട്ടാഞ്ചേരി പള്ളിയിൽ എത്തിച്ചേരുകയും. മെത്രാപ്പോലീത്താ താൻ നിരന്തരം ഉപയോഗിച്ചുപോന്നിരുന്ന കാതോലിക തക്സാ അനുസരിച്ച്

# എന്റെ സങ്കേതം

**കെ. സി. അലക്സാണ്ടർ, പുനലൂർ**

കർത്തൻ പണിയണമെൻ ഗേഹം
എന്നദ്ധ്വാനം ഫലമാകാൻ;
കർത്തൻ കാക്കണമെൻ നഗരം
എന്നരിസാത്താനോടീടാൻ;
കർത്തൻ കാട്ടണമെൻ പാത
എന്നുടെ പാദം പതറായ്‌വാൻ;
കർത്തൻ നല്കണമെന്നപ്പം
വീര്യം നേടാനെൻ പ്രാണൻ;
കർത്തൻ താങ്ങണമെൻ ഭാരം
എൻ തലനേരേ നിന്നീടാൻ;
കർത്താവൊപ്പണമെന്നശ്രു
ഞാൻ കേഴുമ്പോഴം കനിവായി;
കർത്തൻ കഴുകണമെൻ പാപം
ചിത്തം ഇദ്ധതയാർജ്ജിപ്പാൻ;
കർത്താവെഴുതണമെൻ നാമം
ജീവന്റേതാം ഗ്രന്ഥമതിൽ;
അപ്പോഴം ഞാനുദ്ഘോഷിക്കും
കർത്തൻ തന്നെയെനിക്കെല്ലാം;
അവനെപ്പൊഴുമെൻ സങ്കേതം:
സാനന്ദം സ്തുതി പാടും ഞാൻ

---

കർബ്ബാന അർപ്പിക്കുകയും ചെയ്യു. കർബ്ബാനയിൽ അധികഭാഗവും മലയാളത്തിൽ തർജ്ജമ ചെയ്യു എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ആകെക്കൂടിയുള്ള പരിഷ്ക്കാരം. മെത്രാച്ചൻ മട്ടാഞ്ചേരിയിൽവച്ച് തന്റെ നവീകൃത തക്സായിക്കു കടകവിരുദ്ധമായിട്ടാണ് കർബ്ബാന ചൊല്ലിയതെന്ന് അറിഞ്ഞ് അബ്രഹാം മല്പാൻ ചിന്താചഞ്ചലനായിത്തീർന്നിരുന്നുവെങ്കിലും മാരാമണ്ണെത്തി തന്നെ കണ്ടുകൂടുമ്പോഴം മട്ടു മാറുമെന്ന് അദ്ദേഹം സമാശ്വസിച്ചിരുന്നു. പക്ഷെ മാരാമണ്ണ് വന്നെത്തിയ ശേഷവും മെത്രാച്ചന് ഒരു മാററവും ഉണ്ടായില്ല. അവിടെ തടിച്ചുകൂടിയിരുന്ന വമ്പിച്ച ജനക്കൂട്ടത്തിന്റെ മുമ്പിലും മെത്രാപ്പോലീത്താ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, പരിശുദ്ധന്മാരോടുള്ള അപേക്ഷ ആദിയായവ ഉൾപ്പെട്ട പഴയ കാതോലിക തക്സാ തന്നെയാണ് വി. കർബ്ബാനയ്ക്ക് ഉപയോഗിച്ചത്. ഇതിനെ സംബന്ധിച്ച് മാർത്തോമ്മാ സഭാചരിത്രകാരനായ മി. ടി. സി. ചാക്കോ ഇപ്രകാരം പറയുന്നു:— ''മാർ അത്താനാസ്യോസ് ഇടവം 13–ാം തീയതി മാരമണ്ണെത്തി.... സ്വജനങ്ങൾക്കും ബന്ധുമിത്രാദികൾക്കും മെത്രാച്ചന്റെ പ്രത്യാഗമനത്തിലും മെത്രാൻ സ്ഥാനലബ്ധിയിലും ഉണ്ടായ ആനന്ദം എത്രമാത്രമെന്നു പറയേണ്ടതില്ലല്ലൊ. എന്നാൽ ആ സന്തോഷത്തിനിടയിലും മെത്രാച്ചൻ കോനാട്ടച്ചന്റെ ആലോചനയ്ക്കു വഴിപ്പെട്ടതുമൂലമുള്ള വ്യാകലം മൽപ്പാനച്ചനെ ബാധിച്ചിരുന്നു.'' മാരമണ്ണെത്തീട്ടും മാർ അത്താനാസ്യോസിനു് ഒരു മാററവുമില്ല. ഇരുപത്തിനാലു വഷകാലത്തെ അദ്ദേഹത്തിന്റെ സഭാഭരണത്തിൽ ഏതെങ്കിലുമൊരു പള്ളിയിൽ എപ്പോഴെങ്കിലും മാർ മത്യൂസ് അത്താനാസ്യോസ്, അബ്രഹാം മൽപാന്റെ വെട്ടിത്തിരുത്തിയ കർബാനതക്സാ ഉപയോഗിച്ച് വി. കർബാന അർപ്പിച്ചതായി ചരിത്രമോ രേഖയോ ഇല്ല. അങ്ങനെയൊന്നു സ്ഥാപിപ്പാൻ സാധ്യവുമല്ല.

''അന്തോഖ്യൻ സുറിയാനിസഭയ്ക്ക് സ്വത്തിന്റെ മേലും അധീശത്വം ഉണ്ടായിരുന്നു'' വെന്നു ബഹു: താരക പത്രാധിപർ സമർത്ഥിക്കുന്നതു് ചരിത്രപഠനത്തിൽ അദ്ദേഹത്തിന്റെ അജ്ഞതമൂലമാണ് എന്നുകാണാം. അന്ത്യോഖ്യാപാത്രിയർക്കീസിനു് ഒരിക്കലും മലങ്കരസഭയിലെ വസ്തുക്കളിൽ ലൗകീയധികാരമുണ്ടായിരുന്നില്ല എന്ന് ക്ളിപ്തപ്പെട്ടത്തീട്ടുള്ളതാണ്.

1086 ൽ മാർ ദീവന്നാസ്യോസിനെ അബ്ദുള്ളാ പാത്രിയർക്കീസ് മുടക്കിയപ്പോൾപോലും പാത്രിയർക്കീസിന് ലൗകീകാധികാരം ഉണ്ടായിരുന്നുവെന്ന് കേട്ടീട്ടുപോലുമില്ല. ലൗകീക സ്വത്തുക്കളുടെ ഭരണകാര്യത്തിൽ മലങ്കരസഭ എന്നും സ്വതന്ത്രമായിരുന്നു. മലങ്കരസഭയും ശീമയിലെ സുറിയാനിസഭയും സമനിലയിലുള്ളതും ഒന്നിനു ഒന്നിന്മേൽ അധികാരമില്ലാത്തതും; രണ്ടും തമ്മിലുള്ള സംബന്ധം തുല്യവും അവകാശം സമവുമാണെന്നുമാണ് മുളന്തുരുത്തി സുന്നഹദോസു നിശ്ചയങ്ങളിൽതന്നെ പറഞ്ഞീട്ടുള്ളതു്. യാക്കോബായ സഭയുടെ കാനോൻ അനുസരിച്ചു മലങ്കരസഭയുടെ ലൗകിക സ്വത്തുക്കളുടെയും പരമാധികാരി പാത്രിയർക്കീസാണെന്ന് ഇവിടത്തെ പാത്രിയർക്കീസുകക്ഷി സമുദായക്കേസിൽ വാദിച്ചു. എന്നാൽ പ്രസ്തുത കാനോനു് വിപരീതമായ ഒരു ചട്ടവും നടപടിയുമാണ് മലങ്കരസഭ സ്വീകരിച്ചിരുന്നതു്. സമുദായത്തിന്റെ സ്വതന്ത്രമായ ഈ ലൗകിക സ്വത്തുക്കളുടെ ഭരണഘടനയാണ് മുളന്തുരുത്തി നിശ്ചയം. റോയൽ കോർട്ട് വിധിയിൽതന്നെ അന്തോക്യൻ സുറിയാനി പാത്രിയർക്കീസിനു മലങ്കരസഭയുടെ സ്വത്തിന്മേൽ യാതൊരു ലൗകീകാധികാരവും ഇല്ലെന്നു ഉറപ്പിച്ചു പ്രഖ്യാപിച്ചിട്ടുള്ളതാണ്.

(തുടരും)



# സെമിനാരി വിദ്യാഭ്യാസത്തിന് തെരഞ്ഞെടുക്കപ്പെട്ടവർ

ഈ വഷം നമ്മുടെ സഭയിൽ വൈദീക സെമിനാരി വിദ്യാഭ്യാസത്തിന് വിവിധ ഭദ്രാസനങ്ങളിൽ നിന്ന് 56 പേർ അപേക്ഷിച്ചിരുന്നു. അവരിൽ 53 പേർ പ്രവേശന പരീക്ഷയ്ക്കും ഇൻറർവ്യൂവിനും ഹാജരായി. ഭദ്രാസനങ്ങളുടെ എണ്ണം വർദ്ധിക്കുകയും, കൂടുതൽ ഇടവകകൾ ഉണ്ടാവുകയും ചെയ്യുന്നതുകൊണ്ടാവാം കൂടുതൽ അപേക്ഷകർ വന്നതു്. മാത്രമല്ല സഭാസേവനത്തിനു് താല്പര്യമുള്ള അഭ്യസ്ഥവിദ്യരായ യുവാക്കൾ അധികമായി വർദ്ധിക്കുന്നു എന്നും ഇതു് തെളിയിക്കുന്നു. സാധാരണ ഒരു വഷം 20 പേരെയാണ് സെമിനാരിയിൽ എടുത്തുകൊണ്ടിരുന്നതു്. വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്തു് ഈ വർഷം 26 പേരെ എടുക്കുവാൻ തീരുമാനിക്കുകയുണ്ടായി. അങ്ങനെ തെരഞ്ഞെടുത്തവരിൽ അഞ്ചുപേർ പ്രീഡിഗ്രി പാസ്സായിട്ടുള്ളവരും മററുള്ളവർ ഡിഗ്രി പാസ്സായിട്ടുള്ളവരോ ഡിഗ്രി പരീക്ഷയ്ക്ക് ചേർന്നീട്ടുള്ളവരോ ആകുന്നു. മൂന്നുപേർ പോസ്റ്റ് ഗ്രാഡ്വേററ് കഴിഞ്ഞവരാണ്. വിവിധ ആശ്രമങ്ങളിൽനിന്നും ഉള്ളവരാണ് നാലുപേർ. അവരുടെ പേരും മററു വിവരങ്ങളും താഴെ ചേർക്കുന്നു.

| | Name | Place | Qualification | Diocese |
|---|---|---|---|---|
| 1. | Saji Mathew | Lahai | B. A. (rslt. awtd.) | Bombay |
| 2. | Samu George | Pathanamthitta | P. D. C. | Mylapra Ashram |
| 3. | Jacob Cherian | Umayattukara | M. Sc. (r. a.) | Chengannur |
| 4. | John Thomas | Pandalam | B. A. | ,, |
| 5. | S. Thankachen (Special Student) | Kudassanadu | M. A., B. Ed. | ,, |
| 6. | Mathew Varghese | Mundakayam | B. A. | Kottayam |
| 7. | Bijesh Philip | Vakathanam | B. A. (r. a.) | ,, |
| 8. | Thomas K. Chacko | Nariapuram | B. Sc. (r. a.) | Thumpamon |
| 9. | Roy P. Thomas | Elanthur | B. A. | ,, |
| 10. | B. Y. Achenkunju | Konni | B. A. (r. a.) | ,, |
| 11. | Sajan Thomas | Nellikkunnam | B. A. | Trivandrum |
| 12. | Br. G. Rajan | Kudassanadu | P. D. C. | Holy Trinity Ashram |
| 13. | Sabu K. Kuriakose | Chungathara | B. Sc. | Malabar & S. Battery |
| 14. | Thomas George | Chungathara | B. Sc. | ,, ,, |
| 15. | Chackochen N. P. | Agali | P. D. C. | ,, ,, |
| 16. | S. Yohannan | Kuttamperoor | B. A. | Quilon |
| 17. | Isaac Thomas | Thuvayoor | M. A. (r. a.) | ,, |
| 18. | Br. K. Geevarghese | | B. A. (not cmpleted) | Chengamanad Ashram |
| 19. | George P. Pulikkottil | Kunnamkulam | B. A. | Kunnamkulam |
| 20. | C. J. Jose | Chandanappally | B. Com. (n. c.) | Puthuppady Ashram |
| 21. | Saji Daniel | R. Perunad | B. Com. (n. c.) | Delhi |
| 22. | Saji K. Varghese | Pullikkanam | P. D. C. | Idikki |
| 23. | Jiji K. Thomas | Karthikapally | P. D. C. | ,, |
| 24. | Joseph Sunny John | Omalloor | M. A. (r. a.) | Calcutta |
| 25. | P. K. Geevarghese | Kallooppara | B. A. (r. a.) | Niranam |
| 26. | Jacob Mathew | Karichal | M. A. (r. a.) | ,, |

# സഭാ വാർത്തകൾ

## സെമിനാരി പാരിഷ് മിഷൻ

ഓർത്തഡോക്സ് വൈദിക സെമിനാരി അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ ക്രിസ്തുമസ് കാലത്തും മദ്ധ്യവേനൽ അവധിക്കാലത്തും ഇടവകകളിൽ 'പാരിഷ് മിഷൻ' പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഭവനസന്ദർശനം, സുവിശേഷ പ്രസംഗങ്ങൾ, പഠനാക്ളാസുകൾ, ഗാനപരിശീലനം എന്നിവയാണ് പ്രധാന പരിപാടികൾ. താല്പര്യമുള്ളവർ പാരിഷ് മിഷൻ ഡയറക്ടർ ഫാ. റി. ജെ. ജോഷ്വാ (ഓർത്തഡോക്സ് സെമിനാരി, പോസ്റ്റ് ബോക്സ് 98, കോട്ടയം–686 001) യുമായി ബന്ധപ്പെട്ടാൽ വിശദവിവരം ലഭിക്കുന്നതായിരിക്കും.

### രജതജൂബിലി

ഗൃഹദീപം കുടുംബമാസികയുടെ രജതജൂബിലി തിരുവല്ല വൈ. എം. സി. എ. യിൽവച്ച് ഫാ. മത്തായി നൂറനാലിൻെറ അദ്ധ്യക്ഷതയിൽ ആഘോഷിച്ചു. ഫാ. ജോർജ് ചുണ്ടേവാലിൽ, ഫാ. ചെറിയാൻ രാമനാലിൽ, കെ. പി. ഫിലിപ്പ്, മിസ്സസ് കെ. കെ. ചാണ്ടി, ബ്രദർ ജോസി ദേവ്, പ്രൊഫ. വറുഗീസ് പടിയറ, പ്രൊഫ. ജോസ് പാറക്കടവിൽ, റി. എസ്. മത്തായി, പൊടിയൻ പെണ്ണുക്കര എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി.

പ്രൊഫ. പി. ജെ. കുര്യൻ, എം. പി. രജതജൂബിലി സുവനീർ പ്രകാശനം ചെയ്തു. ബിഷപ്പ് റി. എസ്. ജോസഫ് ഗൃഹദീപം ചീഫ് എഡിറ്റർ മാമ്മൻ ഫിലിപ്പിനു് പ്രശസ്ത സേവനത്തിനുള്ള അംഗീകാരപത്രം സമർപ്പിച്ചു. ജൂബിലി സ്മാരക ശുശ്രൂഷയ്ക്കു് ബിഷപ്പ് റി. എസ്. ജോസഫ് നേതൃത്വം നൽകി. ഡോ. കെ. വി. വറുഗീസ് ധ്യാനപ്രസംഗം നടത്തി. മാമ്മൻ ഫിലിപ്പ് സ്വാഗതവും സി. റി. ഏബ്രഹാം കൃതജ്ഞതയും പറഞ്ഞു.

### യാത്രയയപ്പും സ്വീകരണവും

കഴിഞ്ഞ 6 വർഷക്കാലം കൽക്കട്ടാ സെൻറ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ സേവനം അനുഷ്ഠിച്ചിട്ട് ഭിലായ് മാർ ഗ്രീഗോറിയോസ് കത്തീഡ്രൽ വികാരിയായി സ്ഥലം മാറിപ്പോകുന്ന ഫാ. ഏബ്രഹാം ഐപ്പ് മങ്ങാട്ടിനു് ജൂൺ 28–ാം തീയതി കൽക്കട്ടാ ഇടവക സമുചിതമായ യാത്രയയപ്പു നല്കി. യോഗത്തിൽ ഫാ. ഏബ്രഹാം ഉമ്മൻ അദ്ധ്യക്ഷം വഹിച്ചു. മാർത്തോമ്മാ പള്ളിവികാരി ഫാ. വർഗീസ് മത്തായി, ഫാ. തോട്ടം മാത്യൂസ് ഏബ്രഹാം, എം. വി. വർഗീസ്, ജോൺ പി. ശമുവേൽ, മിസ്. മിൻേറാ തോമസ് എന്നിവർ പ്രസംഗിച്ചു. ട്രസ്റ്റി ഏബ്രഹാം തോമസ് ഇടവകയ്ക്കുവേണ്ടി അച്ചനു് 'പണക്കിഴി' നൽകി. അച്ചൻ സമുചിതമായ മറുപടിപ്രസംഗം ചെയ്യുകയുണ്ടായി. പുതിയ വികാരി ഫാ. പി. എം. പിലിപ്പോസിനെ യോഗം സ്വാഗതം ചെയ്തു് ആശംസകൾ നേർന്നു.

### യാത്രയയപ്പ്



ഉമയാററുകര സെ. തോമസ് ഓർത്തഡോക്സ് പള്ളി സണ്ടേസ്കൂൾ പ്രവർത്തനത്തിൽ എഴുപതിൽപരം വർഷങ്ങൾ അദ്ധ്യാപകൻ, ഹെഡ്മാസ്ററർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചശേഷം പ്രായാധിക്യംമൂലം ഹെഡ്മാസ്റ്റർ സ്ഥാനത്തുനിന്നും വിരമിക്കുന്ന പാലനിൽക്കുന്നതിൽ ശ്രീ. പോത്തൻ തോമസിനു് ജൂലൈ 3–ാം തീയതി ഇടവക ഒരു യാത്രയയപ്പു നൽകി.

വി. കുർബ്ബാനയ്ക്കുശേഷം ചേർന്ന സമ്മേളനത്തിൽ സണ്ടേസ്കൂൾ പബ്ളിക്കേഷൻ ഓഫീസർ ഫാ. റി. ജി. സഖറിയ അദ്ധ്യക്ഷം വഹിച്ചു. വികാരി ഫാ. ജോർജ് പള്ളിയിൽ, ചെങ്ങന്നൂർ ഭദ്രാസന സണ്ടേ



അടുത്ത ലക്കം മുതൽ:

## അനുതാപ ഗീതങ്ങൾ

എല്ലാകാലങ്ങളിലും നമസ്കാരക്രമങ്ങളിൽ ഒരു പ്രത്യേക വിഷയം സംബന്ധിച്ചുള്ള അനുതാപദ്യോതകമായ ഗാനങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന് പ: സഭ ശ്രദ്ധിച്ചിട്ടുണ്ട്. സാധാരണ നമസ്ക്കാരം, നോമ്പുകളിലെ യാമപ്രാർത്ഥനകൾ എന്നതു പോലെ ഞെരുക്കങ്ങളുടെയും അനർത്ഥങ്ങളുടെയും സാംക്രമീക രോഗങ്ങളുടെയും കാലത്ത് ഉപയോഗിക്കുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുള്ള പ്രസ്തുത വിഭാഗത്തിന് വസന്ത പ്രാർത്ഥന എന്നാണ് പേരുപറഞ്ഞുവരുന്നത്. മാർ യാക്കോബിൻെറ ലയത്തിലുള്ള 'യേശുനുഹറൊ', മാർ അപ്രേമിൻെറ ലയത്തിലുള്ള 'ദൈവമേ അനുഗ്രഹിക്ക' 'ആത്മാവേ എന്തു നിനവിൽ' കൂക്കോയോ നിറത്തിലുള്ള 'പള്ളിതാമക്കളെ' എന്നീ ഗീതങ്ങൾ മുൻകാലം മുതൽ പ്രചുര പ്രചാരത്തിലിരിക്കുന്നവയാകുന്നു. പ്രയാസങ്ങളുടെയും പീഡകളുടെയും കാലങ്ങളിൽ അവ ഉപയോഗിക്കുകയും ചെയ്യുമായിരുന്നു. പില്ക്കാലങ്ങളിൽ ഭാഷാശുദ്ധി വരുത്തി പുതിയ പതിപ്പുകൾ ഉണ്ടായിട്ടുണ്ട്. അവയോടുതുല്യമായി ഉപയോഗിക്കാവുന്ന ചില ഗീതങ്ങൾ ഇപ്പോഴും മൂലഭാഷയിൽ കിടപ്പുണ്ട്. പ്രസ്തുത ഗീതങ്ങൾ അഭിവന്ദ്യ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ തർജ്ജിമ ചെയ്ത് സഭാകവി. ശ്രീ. സി. പി. ചാണ്ടി ഗാനരൂപത്തിൽ ആക്കിയിട്ടുള്ളത് സഭാഗങ്ങളുടെ ധ്യാനത്തിനും പഠനത്തിനുമായി അടുത്തലക്കം മുതൽ മലങ്കരസഭയിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

---

സ്കൂൾ ഡയറക്ടർ മി. ജോൺ മാത്യൂ, ഡിസ്ട്രിക്ട് ഇൻസ്പെക്ടർ മി. പോത്തൻ തോമസ്, പുതിയ ഹെഡ്മാസ്റ്റർ മി. കെ. ഇ. വർഗീസ്, ഏബ്രഹാം സഖറിയ ചെമ്പകമഠം, പി. വി. സഖറിയ പുന്നയ്ക്കാട്ട്, കെ. ഓ. ഉമ്മൻ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. ഇടവകയുടെ വകയായി ഒരു ടേബിൾ ഫാൻ ശ്രീ. പോത്തൻ തോമസിനു് ട്രസ്റ്റി മി. വി. ജെ. വർഗീസ് സമ്മാനിച്ചു. ആശംസകൾക്കു നന്ദി പറഞ്ഞുകൊണ്ടും ഇത്രയും ദീർഘമായ കാലയളവിൽ സണ്ടേസ്കൂൾ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനു് ഇടയായതിലും ഈ 92–ാം വയസ്സിലും പള്ളിയിൽ വരുന്നതിനും ആരാധനയിൽ സംബന്ധിക്കുന്നതിനും മററുംആരോഗ്യം ലഭിച്ചതിലും ദൈവത്തെ സ്തുതിച്ചുകൊണ്ടും ശ്രീ. പോത്തൻ തോമസ് മറുപടിപ്രസംഗം ചെയ്തു.

### ബോംബെ

3 വർഷക്കാലം സേവനം അനുഷ്ഠിച്ച് ബോംബെ മലാട് സെ. തോമസ് പള്ളിയിൽനിന്നു് മുള്ളണ്ട് സെ. ജോർജ് പള്ളിയിലേക്കു് സ്ഥലംമാറിപ്പോകുന്ന കണ്ടത്തിൽ പുത്തൻപുരയിൽ മാത്യൂസ് അച്ചനു് പള്ളിയുടെ വകയായും, വിവിധ ആദ്ധ്യാത്മിക സംഘടനകളുടേയും, വിവിധ പ്രാത്ഥനായോഗക്കാരുടെയും വകയായും ഹൃദ്യമായ ഒരു യാത്രയയപ്പ് ജൂൺ 28–ാം തീയതി നൽകി. സമ്മേളനത്തിൽ ബോംബെ ഭദ്രാസനാധിപൻ ഡോ. പീലിപ്പോസ് മാർ തേയോഫീലോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷം വഹിച്ചു. പരമ്പരാഗതമായിട്ട് വൈദികരുള്ള കുടുംബത്തിൽ വളർന്നുവന്ന ബ. അച്ചൻെറ സേവനത്തെ പ്രകീർത്തിച്ച് തിരുമേനി പ്രസംഗിച്ചു. ബ. അച്ചൻ മറുപടിപ്രസംഗം ചെയ്തു. പി. സി. ചെറിയാൻ സ്വാഗതവും പി. ഡി. തമ്പി കൃതജ്ഞതയും പ്രകാശിപ്പിച്ചു. ബ. മാത്യൂസ് അച്ചൻ വടകര കണ്ടത്തിൽ പുത്തൻപുരയിൽ അബ്രഹാം കോർ എപ്പിസ്കോപ്പായുടെ പുത്രനാണ്.

### ബാലസന്ദേശം

മലങ്കര ഓർത്തഡോക്സ്സഭാ ബാലസമാജത്തിൻേറതായി ആരംഭിച്ച ബാലസന്ദേശം എന്ന പ്രസിദ്ധീകരണത്തിൻെറ പ്രകാശനം പ. കാതോലിക്കാ

ബാവാ തിരുമേനി ബാലസമാജം ജനറൽ സെക്രട്ടറി ഫാ. ദാനിയേൽ പൂവ്വേലിൽനിന്ന് പ്രഥമ കോപ്പി സ്വീകരിച്ചുകൊണ്ട് ദേവലോകം അരമനയിൽ വച്ച് നിർവ്വഹിച്ചു.

ബാലസമാജം പ്രസിഡൻറ് തോമസ് മാർ അത്താനാസ്യോസ് തിരുമനസ്സിലെ കല്പന, ജനറൽ സെക്രട്ടറിയുടെ കത്ത്, വിവിധ ഭദ്രാസനങ്ങളിലെ ബാലസമാജ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ, ഈ വർഷം ഇനി നടക്കുന്ന സമ്മേളനങ്ങൾ, ക്യാമ്പുകൾ, സെമിനാറുകൾ മുതലായവ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ബുള്ളററിൽ സമാജാംഗങ്ങൾക്ക് വളരെ പ്രയോജനപ്രദമായിരിക്കും. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ജനറൽ സെക്രട്ടറിയുടെ പേർക്ക് ബഥേൽ അരമന, ചെങ്ങന്നൂർ എന്ന മേൽവിലാസത്തിൽ എഴുതുക.

ഈ പുതിയ പ്രസിദ്ധീകരണത്തിന് 'മലങ്കര സഭ' എല്ലാ ആശംസകളും നേരുന്നു.

## കുടുംബക്ഷേമനിധി

### ഒരു ലക്ഷത്തിൽപരം രൂപാ ബസ്ക്യാമ്മയ്ക്ക്

ചെങ്ങന്നൂർ ഭദ്രാസനത്തിൽ വൈദികനായി സേവനം അനുഷ്ഠിച്ചുവരവേ നിര്യാതനായ നരിയാപുരം നെടിയവിളയിൽ കെ. മാത്യൂസച്ചന്റെ കുടുംബത്തിനുവേണ്ടി തുമ്പമൺ, നിരണം, ചെങ്ങന്നൂർ ഭദ്രാസനാധിപന്മാർ ഏകോപിച്ചു പുറപ്പെടുവിച്ച അഭ്യർത്ഥന അനുസരിച്ച് മലങ്കരയിലും, വിദേശങ്ങളിലും ഉള്ള പള്ളികളിൽനിന്നും ലഭിച്ച സംഭാവനകൾ സമാഹരിച്ച് ഒരു ലക്ഷത്തി പതിനേഴായിരത്തി എഴുനൂററി മുപ്പത്തിയാറു രൂപാ എൺപതു പൈസ. പ. ബാവാ തിരുമേനി ജൂലായ് 8–ാം തീയതി പാസ്റ്റ്നഹദോസിൽവച്ച് പരേതന്റെ ബസ്ക്യാമ്മ അന്നമ്മ മാത്യൂസിന് നൽകി.

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



റോസമ്മ, കിരന്തൽ.

രോഗശാന്തിക്ക് ഷേർലി തോമസ്.



അച്ചാമ്മ ജോർജ്ജ്.

ഒരു വിശ്വാസി, ജബൽപ്പൂര്.

മാത്യു ജോർജ്ജ്, ചങ്ങനാശ്ശേരി.



(6–ാം പേജിൽനിന്നും തുടർച്ച)

## ധ്യാനപംക്തി

ദൈവത്തിന്റെ പ്രകാശത്തിൽനിന്ന് മന:പൂർവ്വം ഒഴിഞ്ഞുമാറി ഇരുട്ടിനെ ആശ്ലേഷിക്കുന്നതു അപരാധമാണ്. ശുഭാപ്തിവിശ്വാസംകൊണ്ടും ദൈവത്തിലുള്ള വിശ്വാസംകൊണ്ടും കടന്നുപോകാൻ കഴിയാത്ത അത്യാഹിതങ്ങൾ ഒന്നും നമ്മുടെ ജീവിതത്തിലില്ല. നമ്മുടെ വേദനകളിൽനിന്നും പ്രശ്നങ്ങളിൽനിന്നും ശ്രദ്ധതിരിച്ച് നമ്മുടെ മുമ്പിലുള്ള കർത്തവ്യങ്ങളിൽ ദൃഷ്ടിയുറപ്പിച്ചു മുന്നോട്ടു നീങ്ങിയാൽ നിത്യസൗന്ദര്യം ദർശിക്കുവാൻ നമുക്കും കഴിയും. നവോമി ദൈവത്തിൽനിന്നും ഓടിപ്പോയപ്പോൾ അവളുടെ വെളിച്ചം ഇരുട്ടായിത്തീരുകയായിരുന്നു. അതവളെ ദുഃഖത്തിന്റെ പാതയിലേക്കു നടത്തി. നമ്മുടെ പ്രകാശം ഇരുണ്ടുപോകാതിരിപ്പാൻ ചെസ്റ്റട്ടൻ ഉപദേശിക്കുന്ന തത്വം നാം ശ്രദ്ധിക്കേണ്ടതാണ്. 'പ്രകൃതിജന്യമായവ പ്രകൃത്യാതീതമായ ശക്തിക്കു സ്വയം സമർപ്പിക്കുന്നില്ലെങ്കിൽ അവ പ്രകൃതിവിരുദ്ധമായിത്തീരുന്നു.' ഇതാണ് നവോമിയുടെ ജീവിതത്തിൽ സംഭവിച്ചതു്.

ദൈവത്തിൽനിന്നുള്ള വേർപാടിനേക്കാൾ അഭിശപ്തമായ ഒരവസ്ഥ മനുഷ്യനുണ്ടാവാനില്ല. ദൈവത്തെ മറന്ന് ലൗകിക ഉല്ലാസങ്ങളിലേക്കു വഴുതിപ്പോകുന്നവൻ മററുള്ളവരുടെ സ്നേഹത്തിൽനിന്നും കൂട്ടായ്മയിൽനിന്നും പിന്തിരിഞ്ഞുപോകും. അങ്ങനെയുള്ളവരുടെ അന്ത്യം ദുരിതപൂരിതമായിരിക്കും. 'ഞാൻ ദൈവത്താലും മനുഷ്യരാലും പരിത്യക്തൻ' എന്ന് ഫ്രഞ്ചുചിന്തകൻ വോൾട്ടയർ വിലപിച്ചതു് മററൊന്നുംകൊണ്ടല്ല. നവോമിയുടെ ഓടിപ്പോക്കിന്റെ കഥ അതാണ് നമ്മെ അനുസ്മരിപ്പിക്കുന്നതു്. വേർപാടിന്റെ അവസ്ഥയാണ് പാപത്തിന്റെ അവസ്ഥ. ദൈവത്തിൽനിന്നും സ്വന്തം ജനങ്ങളിൽനിന്നും അകന്നുള്ള ജീവിതമാണ് പാപത്തിന്റെ ഭീകരാവസ്ഥ.


അസ്വസ്ഥമായ നമ്മുടെ ഹൃദയത്തിനു ആത്മശാന്തി ലഭിക്കുവാൻ നാം ദൈവത്തോടു പുനരൈക്യപ്പെടുകയേ നിവൃത്തിയുള്ളു. നമ്മുടെ സമസൃഷ്ടങ്ങളേയും അവരിലൂടെ ദൈവത്തേയും നാം കണ്ടെത്തി വീണ്ടും നിരപ്പാകുമ്പോൾ നമ്മുടെ ഹൃദയത്തിന്റെ വിങ്ങലുകൾ മാറിക്കിട്ടും. അതിനാണ് മാനസാന്തരം എന്നു നാം പറയുന്നതു്.

ഇതാ നവോമി തിരിച്ചുവരുന്നു. യെറുശലേമിലെ സ്വന്തജനത്തെ കണ്ടെത്തി അവളുടെ ദുഃഖകഥ അറിയിക്കുകയും അവരിലൂടെ ജീവനുള്ള യഹോവയെ കണ്ടെത്തുകയും ചെയ്യാനുള്ള ഒരു തീർത്ഥയാത്ര ആയിരുന്നു അവളുടേതു്. ഈ അനുരഞ്ജനത്തിന്റെ തീർത്ഥയാത്രയത്രേ ഞാനും നിങ്ങളും നമ്മുടെ സഭാജീവിതത്തിലൂടെ ചെയ്യേണ്ടതു്. ദൈവത്തോടുള്ള രമ്യതകൂടാതെ നാം മുന്നോട്ടു പോകാമെന്നു കരുതുന്നതു് വ്യർത്ഥമാണ്. പ്രത്യുത പശ്ചാത്താപപൂർവ്വം സ്വന്തം കുററം സമ്മതിക്കുന്നവനോട് ദൈവം ക്ഷമിക്കുകയും അവനെ ശുദ്ധീകരിക്കുകയും ചെയ്യുന്നു. നമ്മിലുള്ള കുററബോധം നിശ്ശേഷം ദൈവം ഇല്ലാതാക്കുകയും ചെയ്യുന്നു. അങ്ങനെ ലംഘനം മറച്ചും പാപം ക്ഷമിച്ചും കിട്ടിയവൻ ഭാഗ്യവാനായിതീരും.

ദൈവത്തോടുള്ള ബന്ധം നമുക്ക് നേരെയാക്കാം. പാപത്തിൽ മരിച്ചടക്കപ്പെട്ടിട്ട് ഇനിമേലിൽ ജീവന്റെ പുതുക്കത്തിൽ ദൈവത്തോടുകൂടി നടക്കുവാൻ നമുക്കു തീരുമാനിക്കാം. 'ദൈവമേ! നീ സഹായിച്ചില്ലെങ്കിൽ ഞാൻ പാപത്തിൽവീണ് നിന്നെ ദ്രോഹിച്ചുപോകും. എല്ലായ്പോഴും സാത്താൻ എന്റെ ഹൃദയത്തെ നിന്നിൽനിന്നും വേർപെടുത്തുവാൻ ശ്രമിക്കുന്നു. നിന്റെ അടുക്കലേക്ക് ഞാനിതാ ഓടിവരുന്നു. തിരുമാർവ്വിൽ എന്നെ മറച്ചുകൊള്ളണമെ. എന്റെ ജീവനേ! എന്റെ ആത്മാവിന്റെ പ്രാണപ്രിയനായ നിന്നെ ഞാൻ കണ്ടെത്തിയിരിക്കുന്നു. നിന്നോടു ഞാൻ പററിച്ചേരും. നിന്റെ സ്നേഹം ഒഴികെ യാതൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല.'

—ം—

## ഗ്രീഗോറിയോസ് തിരുമേനി സീലോണിൽ



ഡൽഹി ഭദ്രാസന മെത്രാപ്പോലീത്താ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനി സിംലയിൽ എത്തി വിശ്രമാർത്ഥം താമസിച്ചു.

തിരുമേനി ജൂലൈ 12–ാം തീയതി സിംല, വൈ. എം. സി. എ. യിൽവച്ച് വി. കർബാന അർപ്പിച്ചു. സിംലയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇവിടെ ഒരു ഓർത്തഡോക്സ് മെത്രാപ്പോലീത്താ വി. കുർബ്ബാന അർപ്പിക്കുന്നതു്.

ജൂൺ 28–ാം തീയതി കേരള സമാജത്തിന്റെ ജനറൽ ബോഡിയിൽ തിരുമേനി സംബന്ധിക്കുകയും Englightment of the East and the West, എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രസംഗം നടത്തുകയും ചെയ്തു. കേരള സമാജത്തിനും, മലയാളികൾക്കും ഒരു അനുഗ്രഹവും അഭിമാനവുമായിരുന്നു തിരുമനസ്സിലെ ഇവിടുത്തെ പരിപാടികൾ.

## ഓർമ്മപ്പെരുനാൾ കൊണ്ടാടി





തിരുവിതാംകോട്ട് കെ. വി. ഗീവർഗീസ് റമ്പാച്ചന്റെ ഓർമ്മ ജൂലൈ 16–ാം തീയതിയും, മലങ്കര സഭാ മാസികയുടെ ചീഫ് എഡിററായിരുന്ന എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ ഓർമ്മ ജൂലൈ 20–ാം തീയതിയും, എഡിററായിരുന്ന ഫാ. ററി. വി. ജോർജ്ജിന്റെ (നെട്ടമാവ്) ഓർമ്മ ജൂലൈ 30–ാം തീയതിയും യഥാക്രമം ഇവർ നിത്യവിശ്രമം കൊള്ളുന്ന തിരുവിതാംകോട്ട് സെ. മേരീസ് പള്ളിയിലും, പത്താമുട്ടം സ്ളീബാ പള്ളിയിലും, നെട്ടമാവ് സെന്റ് പോൾസ് പള്ളിയിലും ഭക്തി നിർഭരമായി കൊണ്ടാടി.

### മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ



കൊല്ലം ഭദ്രാസന മെത്രാപ്പോലീത്തായും ബാഹ്യകേരളത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായുമായിരുന്ന ബഥനിയുടെ മാർ തേവോദോസ്യോസ് തിരുമനസ്സിലെ ഓർമ്മപെരുനാൾ ആഗസ്റ്റ് ആറാം തീയതി അദ്ദേഹം കബറടങ്ങിയിരിക്കുന്ന ബഥനി ആശ്രമ ചാപ്പലിൽ ഭക്തിനിർഭരമായി കൊണ്ടാടി.

### മാർ അത്താനാസ്യോസ് എപ്പിസ്ക്കോപ്പാ ഡലിഗേററ്

ചെങ്ങന്നൂർ മെത്രാസനാധിപൻ തോമസ് മാർ അത്താനാസ്യോസ് തിരുമേനിയെ അഖിലലോക സഭാകൗൺസിലിന്റെ ആഭിമുഖ്യത്തിൽ 1987 ഒക്ടോബർ 24 മുതൽ 31 വരെ സ്പെയിനിൽവച്ചു നടക്കുന്ന World Consultation on resource sharing സമ്മേളനത്തിൽ മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിക്കുന്നതിന് ഡലിഗേററായി തെരഞ്ഞെടുത്തിരിക്കുന്നു. Koinonia - Sharing life in a World Community എന്നതാണ് സമ്മേളനത്തിലെ ചർച്ചാവിഷയം.

### ഗ്വാളിയർ ഇടവക

ഗ്വാളിയർ സെ. തോമസ് ഓർത്തഡോക്സ് പള്ളി ഇടവകയുടെ മേൽനോട്ടത്തിൽ ഈ ആദ്ധ്യായന വർഷം മുതൽ ഒരു ഇംഗ്ളീഷ് മീഡിയം സ്ക്കൂൾ ആരംഭിച്ചിരിക്കുന്നു. ജൂലൈ 5–ാം തീയതി ഇടവക മെത്രാപ്പോലീത്ത ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനി സ്കൂൾ കെട്ടിടത്തിന്റെ കൂദാശനിർവഹിച്ചു. ആദ്യമായി ഈ വർഷം വിദ്യയാരംഭിച്ച കുട്ടികളെ തിരുമനസ്സുകൊണ്ടു എഴുത്തിനിരുത്തി.

### ജബൽപ്പൂർ ഇടവക

ജബൽപ്പൂർ സെ. ജോർജ്ജ് ചർച്ച് സൊസൈററിയുടെ ആഭിമുഖ്യത്തിൽ വെഹിക്കിൾ ഫാക്ടറി എസ്റേററിലുള്ള ടി. പള്ളിയുടെ പരിസരത്തു് പുതുതായി പണിതീർന്ന സെ. മേരീസ് ഇംഗ്ളീഷ് മീഡിയം സ്കൂൾ കെട്ടിടത്തിന്റെ കൂദാശ കൽക്കട്ടാ ഭദ്രാസനാധിപൻ സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ 28–6–87 വൈകിട്ട് 6 മണിക്ക് നിർവഹിച്ചു. വികാരി ഫാ. സി. ജി. പൌലോസും ഇടവകാംഗങ്ങളുമായി ധാരാളം ആളുകൾ തദവസരത്തിൽ സന്നിഹിതരായിരുന്നു.



# ബൈബിൾ പഠനം

ഡീ. എം. സി. ചെറിയാൻ

**പാഠം 57**

**തീത്തോസ്**

വിജയിയുടെ പേരും വിലാസവും

പേര്. സൂസൻ ജേക്കബ്
വിലാസം. കാരിക്കോട്ട്
വളഞ്ഞവട്ടം, തിരുവല്ല.
ഭദ്രാസനം: നിരണം.
രജി. നമ്പർ. 2516

**പാഠം 60**

**യാക്കോബ് എഴുതിയ ലേഖനം**

**പ്രവേശനഫാറം**

പേര് ..........................................
വിലാസം..........................................
ഭദ്രാസനം ..........................................
രജി: നമ്പർ....................

### പാഠം 57 ഉത്തരം

1. 46.
2. 2 (1: 5) ശേഷിച്ച കാര്യങ്ങളെ ക്രമത്തിലാക്കുക, പട്ടണംതോറും മൂപ്പന്മാരെ ആക്കിവയ്ക്കുക.
3. 3 (1: 6) കുററമില്ലാത്തവൻ, ഏകഭാര്യയുള്ളവൻ, വിശ്വാസികളായ മക്കൾ ഉള്ളവൻ.
4. 13 (1: 7–9) അനിന്ദ്യൻ, തന്നിഷ്ടമില്ലാത്തവൻ, കോപിക്കാത്തവൻ, മദ്യപ്രിയമില്ലാത്തവൻ, തല്ലാത്തവൻ, ദുർല്ലഭമോഹമില്ലാത്തവൻ, അതിഥിപ്രിയൻ, സൽഗുണപ്രിയൻ, സുബോധശീലൻ, നീതിമാൻ, നിർമ്മലൻ, ജിതേന്ദ്രിയൻ, വിശ്വാസവചനം മുറുകെ പിടിക്കുന്നവൻ.
5. 4 (2: 3–5) നടപ്പിൽ പവിത്രയോഗ്യർ, ഏഷണി പറയാത്തവർ, വീഞ്ഞിനടിമപ്പെടാത്തവർ, നന്മ ഉപദേശിക്കുന്നവർ.
6. 7 (2: 5) ഭർത്തൃപ്രിയർ, പുത്രപ്രിയർ, സുബോധമുള്ളവർ, പാതിവ്രത്യമുള്ളവർ, വീട്ടുകാര്യം നോക്കുന്നവർ, ദയയുള്ളവർ, ഭർത്താക്കന്മാർക്ക് കീഴ്പ്പെടുന്നവർ.
7. 3 (2: 8) നിർമ്മലത, ഗൗരവം, വ്യത്ഥവചനം.
8. 9 (3: 3) ബുദ്ധികെട്ടവർ, അനുസരണമില്ലാത്തവർ, വഴിതെററി നടക്കുന്നവർ, നാനാമോഹങ്ങൾക്ക് അധീനർ, ഭോഗങ്ങൾക്ക് അധീനർ, ഈർഷ്യയിൽ കാലം കഴിക്കുന്നവർ, അസൂയയിൽ കാലം കഴിക്കുന്നവർ, ദ്വേഷിതർ, അന്യോന്യം പകെക്കുന്നവർ,
9. 2 (3: 10)
10. 4 അർത്തെമാസ്, തിഹിക്കൊസ്, സേനാസ്, അപ്പൊല്ലോസ്.
11. 57

### ശരിയായ ഉത്തരം അയച്ചുതന്നവർ

1. സൂസൻ ജേക്കബ്, വളഞ്ഞവട്ടം.
2. പി. വി. വറുഗീസ്, തിരുവൻവണ്ടൂർ.
3. കെ. വി. തോമസ്, ഖരഗ്പൂർ.
4. തങ്കമ്മ ജോർജ്, കളനട.
5. ജസ്സി ജോർജ്, കുളനട.
6. സിസ്സി ജോർജ്, കുളനട.
7. സുന മെർലിൻ, കുളനട.
8. ററി. ഡി. ജോർജുകുട്ടി, മദ്രാസ്.
9. ററി. ജെ. സ്സറിയാ, തുമ്പമൺ.
10. ററി. എം. മറിയാമ്മ, പാററ്ന.
11. അജിത് പി. ജോൺ, അങ്കമാലി.
12. അബ്ബ ജോയിസ്, മാന്നുക.
13. ഗ്രേസ് പി. മാത്യു, കല്ലിശ്ശേരി.
14. മറിയാമ്മ കോശി, തഴമേൽ.
15. ജി. കുട്ടി, ചെറിയനാട്ട്.
16. മേഴ്സി ചെറിയാൻ, റെണക്കട്ട്.
17. ജെയിംസ് ഓ. എം. കീഴില്ലം.
18. വി. എം. പൗലോസ്, വയനാട്ട്.
19. ലോഫ്സൻ കെ. സി. കന്നംകുളം.
20. സാറാമ്മ മാത്യു, തുമ്പമൺ.
21. എം. വി. പൗലോസ്, ചെല്ലക്കോട്ട്,
22. മറിയാമ്മ കോശി, കല്യാൺ.

23. റിനി അലക്സ്, കവിയൂർ.
24. അമ്മിണി ചെറിയാൻ, ഇരിമ്പനം.
25. മാത്യു വറുഗീസ്, സീതത്തോട്.
26. ഷേർലി ജോൺ, മങ്ങാട്.
27. വി. സി. മാത്യു, പുനലൂർ.
28. ററി. എം. തോമസ്, ഭോപ്പാൽ.
29. പി. എം. എബ്രഹാം, കുത്താട്ടുകുളം.
30. സാറാമ്മ കുറിയാക്കോസ്, കല്ലിശ്ശേരി.
31. പി. സി. ചെറിയാൻ, ദുർഗ്ഗ്.
32. ജയ് കുര്യൻ, മൂലവട്ടം.
33. സാറാമ്മ തോമസ്, മലാട്.

## പാഠം 60

### യാക്കോബ് എഴുതിയ ലേഖനം

1. ലേഖനം എത്ര ഗോത്രങ്ങൾക്ക് എഴുതി ?
2. 'സഹോദരന്മാരെ' എത്ര പ്രാവശ്യം ?
3. പരീക്ഷ, പരീക്ഷിക്ക; ഈ വാക്കുകൾ എത്ര പ്രാവശ്യം ?
4. ദീർക്ഷമ, ദീർഘക്ഷമയ്ക്കു; ഇവ എത്ര പ്രാവശ്യം ?
5. പ്രാർത്ഥനയാൽ എത്ര മാസം മഴ പെയ്യാതിരുന്നു?
6. ലേഖനത്തിൽ പഴയനിയമ കഥാപാത്രങ്ങൾ എത്ര ?
7. ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിക്കു് എത്ര കാര്യങ്ങൾ ആവശ്യം ?
8. ധനവാന്മാർ എത്ര ദ്രോഹങ്ങൾ ചെയ്യുന്നു ?
9. മനുഷ്യജാതിയോട് മെരുങ്ങുന്നതു് എത്രവക ?
10. ആകെ വാക്യം എത്ര ?
11. ചോദ്യം 2 നെ ചോദ്യം 6 കൊണ്ടു് ഹരിക്കുക. അതിൽനിന്നും ചോദ്യം 7 കുറയ്ക്കുക. അതിനോട് ചോദ്യം 4 കൂട്ടുക. വീണ്ടും ചോദ്യം 9 കുറയ്ക്കുക. അതിനോട് ചോദ്യം 5 കൂട്ടുക. അതിനെ ചോദ്യം 3 കൊണ്ടു് ഹരിക്കുക. അതിനെ ചോദ്യം 1 കൊണ്ടു് ഗുണിക്കുക. അതിനോട് ചോദ്യം 10 കൂട്ടുക. അതിനെ ചോദ്യം 8 കൊണ്ടു് ഹരിക്കുക. നിങ്ങളുടെ ഉത്തരം എത്ര ?

പാഠം 57–ന്റെ ഉത്തരവും ശരിയായി ഉത്തരം അയച്ചുതന്നവരുടെ പേരുകളും വിജയിയുടെ പേരും മുകളിൽ ചേർത്തിരിക്കുന്നു. കൊടുത്തിരിക്കുന്ന ഉത്തരം നോക്കി അയച്ചുതന്ന ഉത്തരത്തിലെ പിശകുകൾ കണ്ടുപിടിക്കുക. അധികം അദ്ധ്യായമില്ലാത്ത ഭാഗങ്ങൾ കൂടുതൽ ശ്രദ്ധയോടെ കൂടുതൽ പ്രാവശ്യം വായിച്ചാൽ ആദ്യത്തെ 10 ഉത്തരങ്ങളും ശരിയായി അയക്കുവാൻ സാധിക്കും.

പാഠം 60–ന്റെ ഉത്തരം അടുത്ത മാസം 15–ാം തീയതിക്കു മുമ്പായി പാഠം 60, ബൈബിൾ പഠനം, C/o. Dn. M. C. Cherian, Orthodox Students Centre, Trivandrum-695 001 എന്ന വിലാസത്തിൽ അയക്കുക.

---

### ബാലസമാജം കലാമത്സരങ്ങൾ

കേന്ദ്ര മൽസരങ്ങൾ സെപ്റ്റംബർ 21–ാം തീയതി തിങ്കളാഴ്ച 9 മണി മുതൽ ചെങ്ങന്നൂർ ബഥേൽ അരമനയിൽ വച്ച് നടത്തുന്നതാണ്. ഓരോ വിഭാഗത്തിലും ഒന്നും, രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്നവരെ ഭദ്രാസനത്തിൽ നിന്നും കേന്ദ്രമൽസരത്തിനയയ്ക്കുന്നതായിരിക്കും.

### പ്രസംഗപരിശീലനക്യാമ്പ്

സെപ്റ്റംബർ 13, 14 തീയതികളിൽ കോട്ടയം സോഫിയ സെൻററിൽ വച്ച് പ്രസംഗകലയിൽ താല്പര്യമുള്ളവർക്കായി ഒരു പ്രസംഗ പരിശീലന ക്യാമ്പ് നടത്തുന്നതാണ്. പ്രസംഗകലയുടെ വിവിധ വശങ്ങളെപററിയും എങ്ങനെ ഒരു നല്ല പ്രാസംഗികനാകാം എന്നതിനെപ്പററിയും പ്രഗൽഭരായ വ്യക്തികൾ ക്ലാസെടുക്കുന്നതാണ്. 14–ാം തീയതി ഉച്ചയ്ക്കുശേഷം ഇവർക്കായി പ്രസംഗ മൽസരം നടത്തുന്നതും വിജയികൾക്ക് കാഷ് അവാർഡുകൾ നൽകുന്നതുമായിരിക്കും.

### ബാലബോധിനി

ഈ പദ്ധതി ഒരു ഭദ്രാസനത്തിൽ കേന്ദ്രത്തിലെങ്കിലും നടത്തുവാൻ ദദ്രാസന സെക്രട്ടറിമാർ ശ്രദ്ധിക്കണം. പഠനപുസ്തകവും. ഗൈഡും ഫാദർ വി. എം. എബ്രഹാമിന്റെ പക്കൽ നിന്നോ, (കോട്ടയം ഓർത്തഡോക്സ് ചർച്ച് ബുക്ക് സെൻറർ) സമാജം കേന്ദ്ര ഓഫീസിൽ നിന്നോ (ബഥേൽ അരമന ചെങ്ങന്നൂർ) ലഭിക്കുന്നതാണ്.

### വാർഷിക ക്യാമ്പ്

ഒക്ടോബർ 1, 2, 3, 4 തീയതികളിൽ നടത്തുന്നതാണ്.

### കോൺഫ്രൻസ്

ഡിസംബർ 12–ന് ചെങ്ങന്നൂർ ബഥേൽ അരമനയിൽ വച്ച് ബാലസമാജത്തിന്റെ എല്ലാ ഓർഗനൈസറന്മാരുടെയും ഒരു സമ്മേളനം നടത്തുന്നതാണ്.

### സണ്ടേസ്കൂൾ മേഖലാസമ്മേളനം

ഓർത്തഡോക്സ് സണ്ടേസ്കൂൾ അസോസ്യേഷനിലെ ഇൻസ്പെക്ടറന്മാരുടെയും ഡയറക്ടറന്മാരുടെയും ഭദ്രാസന പ്രതിനിധികളുടെയും സംയുക്ത സമ്മേളനങ്ങൾ മേഖലാടിസ്ഥാനത്തിൽ താഴെപറയുന്ന തീയതികളിൽ നടത്തപ്പെടുത്തുന്നതാണ്.

ആഗസ്റ്റ് 15– 2.30 ന് മദ്ധ്യമേഖല കോട്ടയം മാർ ഏലിയാ കത്തീഡ്രൽ. ആഗസററ് 16– 2.30–ന് ദക്ഷിണമേഖല അടൂർ കണ്ണങ്കോടുപള്ളി. സെപ്റ്റംബർ 19– 11.30– ഉത്തര മേഖല തൃശൂർ സെ. ഇഗ്നീഷ്യസ് പള്ളി.


**A MODERN FAMILY BOARDING FOR YOUR CHILDREN!!**

## CHILDREN'S DAY–CARE & BOARDING

**(English Medium) Maruthoor-Mukolakkal Road**

**TRIVANDRUM-5**

**This new family boarding is specially designed and constructed for the boarding of school children from abroad who do their schooling in Trivandrum. It is the first of its kind in Trivandrum.**

**CHILDREN'S DAY-CARE & BOARDING** provides

★ A homely atmosphere with personal caring
★ Spacious accommodations with modern sanitations
★ Extra study rooms with recreational facilities

**CHILDREN'S DAY-CARE & BOARDING** operates a boarding van to the best-ranking English Medium schools in Trivandrum.

★ St. Thomas Residential School (I. C. S. E. Scheme), Mukolakkal
★ Marthoma High School, Mukolakkal
★ Mount Lourdes High School, Vattappara
★ Sarvodaya School, Nalanchira

**CHILDREN'S DAY-CARE & BOARDING** facilitates.

★ Periodical reports to the parents on academical progress
★ Arrangement of private tuitions on weak subjects
★ Airport Services (in Trivandrum) for children visiting their parents abroad

**Most of our inmates, male and female, join us from Europe, USA and Canada. Advance booking and reservation of seats for the school-year 1988-89 continue at Goerresstr 18,5090 Leverkusen 1, West Germany.**

George Johnykutty
Director.

This institution is owned and directed by Mr. George Johnykutty, a former boarding teacher - at present a Public High School teacher in west Germany, returning to Trivandrum in April, 1988 after completing 15 years of service in teaching abroad. A boarding seat can be reserved by paying a security deposit of 250 US Dollars or 500 DM which will subsequently fall under the admission fee. The expected monthly fee including academic services is not less than Rs. 700 per month at the current stand.

Licence No. 475
11th APRIL 1946
Registered No. KL – KTM – 38

THE MALANKARA SABHA

Catholicate Office, Kottayam – 686 038

FOR FAVOURS RECEIVED



SHARON KOSHY
PASADENA,
U S A

Printed and published by Rev. Fr. T. G. Zacharia
For Orthodox Viswasa Paripalana Samathy, Kottayam
at the Catholicate Press, Kottayam-38
Chief Editor: Very. Rev. Ramban Dr. N. J. Thomas